**പതിമൂന്നാം കേരള നിയമസഭ**

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി XIII

# (SUBJECT COMMITTEE XIII)

## സാമൂഹ്യസേവനം

**(SOCIAL SERVICES)**

## പീരിയോഡിക്കൽ റിപ്പോർട്ട്

(2012 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH 2012)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ
(1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Procedure and Conduct of Business in the Kerala Legislative Assembly]

2012 ജൂലൈ 20 ാം തീയതി സമർപ്പിച്ചത്

(Presented on 20th July, 2012)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2012

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി XIII

# (SUBJECT COMMITTEE XIII)

## സാമൂഹ്യസേവനം

## (SOCIAL SERVICES)

## പീരിയോഡിക്കൽ റിപ്പോർട്ട്

(2012 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH 2012)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Procedure and Conduct of Business in the Kerala Legislative Assembly]

802/2012.

# ഉള്ളടക്കം

| | | പേജ് |
|---|---|---|
| കമ്മിറ്റിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 20 |

# സബ്ജക്റ്റ് കമ്മിറ്റി XIII

## സാമൂഹ്യസേവനം
(2011-2013)

### ഘടന

ചെയർമാൻ :

ഡോ. എം. കെ. മുനീർ,
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. എ. പി. അനിൽ കുമാർ,
പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി

കുമാരി പി. കെ. ജയലക്ഷ്മി,
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. അൻവർ സാദത്ത്

,, ചിറ്റയം ഗോപകുമാർ

,, കെ. എൻ. എ. ഖാദർ

,, റ്റി. യു. കുരുവിള

,, പുരുഷൻ കടലുണ്ടി

,, കെ. രാധാകൃഷ്ണൻ

,, ആർ. രാജേഷ്

ശ്രീമതി കെ. എസ്. സലീഖ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്

,, എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി

ശ്രീമതി ജെ. മേരി ഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി

,, എ. ഷൈല, അണ്ടർ സെക്രട്ടറി.

# അവതാരിക

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIII (2011-2013)-ന്റെ, 2011 ഏപ്രിൽ 1 മുതൽ 2012 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 232-ാം ചട്ടം ഭേദഗതി ചെയ്തതനുസരിച്ച് സബ്ജക്റ്റ് കമ്മിറ്റികളുടെ എണ്ണം 10-ൽ നിന്നും 14 ആയി പുനർനിർണ്ണയിക്കുകയുണ്ടായി. ആയതിൻപ്രകാരം പന്ത്രണ്ടാം കേരള നിയമസഭയുടെ 2010 ജൂൺ 28-ാം തീയതി നിലവിൽവന്ന സബ്ജകറ്റ് കമ്മിറ്റി XIII-ൽ പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ ചെയർമാനും ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ എക്സ്-ഒഫീഷ്യോ അംഗവും സർവ്വശ്രീ. കെ. അജിത്, എ. പി. അനിൽ കുമാർ, വി. ചെന്താമരാക്ഷൻ, കെ. കുഞ്ഞിരാമൻ, കെ. സി. കുഞ്ഞിരാമൻ, ടി. പി. കുഞ്ഞുണ്ണി, എം. കെ. പ്രേംനാഥ്, ആർ. സെൽവരാജ്, യു. സി. രാമൻ എന്നിവർ അംഗങ്ങളുമായിരുന്നു. 2011 മേയ് 14-ാം തീയതി നിയമസഭ പിരിച്ചുവിടുന്നതുവരെ പ്രസ്തുത സമിതി തുടരുകയുണ്ടായി.

സബ്ജക്റ്റ് കമ്മിറ്റി XIII, 2011 ഏപ്രിൽ 1 മുതൽ 2012 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച കാര്യങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 8 യോഗങ്ങൾ ചേരുകയുണ്ടായി. 26-7-2011, 1-8-2011, 19-8-2011 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങൾ 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ചും 17-10-2011, 27-10-2011 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങൾ 2010-11 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് പരിഗണിക്കുന്നതിനും 14-12-2011, 3-1-2012, 19-3-2012 എന്നീ തീയതികളിലെ യോഗങ്ങൾ സമിതിയുടെ പരിധിയിൽ വരുന്ന ഇതരവിഷയങ്ങൾ പരിഗണിക്കുന്നതിനും വേണ്ടിയാണ് കൂടിയത്. യോഗങ്ങളിൽ അംഗങ്ങളുടെ ശരാശരി ഹാജർനില 62% ആയിരുന്നു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളിലായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ റിപ്പോർട്ട് കാലയളവിൽ വിവിധ വിഷയങ്ങൾ സംബന്ധിച്ച സമിതിയുടെ പ്രവർത്തനങ്ങളും, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും രണ്ടാം ഭാഗത്തിൽ സമിതി പരിഗണിച്ച എസ്.ആർ.ഒ.യുടെ വിവരവും ഉൾക്കൊള്ളിച്ചിരിക്കുന്നു.

സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2012 ജൂൺ 26-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

ഡോ. എം. കെ. മുനീർ,

തിരുവനന്തപുരം, *ചെയർമാൻ,*

2012, ജൂലൈ .... *സബ്ജക്റ്റ് കമ്മിറ്റി XIII.*

# റിപ്പോർട്ട്

## ഭാഗം 1

(എ) 2011-2012 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ളതും സാമൂഹ്യ സേവനം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIII-ന്റെ പരിധിയിൽ വരുന്നതുമായ താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന 2011 ജൂലൈ 26, ആഗസ്റ്റ് 1 എന്നീ തീയതികളിൽ ചേർന്ന സമിതി യോഗങ്ങളിൽ നടത്തുകയുണ്ടായി.

ധനാഭ്യർത്ഥന നമ്പർ XXV —പട്ടികജാതി പട്ടികവർഗ്ഗ മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

ധനാഭ്യർത്ഥന നമ്പർ XLVI —സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

ഇത് സംബന്ധിച്ച കരട് റിപ്പോർട്ട് 2011 ആഗസ്റ്റ് 19-ാം തീയതി ചേർന്ന യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് 2011 സെപ്റ്റംബർ 26-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(ബി) 2011 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് 2011 ആഗസ്റ്റ് 19-ാം തീയതിയിലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് 2011 ഒക്ടോബർ 17-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി.

(സി) സബ്ജക്റ്റ് കമ്മിറ്റി VI-ന്റെ 2010-11 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ പട്ടികജാതി പട്ടികവർഗ്ഗ വികസനം, സാമൂഹ്യക്ഷേമം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതിയുടെ 2011 ഒക്ടോബർ 27-ാം തീയതിയിലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് 2011 നവംബർ 3-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി.

(ഡി) സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VI-ന്റെ 2010-11 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 118, 119, 126, 127 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം നേരിട്ടതിനുള്ള വിശദീകരണം അടങ്ങുന്ന സ്റ്റേറ്റ്മെന്റ് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമിതിയുടെ അദ്ധ്യക്ഷനായ ഡോ. എം. കെ. മുനീർ 20-3-2012-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി.

(ഇ) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235A അനുസരിച്ച് നിയമസഭ സമ്മേളിക്കാത്ത അവസരങ്ങളിൽ മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും സബ്ജക്റ്റ് കമ്മിറ്റികൾ യോഗം ചേരേണ്ടതാണെന്ന നിഷ്ക്കർഷയുടെ അടിസ്ഥാനത്തിൽ 2011-12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധനാവേളയിൽ സമിതിയുടെ ചർച്ചയ്ക്ക് വിധേയമായതും സാമൂഹ്യക്ഷേമവകുപ്പുമായി ബന്ധപ്പെട്ടതുമായ താഴെപ്പറയുന്ന വിഷയങ്ങൾ സംബന്ധിച്ച് പഠനം നടത്തുന്നതിന് സമിതി തീരുമാനിച്ചു.

(i) കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ശാക്തീകരണത്തിനുള്ള രാജീവ്ഗാന്ധി പദ്ധതി : 'സബല'യുടെ പ്രവർത്തനങ്ങൾ.

(ii) ജൂവനൈൽ ജസ്റ്റീസ് ആക്ടിൻകീഴിലുള്ള ജൂവനൈൽ ഭവനങ്ങളുടെ പ്രവർത്തനങ്ങൾ.

(iii) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ്: നിഷിന്റെ പ്രവർത്തനങ്ങൾ.

(iv) കേരള വനിതാ കമ്മീഷന്റെ പ്രവർത്തനങ്ങൾ.

(v) ശിശുക്ഷേമസമിതിയുടെ പ്രവർത്തനങ്ങൾ.

മേൽ വിഷയങ്ങൾ സംബന്ധിച്ച പ്രാഥമിക ചർച്ച 2011 ഡിസംബർ 14-ാം തീയതിയിലെ സമിതിയോഗത്തിൽ നടക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി 2012 ജനുവരി 3-ാം തീയതി സമിതി ആക്കുളത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ്-'നിഷ്' സന്ദർശിക്കുകയും ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം നേരിട്ട് വിലയിരുത്തുകയും ചെയ്തു. മേൽവിഷയങ്ങൾ സംബന്ധിച്ച സമിതിയുടെ തുടർ ചർച്ചകൾ നടന്നുവരുന്നു.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിലെ ശുപാർശകളും അവ നടപ്പിലാക്കിയത് സംബന്ധിച്ച് സർക്കാരിൽ നിന്നും ലഭിച്ച മറുപടിയും

## രണ്ടാമത് റിപ്പോർട്ട് (2002-2003)

### ശുപാർശ നമ്പർ 39

പട്ടികജാതി/മറ്റർഹ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ്, ലംപ്സം ഗ്രാന്റ്, ഹോസ്റ്റൽ ഫീസ് മുതലായവ കൊടുത്തു തീർക്കുന്നതിന് വളരെയധികം കുടിശ്ശിക വന്നിട്ടുണ്ട്. ഏകദേശം 13 കോടിയോളം വരുന്ന കുടിശ്ശിക കൊടുത്ത് തീർക്കുന്നതിന് മേൽപ്പറഞ്ഞ ഇനങ്ങളിൽ കൂടുതൽ തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2002-03 വർഷത്തിൽ പട്ടികജാതി/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് തലത്തിലും പോസ്റ്റ്മെട്രിക് തലത്തിലും വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിനുമായി പദ്ധതി/പദ്ധതിയേതര ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയേക്കാൾ കൂടുതലായി 3083.69 ലക്ഷം രൂപ ലഭ്യമാക്കുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കുടിശ്ശിക തുക കൊടുക്കുന്നതിനായി ടി തുക ചെലവഴിച്ചിട്ടുണ്ട്.

<u>ശുപാർശ നമ്പർ 45</u>

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽവരുന്ന പ്രീമെട്രിക് വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ്, ലംപ്സം ഗ്രാന്റ് തുടങ്ങിയ ഇനങ്ങളിൽ ഇപ്പോൾ വകയിരുത്തിയിട്ടുള്ള 13 കോടിക്ക് പുറമേ 3 കോടി 31 ലക്ഷം രൂപാ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2002-03 സാമ്പത്തികവർഷം പ്രീമെട്രിക് സ്റ്റഡീസ് ഇനത്തിൽ '13' കോടി രൂപ വകയിരുത്തിയിട്ടുള്ളതായി ഖണ്ഡിക 45-ൽ പ്രസ്താവിച്ചിട്ടുണ്ടെങ്കിലും, ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ പ്രസ്തുത കണക്ക് ശീർഷകത്തിൽ (2225-02-277-99-PMS Non Plan) 2,31,00,000 രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളതായി കാണുന്നുള്ളൂ. അതിൽ 58735 കുട്ടികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യത്തിനായി 2,39,35,000 രൂപ ചെലവായിട്ടുണ്ട്. ഈ ആവശ്യത്തിന് കൂടുതൽ തുക വേണ്ടിവന്നിരുന്നില്ല. നിലവിൽ ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്.

## അഞ്ചാമത് റിപ്പോർട്ട് (2005-2006)

<u>ശുപാർശ നമ്പർ 107</u>

<u>പ്രീമെട്രിക് സ്റ്റഡീസ്</u>

പട്ടികജാതിയിൽപ്പെട്ട പ്രീമെട്രിക്, ഐ.ടി.ഐ., ഐ.റ്റി.സി. വൊക്കേഷണൽ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് തുടങ്ങിയവ നൽകുന്നതിന് ഈ ഇനത്തിൽ 1030 ലക്ഷം രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. 470 ലക്ഷം രൂപ കുറവുണ്ട്. പ്രസ്തുത ആവശ്യത്തിലേക്കായി 470 ലക്ഷം കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2005-06 സാമ്പത്തികവർഷം "2225-01-277-99-പ്രീമെട്രിക് പഠനം (പദ്ധതിതരം)" എന്ന ശീർഷകത്തിൽ 1200 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ഒന്നാം ഉപധനാഭ്യർത്ഥനയിലൂടെ 100 ലക്ഷം രൂപ പിന്നീട് ലഭ്യമാക്കുകയും ചെയ്തു. അങ്ങനെ പ്രസ്തുത ശീർഷകത്തിൽ മൊത്തം ലഭിച്ച 1300 ലക്ഷം രൂപയിൽ 1291.81 ലക്ഷം രൂപ 2005-06-ൽ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

<u>ശുപാർശ നമ്പർ 108</u>

പോസ്റ്റ് മെട്രിക് തലത്തിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നതിന് പ്ലാൻ ഇനത്തിൽ 4500 ലക്ഷം രൂപയും നോൺ പ്ലാൻ ഇനത്തിൽ 1700 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 6200 ലക്ഷം രൂപയ്ക്കുള്ള ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. പ്ലാനിൽ 4500 ലക്ഷം രൂപയും നോൺ പ്ലാൻ ഇനത്തിൽ 1500 ലക്ഷം രൂപയും അനുവദിച്ചു. ആകെ 6000 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 200 ലക്ഷം രൂപയുടെ കുറവുള്ളതിനാൽ 200 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2005-06-ലെ ബഡ്ജറ്റിൽ "2225-01-277-98-പോസ്റ്റ് മെട്രിക് വിദ്യാഭ്യാസം" എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ 4500 ലക്ഷം രൂപയും പദ്ധതിയിതര ഇനത്തിൽ 1500 ലക്ഷം രൂപയും വകയിരുത്തിയിരുന്നു (പദ്ധതി/പദ്ധതിയിതര ഇനത്തിലായി മൊത്തം 6000 ലക്ഷം രൂപ) ഒന്നാം ഉപധനാഭ്യർത്ഥനയിലൂടെ പദ്ധതി ഇനത്തിൽ 1314.20 ലക്ഷം രൂപ ലഭിച്ചിരുന്നു. അങ്ങനെ മൊത്തം 7314.2 ലക്ഷം രൂപ ലഭിച്ചു. ആകെ 7561.41 ലക്ഷം രൂപ ചെലവഴിച്ചു. അധികം ചെലവഴിച്ച തുക റീ അപ്രോപ്രിയേഷനിലൂടെ ക്രമീകരിച്ചിട്ടുണ്ട്.

### ശുപാർശ നമ്പർ 109

#### സെന്റർ ഫോർ എക്സലൻസ്

കോഴിക്കോട് ഐ.ഐ.എം.-നോടനുബന്ധിച്ചുള്ള സെന്റർ ഫോർ എക്സലൻസിന്റെ പ്രവർത്തനത്തിന് 100 ലക്ഷം രൂപ വകയിരുത്തണമെന്ന് ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ആവശ്യപ്പെട്ടിരുന്നു. എന്നാൽ 30 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഇതിനായി 70 ലക്ഷം രൂപ കുറവുള്ളതിനാൽ 70 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

''2225-01-277-74-സെന്റർ ഫോർ എക്സലൻസ് (പദ്ധതിയിനം)'' എന്ന ശീർഷകത്തിൽ 2005-06 വർഷത്തെ ബഡ്ജറ്റിൽ 30 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഒന്നാം ഉപധനാഭ്യർത്ഥനയിലൂടെ 35 ലക്ഷം രൂപ ഈ ശീർഷകത്തിൽ പിന്നീട് ലഭ്യമാക്കി. ആകെ ലഭിച്ച 65 ലക്ഷം രൂപയിൽ 30 ലക്ഷം രൂപ ചെലവഴിച്ചു.

### ശുപാർശ നമ്പർ 110

ഗുരുതരരോഗം ബാധിച്ചവർക്ക് ചികിത്സാസഹായം അനുവദിക്കുന്ന ഈ പദ്ധതിക്ക് 2005-06-ലേക്ക് 100 ലക്ഷം രൂപ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ആവശ്യപ്പെട്ടിരുന്നു. എന്നാൽ 50 ലക്ഷം രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. 50 ലക്ഷം രൂപ കുറവുണ്ട്. 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2005-06 സാമ്പത്തികവർഷത്തിൽ "2225-01-282-98 (പ്ലാൻ)" എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്നതിനുപുറമെ 25 ലക്ഷം രൂപ ഉപധനാഭ്യർത്ഥന മുഖേനയും 1 കോടി രൂപ റീ-അപ്രോപ്രിയേഷൻ മുഖേനയും മൊത്തം 175 ലക്ഷം രൂപ പ്രസ്തുത ശീർഷകത്തിൽ വകകൊള്ളിക്കുകയും തുക മൊത്തമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ശുപാർശ നമ്പർ 111

സിവിൽ സർവ്വീസസ് പരീക്ഷാകേന്ദ്രത്തിന് ധനസഹായം

തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സിവിൽ സർവ്വീസസ് പരീക്ഷാ കേന്ദ്രത്തിന്റെ പ്രവർത്തനത്തിന് ഗ്രാന്റ് നൽകുന്നതിന് 40 ലക്ഷം രൂപ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 25 ലക്ഷം രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. 15 ലക്ഷം രൂപ കൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2005-06 വർഷത്തെ ബഡ്ജറ്റിൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ വകയിരുത്തിയിരുന്നു. കൂടാതെ ഒന്നാം ഉപധനാഭ്യർത്ഥനയിലൂടെ 7.5 ലക്ഷം രൂപ ലഭിച്ചു. ആകെ 32.5 ലക്ഷം രൂപ ലഭിക്കുകയും മുഴുവൻ തുകയും ചെലവാക്കുകയും ചെയ്തിട്ടുണ്ട്.

ശുപാർശ നമ്പർ 112

O.B.C., O.E.C. വിഭാഗത്തിൽപ്പെടുന്ന കുട്ടികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നതിന് "2225-03-277-99-പോസ്റ്റ് മെട്രിക് സ്റ്റഡീസ്-ഒ.ബി.സി., ഒ.ഇ.സി." എന്ന ശീർഷകത്തിൽ പ്ലാൻ ഇനത്തിൽ 500 ലക്ഷം രൂപയും നോൺ പ്ലാൻ ഇനത്തിൽ 2000 ലക്ഷം രൂപയും 2005-06-ലെ ബഡ്ജറ്റ് നിർദ്ദേശത്തിൽ ആവശ്യപ്പെട്ടിരുന്നു. (ആകെ 2500 ലക്ഷം). എന്നാൽ പ്ലാൻ ഇനത്തിൽ 105 ലക്ഷം രൂപയും നോൻ പ്ലാൻ ഇനത്തിൽ 1700 ലക്ഷവും ഉൾപ്പെടെ 1805 ലക്ഷം രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. ആകയാൽ 695 ലക്ഷം രൂപ കൂടി ഈയിനത്തിൽ അധികമായി ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2005-06 സാമ്പത്തികവർഷത്തിൽ പദ്ധതിയിനത്തിൽ 105 ലക്ഷം രൂപയും പദ്ധതിയിതരയിനത്തിൽ 1700 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. ഉപധനാഭ്യർത്ഥന യിലൂടെ പദ്ധതിയിതര ഇനത്തിൽ 1597.5 ലക്ഷം രൂപ ലഭിച്ചു. പദ്ധതി/പദ്ധതിയിതര ഇനത്തിൽ മൊത്തം 3402.5 ലക്ഷം രൂപയും പുനഃക്രമീകരണംവഴി 64.13 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 3466.63 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ശുപാർശ നമ്പർ 113

പ്രീമെട്രിക് സ്റ്റഡീസ്

പ്രീമെട്രിക് ഐ.റ്റി.സി., ഐ.റ്റി.ഐ., വൊക്കേഷണൽ സ്ഥാപനങ്ങളിൽ പഠിക്കുന്ന ഒ.ഇ.സി. വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നതിന് മേൽ ശീർഷകത്തിൽ പ്ലാനിൽ 200 ലക്ഷം രൂപയും നോൺ പ്ലാൻ ഇനത്തിൽ 400 ലക്ഷം രൂപയും ഉൾപ്പെടെ 600 ലക്ഷം രൂപ ബഡ്ജറ്റ് നിർദ്ദേശത്തിൽ ആവശ്യപ്പെട്ടുവെങ്കിലും പ്ലാൻ ഇനത്തിൽ 50 ലക്ഷവും നോൺ പ്ലാൻ ഇനത്തിൽ 269 ലക്ഷവും ഉൾപ്പെടെ 319 ലക്ഷം രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. പ്ലാനിൽ 150 ലക്ഷവും നോൺ പ്ലാനിൽ 131 ലക്ഷവും ഉൾപ്പെടെ 281 ലക്ഷം രൂപയുടെ കുറവുള്ളതിനാൽ 281 ലക്ഷം രൂപ കൂടി അധികമായി ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

2005-06 വർഷത്തെ ബഡ്ജറ്റിൽ 2225-03-277-98 പ്രീ-മെട്രിക് സ്റ്റഡീസ് എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ 50 ലക്ഷം രൂപയും പദ്ധതിയിതര ഇനത്തിൽ 269 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. ഒന്നാം ഉപധനാഭ്യർത്ഥനയിലൂടെ പദ്ധതിയിതര ഇനത്തിൽ 50 ലക്ഷം രൂപ കൂടി ലഭിച്ചു. പദ്ധതിയിനത്തിലും പദ്ധതിയിതരയിനത്തിലുമായി ആകെ 369 ലക്ഷം രൂപ ലഭിച്ചതിൽ 328.25 ലക്ഷം രൂപ ചെലവഴിച്ചു.

## ശുപാർശ നമ്പർ 118 ആന്റ് 119

ഭൂരഹിത ആദിവാസികൾക്ക് വാസയോഗ്യമായ ഭൂമി കണ്ടെത്തി പുനരധിവാസ പ്രവർത്തനം നടത്തുന്നതിന് രൂപീകരിച്ച ആദിവാസി പുനരധിവാസ മിഷൻ വിവിധ ജില്ലകളിലായി ഇതുവരെ 32058 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 5173.92 ഏക്കർ ഭൂമി നൽകുകയും പ്രസ്തുത സ്ഥലങ്ങളിൽ വിവിധ വികസന പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തുവരുന്നു. 2005-06-ലേക്ക് ഈ ആവശ്യത്തിന് പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഈ ശീർഷകത്തിൽ 10 കോടി രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. പ്രസ്തുത പുനരധിവാസ വികസന പ്രവർത്തനങ്ങൾക്ക് കൂടുതൽ തുക ആവശ്യമാകയാൽ 100 കോടി രൂപ കൂടി പ്രത്യേക ശീർഷകത്തിൽ അനുവദിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

ആദിവാസി പുനരധിവാസ വികസന പ്രവർത്തനങ്ങൾക്ക് 2005-06 സാമ്പത്തിക വർഷത്തിൽ സമിതിയുടെ ശുപാർശപ്രകാരമുള്ള തുക അനുവദിക്കുകയുണ്ടായില്ല.

## ശുപാർശ നമ്പർ 120

### കേരള പട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷന് ധനസഹായം

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷന് ചെറുവന ഉൽപ്പന്നങ്ങളുടെ ശേഖരണവുമായി ബന്ധപ്പെട്ട പരിപാടികൾക്കായി 2005-06 വർഷത്തെ ബഡ്ജറ്റിൽ ടോക്കൺ വിഹിതമായി 1,000 രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ഈ പദ്ധതിക്ക് ലഭിച്ചിട്ടുള്ള കേന്ദ്രസഹായം പൂർണ്ണമായി വിനിയോഗിക്കുന്നതിനുവേണ്ടി ഈ ശീർഷകത്തിൽ 175 കോടി രൂപ ഈ സാമ്പത്തിക വർഷം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷന് ചെറുവന ഉൽപ്പന്നങ്ങളുടെ ശേഖരണവുമായി ബന്ധപ്പെട്ട പരിപാടികൾക്കായി 2005-06 സാമ്പത്തിക വർഷത്തിൽ സമിതിയുടെ ശുപാർശപ്രകാരമുള്ള 175 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## രണ്ടാമത് റിപ്പോർട്ട് (2007-08)

### ശുപാർശ നമ്പർ 90

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെകീഴിൽ പ്രവർത്തിക്കുന്ന ഐ.റ്റി.സി. കളിൽ പഴയ ട്രേഡുകൾ മാത്രം നിലവിലുള്ളതിനാൽ പലപ്പോഴും പല ട്രേഡുകളിലും വിദ്യാർത്ഥികളെ ലഭിക്കാത്ത സാഹചര്യമുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ നിലവാരമുള്ള സ്വകാര്യ ഐ.റ്റി.സി.കളിൽ വന്നിട്ടുള്ള പുതിയ ട്രേഡുകൾ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെകീഴിലുള്ള സ്ഥാപനത്തിലും തുടങ്ങണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള കട്ടമല, റാന്നി, പുത്തേടം എന്നീ മൂന്ന് ഐ.റ്റി.സി.കളിലായി ഇലക്ട്രീഷ്യൻ, കാർപ്പന്ററി, പ്ലംബിംഗ് എന്നീ മൂന്ന് ട്രേഡുകൾ നടത്തിവരുന്നു. ഈ കോഴ്സുകൾ കാലഘട്ടത്തിന് അനുസൃതമായ രീതിയിൽ നവീകരിച്ച് തൊഴിൽസാദ്ധ്യത ഉറപ്പുവരുത്തുന്നതിന് വ്യവസായിക പരിശീലന വകുപ്പിന്റെ സഹായത്തോടെ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതാണ്.

പട്ടികജാതി വികസന വകുപ്പിന്റെകീഴിൽ 2008 വർഷത്തിനുശേഷം കോഴിക്കോട് ജില്ലയിലെ ഏലത്തൂർ ഐ.ടി.സി.-യിൽ ഡ്രൈവർ-കം-മെക്കാനിക് എന്ന ആറുമാസ ട്രേഡും, തൂണേരി ഐ.ടി.സി.-യിൽ ഏറെ തൊഴിൽസാദ്ധ്യതയുള്ള ഡി/സിവിൽ ട്രേഡും, കാസർഗോഡ് ജില്ലയിലെ ബേള ഐ.ടി.സി.-യിൽ വെൽഡർ (ഗ്യാസ് & ഇലക്ട്രിക്) ട്രേഡും, തൃശ്ശൂർ ജില്ലയിലെ വരവൂർ ഐ.ടി.സി.-യിൽ മെക്കാനിക്കൽ മോട്ടോർ വെഹിക്കിൾ എന്ന ആറുമാസ ട്രേഡും ആരംഭിച്ചിട്ടുണ്ട്. കൂടാതെ പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള ആറ് ഐ.ടി.സി.-കളായ മര്യാപുരം, വെട്ടിക്കവല, പന്തളം, മാടപ്പള്ളി, കേരളാധീശ്വരപുരം, ചെറുവത്തൂർ എന്നീ സ്ഥാപനങ്ങളിൽ COPA, ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ ആധുനിക കംപ്യൂട്ടർ ട്രേഡുകൾ ആരംഭിക്കുന്നതിനും, അതോടൊപ്പം വകുപ്പിലെ മറ്റ് ഐ.ടി.സി.-കളിൽ നിലവിലുള്ള കാലഹരണപ്പെട്ട ട്രേഡുകൾക്കുപകരം പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

### ശുപാർശ നമ്പർ 91

മെട്രിക്കുലേഷനുശേഷമുള്ള പഠനങ്ങൾ (100% കേന്ദ്രാവിഷ്ക്കൃത പദ്ധതി)

പോസ്റ്റ് മെട്രിക് ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, ട്യൂഷൻ ഫീസ്, മെസ് ഫീസ് എന്നീ വിദ്യാഭ്യാസാനുകൂല്യങ്ങളിൽ 2001-നുശേഷം വർദ്ധനവ് ഉണ്ടായിട്ടില്ല. പ്രസ്തുത ആനുകൂല്യങ്ങളിൽ 15 മുതൽ 20% വരെ വർദ്ധനവ് വരുത്തുന്നതിന് ഉദ്ദേശിക്കുന്നതിനാൽ പ്ലാൻ ഇനത്തിൽ 20 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2007-08-ൽ പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതിന് 2225-01-277-98 എന്ന ശീർഷകത്തിൽ പ്ളാനിൽ 8000 ലക്ഷം രൂപയും നോൺ പ്ളാനിൽ 1600 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. അതിൽ പ്ളാനിൽ 800 ലക്ഷം രൂപയും നോൺ പ്ളാനിൽ 967.61 ലക്ഷം രൂപയും ചെലവഴിച്ചു. ഈ ശീർഷകത്തിൽ അധിക തുക ആവശ്യമായി വരാത്തതിനാൽ കൂടുതൽ തുക ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതായിവന്നില്ല.

ശുപാർശ നമ്പർ 92

സെന്റർ ഓഫ് എക്സലൻസ്

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മാനേജ്മെന്റ് സ്റ്റഡീസ്, ബയോ ടെക്നോളജി, ലൈഫ് സയൻസ് തുടങ്ങിയ വികസിത മേഖലകളിൽ മത്സരിക്കുന്നതിനുള്ള കഴിവും യോഗ്യതയും വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള ഈ സ്ഥാപനത്തിനായി ഗവൺമെന്റിന്റേയും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റേയും സഹായത്തോടെ ഒരു കെട്ടിടം പണിയുന്നതിനായി അനുവദിച്ച 100 ലക്ഷം രൂപയ്ക്ക് പുറമേ 150 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2007-08 വർഷം 2225-01-277-74 ശീർഷകത്തിൽ വകയിരുത്തിയിരുന്ന തുക പര്യാപ്തമായിരുന്നതിനാൽ അധിക തുക വകയിരുത്തേണ്ടിവന്നിട്ടില്ല.

ശുപാർശ നമ്പർ 100

പാരാ മെഡിക്കൽ വിദ്യാഭ്യാസം

പട്ടികജാതി വിദ്യാർത്ഥികൾക്കുവേണ്ടി പുതിയ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് പയ്യന്നൂർ, കുഴൽമന്ദം, തിരുവനന്തപുരം എന്നിവിടങ്ങളിൽ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നതിനാൽ ഈ ഇനത്തിൽ അനുവദിച്ച 200 ലക്ഷം രൂപയ്ക്ക് പുറമേ 200 ലക്ഷം അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2007-08 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിരുന്ന തുക പര്യാപ്തമായതിനാൽ അധിക തുക വകയിരുത്തേണ്ടിവന്നിട്ടില്ല.

ശുപാർശ നമ്പർ 103

ഒ.ബി.സി./ഒ.ഇ.സി. വിഭാഗക്കാരുടെ മെട്രിക്കുലേഷനുശേഷമുള്ള പഠനം

മറ്റർഹ സമുദായങ്ങളിലെയും മറ്റു പിന്നോക്ക വിഭാഗങ്ങളിലെയും പോസ്റ്റ് മെട്രിക്/കോളേജ് തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, ട്യൂഷൻ ഫീസ്, പരീക്ഷാഫീസ് എന്നിവ നൽകുന്നതിനുള്ള ഈ പദ്ധതിയിലെ മുൻവർഷങ്ങളിലെ കുടിശ്ശിക നൽകുന്നതിനുവേണ്ടി 20 കോടി രൂപ അധികമായി പദ്ധതിയിനത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2007-08 സാമ്പത്തിക വർഷം 2225-03-277-99 എന്ന ശീർഷകത്തിൽ മറ്റർഹ സമുദായങ്ങളിലേയും മറ്റ് പിന്നോക്ക വിഭാഗങ്ങളിലേയും പോസ്റ്റ് മെട്രിക്/കോളേജ് തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, ട്യൂഷൻ ഫീസ്, പരീക്ഷാഫീസ് എന്നിവ നൽകുന്നതിനായി പദ്ധതിയിനത്തിൽ മുൻ വർഷങ്ങളിലെ കുടിശ്ശിക തീർക്കുന്നതിന് 20 കോടി രൂപ അധികമായി പദ്ധതിയിന ത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുകയും കുടിശ്ശിക ഉണ്ടായിരുന്ന തുക മുഴുവൻ കൊടുത്തുതീർക്കുകയും ചെയ്തിട്ടുണ്ട്.

ശുപാർശ നമ്പർ 105

ഇന്റർവ്യൂവിനും മത്സരപരീക്ഷകൾക്കും പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്കുള്ള യാത്രാചെലവ്

സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ജോലി ലഭിക്കുന്നതിനുവേണ്ടി മത്സരപരീക്ഷ/കൂടികാഴ്ചയിൽ പങ്കെടുക്കുന്ന പട്ടികജാതി ഉദ്യോഗാർത്ഥികൾക്ക് യാത്രാബത്ത നൽകുന്നതിനായി ഈ വർഷം 7.38 ലക്ഷം രൂപ കൂടി അനുവദിക്കണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2007-08 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിരുന്ന തുക പര്യാപ്തമായിരുന്നതിനാൽ അധിക തുക വകയിരുത്തേണ്ടതായിവന്നിട്ടില്ല എന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

ശുപാർശ നമ്പർ 116

സംസ്ഥാനത്തെ ഭൂരഹിത പട്ടികവർഗ്ഗക്കാരുടെ പുനരധിവാസ വികസന പ്രവർത്തന ങ്ങളുടെ നടത്തിപ്പിന് 5 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ആദിവാസി പുനരധിവാസ വികസന പ്രവർത്തനങ്ങൾക്ക് 2007-08 സാമ്പത്തിക വർഷത്തിൽ സമിതിയുടെ ശുപാർശപ്രകാരമുള്ള തുക അനുവദിക്കുകയുണ്ടായില്ല.

## മൂന്നാമത് റിപ്പോർട്ട് (2008-09)

ശുപാർശ നമ്പർ 119

കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് മുന്നോക്ക വിഭാഗത്തിൽപ്പെട്ട കോളേജ് വിദ്യാർത്ഥികൾക്ക് ഫീസ് സൗജന്യം നൽകുന്നതിനും പോസ്റ്റ് ഗ്രാജ്വേറ്റ്/ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, ഫീസ് സൗജന്യം എന്നിവ നൽകുന്നതിനുമായി തുക വകയിരുത്തിയിരിക്കുന്ന ഈയിനത്തിൽ

വിദ്യാഭ്യാസാനുകൂല്യങ്ങൾ 50% വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നതിനാൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുകയ്ക്ക് പുറമേ 6 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

കെ.പി.സി.ആർ. വിഭാഗം വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് തുകകൾ വർദ്ധിപ്പിച്ചുകൊണ്ടും ഇവ ലഭിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി 42,000 രൂപ യായി ഏകീകരിച്ചുകൊണ്ടും 24-2-2010-ൽ പുറപ്പെടുവിച്ച സ.ഉ.(എംഎസ്.) 22/10/പജപ വവിവ. നമ്പർ ഉത്തരവ് 2010-11 അദ്ധ്യയനവർഷം മുതലാണ് പ്രാബല്യത്തിൽ വന്നതെ ന്നതിനാൽ 2225-80-800-99 എന്ന ശീർഷകത്തിൽ 2009-10 അദ്ധ്യയനവർഷം വകയിരുത്തി യിരുന്ന തുക പര്യാപ്തമായിരുന്നു.

## നാലാമത് റിപ്പോർട്ട് (2009-10)

### ശുപാർശ നമ്പർ 146

പ്രോജക്ടധിഷ്ഠിത സമീപനം ഉൾക്കൊണ്ടുകൊണ്ട് നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് സർക്കാർ വകുപ്പുകൾ, കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയ വയിൽനിന്നും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർ എടുത്ത 25,000 രൂപവരെയുള്ള വായ്പ, പലിശ, പിഴപ്പലിശ സഹിതം എഴുതിത്തള്ളുന്നതാണെന്ന് ബഡ്ജറ്റ് പ്രസംഗ ത്തിൽ പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ പദ്ധതിയിനത്തിൽ 2500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2009-10 സാമ്പത്തിക വർഷം "2225-01-800-57-പൂൾഡ് ഫണ്ട് ഫോർ എസ്.സി.പി. (പ്ലാൻ)" എന്ന ശീർഷകത്തിൽ 4254 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. പ്രോജക്ടധിഷ്ഠിത സമീപനം ഉൾക്കൊണ്ട് പരിപാടികൾക്ക് അംഗീകാരം നൽകി നടപ്പിലാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പട്ടികജാതി വിഭാഗക്കാർ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽനിന്നും എടുത്തിട്ടുള്ളതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ 25,000 രൂപവരെയുള്ള വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ 25,000 രൂപവരെ എഴുതിത്തള്ളുന്നതിനുവേണ്ടി 800 ലക്ഷം രൂപ ടി ശീർഷകത്തിൽ ഒന്നാം ഉപധനാഭ്യർത്ഥനയിലൂടെ ലഭിക്കുകയുണ്ടായി. 2009-10 വർഷത്തിലെ പദ്ധതിവിഹിതത്തിൽ ഉണ്ടായ വർദ്ധനവിന് ആനുപാതികമായി അവസാന ബാച്ച് ഉപധനാഭ്യർത്ഥനയിലൂടെ 2557 ലക്ഷം രൂപയും ടി ശീർഷകത്തിൽ ലഭിച്ചു. കൂടാതെ, 230.22 ലക്ഷം രൂപ ധനപുനർവിനിയോഗത്തിലുടേയും ലഭ്യമാക്കുകയുണ്ടായി. മേൽ ശീർഷകത്തിൽ 2009-10-ൽ മൊത്തം 7841.22 ലക്ഷം രൂപ ലഭിച്ചു. അതിൽ 7834.94 ലക്ഷം രൂപ ചെലവഴിച്ചു. ഇതിൽ 10919 ഗുണഭോക്താക്കളുടെ കടം എഴുതിത്തള്ളുന്നതിന് 6.41 കോടി രൂപ പട്ടികജാതി പട്ടികവർഗ്ഗ കോർപ്പറേഷന് നൽകിയിട്ടുണ്ട്. കൂടാതെ 2576.02 ലക്ഷം രൂപ ടി ശീർഷകത്തിൽ നിന്നും മാറി കടം എഴുതി തള്ളുന്നതിനായി പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ ടി.പി. അക്കൗണ്ടിൽ നിക്ഷേപിക്കു കയും ചെയ്തിട്ടുണ്ട്.

## ശുപാർശ നമ്പർ 147

### പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള നാഷണൽ ട്രേഡ് ആന്റ് ആർട്സ് ഫെസ്റ്റിവൽ

പട്ടികജാതിക്കാർക്ക് അവരുടെ തനതായ കഴിവും പരമ്പരാഗതമായ കലാവാസനയും ഉപയോഗിച്ച് നിർമ്മിക്കുന്ന വസ്തുക്കളുടെ വിപണനത്തിനും പ്രോത്സാഹനത്തിനുമായി തുക വകയിരുത്തിയിരിക്കുന്ന ഈ പദ്ധതിപ്രകാരം മൂന്നു റീജിയണലിലായി ട്രേഡ് ഫെയറുകൾ സംഘടിപ്പിക്കുന്നതിനും ന്യൂഡൽഹിയിൽ വച്ചു നടക്കുന്ന നാഷണൽ ട്രേഡ് ഫെയറിൽ പങ്കെടുപ്പിക്കുന്നതിനും ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ല. സ്റ്റാളിൽ നിൽക്കുന്ന 52 അംഗങ്ങൾക്കുള്ള ഡി.എ. വർദ്ധിപ്പിക്കുന്നതിന് ശുപാർശയുള്ളതിനാലും ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2009-10 സാമ്പത്തിക വർഷം പ്രസ്തുത 2225-01-800-44(Plan) ശീർഷകത്തിൽ തുക അപര്യാപ്തമായതിനാൽ റീ അപ്രോപ്രിയേഷൻ മുഖേന 4,50,000 രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്.

## ശുപാർശ നമ്പർ 148

നഴ്സറി ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി കുട്ടികളുടെ പോഷകാഹാര ചെലവ് നിലവിലുള്ള 5 രൂപയിൽ നിന്നും 10 രൂപയായി വർദ്ധിപ്പിക്കുന്നതിനും ടീച്ചർമാരുടെ വേതനം വർദ്ധിപ്പിക്കുന്നതിനും ശുപാർശ ചെയ്തിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ട പദ്ധതിയായ പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിനായി 2225-01-277-79 (Plan) എന്ന ശീർഷകത്തിൽ 2009-10 വർഷത്തിൽ 60 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ടി തുക പര്യാപ്തമായിരുന്നു. നടപ്പു സാമ്പത്തിക വർഷം ടി ശീർഷകത്തിൽ 80 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ അധികമായി 20 ലക്ഷം രൂപ കൂടി നടപ്പ് സാമ്പത്തിക വർഷം ടി ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്.

## ശുപാർശ നമ്പർ 155

കടാശ്വാസ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗക്കാരുടെ കടങ്ങൾ എഴുതിത്തള്ളാനുള്ള ബാദ്ധ്യത അധികമായി വകുപ്പ് ഏറ്റെടുക്കേണ്ടതുള്ളതുകൊണ്ട് ഈ ശീർഷകത്തിൽ 7 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 7,728.34 ലക്ഷം രൂപ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ പേരിലുള്ള റ്റി.പി. അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

<u>ശുപാർശ നമ്പർ 160</u>

20 ശതമാനത്തിൽ കൂടുതൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകളിലെയും പട്ടികവർഗ്ഗ മേഖലകളിലെ ആശുപത്രികളിലെയും പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

"2225-02-800-35-പട്ടികവർഗ്ഗ പ്രദേശത്തുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ'' എന്ന ശീർഷകത്തിൽ 20 ലക്ഷം രൂപ കൂടി അധികമായി ലഭിക്കുന്നതിന് ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തുന്നതിനുള്ള ശുപാർശ സമർപ്പിച്ചിരുന്നുവെങ്കിലും ധനകാര്യവകുപ്പ് തുക അനുവദിച്ചിരുന്നില്ല.

<u>ശുപാർശ നമ്പർ 161</u>

<u>വിദ്യാർത്ഥികൾക്ക് ഗുണമേന്മവിദ്യാഭ്യാസം ഉറപ്പുവരുത്തൽ</u>

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് സ്കൂളുകളിലെ അഡ്മിഷൻ നൂറ് ശതമാനം ഉറപ്പുവരുത്തുക, ഹോസ്റ്റർ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, പഠനനിലവാരം നിശ്ചയിക്കുന്നതിന് ടെസ്റ്റ് നടത്തുക, പരിഹാര അദ്ധ്യായനം നടത്തുക, പ്രവേശന പരീക്ഷകളിൽ പങ്കെടുക്കുന്നതിന് മാർഗ്ഗനിദ്ദേശം നൽകുക തുടങ്ങിയ പരിപാടികൾ ഉൾപ്പെടുത്തിയിരിക്കുന്ന ഈ പദ്ധതിയുടെ പൂർത്തീകരണത്തിലേക്ക് 300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

'2225-02-800-33-ഗാരന്റീയിംഗ്-ക്വാളിറ്റി എഡ്യൂക്കേഷൻ ACA പ്ലാൻ' ശീർഷകത്തിൽ 2009-10 സാമ്പത്തിക വർഷം 2,65,37,000 രൂപ വകയിരുത്തുകയും പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അദ്ധ്യയന നിലവാരം വർദ്ധിപ്പിക്കുന്നതിനും വിവിധപരിപാടികൾ പ്രവേശന പരീക്ഷാ പരിശീലനം മെച്ചപ്പെട്ട പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിനും, പട്ടികവർഗ്ഗ വികസന വകുപ്പിലെ ആശ്രമ/മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ശാസ്ത്രപോഷിണി ലാബ് സ്ഥാപിക്കൽ എസ്.എസ്.എൽ.സി. പ്ലസ് ടു വിദ്യാർത്ഥികൾക്ക് പരീക്ഷ മികവുറ്റ രീതിയിൽ എഴുതുന്നതിനും ഉപരിപഠന സാദ്ധ്യതകളെപ്പറ്റിയും മറ്റും അവബോധം ഉണ്ടാക്കുന്നതിന് 'സഹവാസ ക്യാമ്പ്' സംഘടിപ്പിക്കൽ എന്നിവയ്ക്കായി 2,64,88,000 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ അധിക വകയിരുത്തൽ ആവശ്യമായി വന്നിട്ടില്ല.

## ശുപാർശ നമ്പർ 162

### കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനുള്ള കമ്മീഷൻ സഹായധനം

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനുള്ള കമ്മീഷനിലെ അംഗങ്ങളുടെയും ജീവനക്കാരുടെയും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് മാത്രം 80 ലക്ഷം രൂപയോളം ആവശ്യമായി വരുന്ന സാഹചര്യത്തിൽ ഇപ്പോൾ (2009-10) അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ കമ്മീഷന്റെ പഠനങ്ങൾക്കും, ഓഫീസ് ആവശ്യങ്ങൾക്കും വാഹനം വാങ്ങുന്നതിനുമായി 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2009-10 സാമ്പത്തിക വർഷം വിഹിതം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു എങ്കിലും തുക വർദ്ധിപ്പിക്കാനായില്ല. 2011-12 സാമ്പത്തിക വർഷം പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷന് 79.20 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി നൽകിയിട്ടുണ്ട്. ടി ശുപാർശയിൻമേൽ പുതിയ കമ്മീഷൻ അധികാരമേൽക്കുന്ന മുറയ്ക്ക് ബഡ്ജറ്റ് വിഹിതം ഉയർത്തുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കുവാൻ പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## ശുപാർശ നമ്പർ 176

ICDS-ന്റെ വിവിധ ഇനങ്ങളിൽ അനുവദിച്ചിരുന്ന തുകകളിൽ കേന്ദ്ര ഗവൺമെന്റ് വർദ്ധനവ് വരുത്തിയിട്ടുള്ളതിനാൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാകയാൽ 20 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

ഐ.സി.ഡി.എസിന്റെ വിവിധ ഇനങ്ങൾക്കായി 2009-10 സാമ്പത്തിക വർഷം 19,000 ലക്ഷം രൂപ വകയിരുത്തിയിരുന്നുവെങ്കിലും 19776.7 ലക്ഷം രൂപ ചെലവാകുകയുണ്ടായി. അധികം വേണ്ടി വന്ന 776.73 ലക്ഷം രൂപ ധനപുനർവിനിയോഗം വഴി കണ്ടെത്തിയിട്ടുണ്ട്. 2010-11 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി 241.36 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## ശുപാർശ നമ്പർ 177

### അഡോപ്ഷൻ സെൽ

നിയമാനുസൃതമായ ദത്തെടുക്കൽ സംബന്ധിച്ച് ജനങ്ങളിൽ അവബോധം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടുകൂടി ദത്തെടുക്കൽ ഇൻഫർമേഷൻ സെന്റർ എന്ന നിലയിൽ അവയർനെസ്സ് ക്ലാസ്സുകളും, സർവ്വേകളും സംഘടിപ്പിക്കുക, ദൃശ്യ-ശ്രാവ്യ-പത്ര മാധ്യമങ്ങളിലൂടെയുള്ള പരസ്യം, ഡോക്കുമെന്റേഷൻ തുടങ്ങി പദ്ധതികളുടെ ആവിഷ്കരണത്തിന് ഇപ്പോൾ അനുവദിച്ച തുകയ്ക്കു പുറമേ 40 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ടി ശീർഷകത്തിൽ 10 ലക്ഷം രൂപ വകയിരുത്തിയതിൽ മുഴുവൻ തുകയും ചെല വഴിച്ചിട്ടുണ്ട്. ഈ തുക ദൃശ്യ-ശ്രാവ്യ-പത്രമാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങൾക്കായി മതിയാകുമെന്നതിനാൽ അധികം തുക അനുവദിക്കേണ്ട ആവശ്യമില്ല.

<u>ശുപാർശ നമ്പർ 178</u>

എസ്.എൻ.പി. അനുസരിച്ച് ഓരോ ഗുണഭോക്താവിനുമുള്ള തുക കേന്ദ്ര സർക്കാർ ഇരട്ടിയാക്കിയിട്ടുണ്ട്. ബഡ്ജറ്റ് പ്രൊവിഷൻ ഉണ്ടെങ്കിൽ മാത്രമേ വർദ്ധിപ്പിച്ച ആനുകൂല്യം കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാക്കുകയുള്ളൂ എന്നതിനാൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള തുകയ്ക്ക് പുറമേ 45 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2009-10 സാമ്പത്തിക വർഷം കുട്ടികൾക്കുവേണ്ടിയുള്ള പോഷകാഹാര പരിപാടിക്കായി ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയ 45 കോടി രൂപയും ധനപുനർ വിനിയോഗം വഴി അനുവദിച്ച 36,01,62,000 രൂപ ഉൾപ്പെടെ 81,01,62,000 രൂപ ടി സാമ്പത്തിക വർഷം തന്നെ ചെലവഴിച്ചിട്ടുണ്ട്.

<u>ശുപാർശ നമ്പർ 185</u>

സമൂഹത്തിന്റെ സ്വാഭാവിക മാറ്റങ്ങൾക്കനുസൃതമായി സ്ത്രീകളുടെയും കുട്ടികളു ടെയും സമഗ്രവികസനം, വികസന പങ്കാളിയായി സ്ത്രീയെ അംഗീകരിക്കുക തുടങ്ങിയ ലക്ഷ്യം വയ്ക്കുന്ന ഈ പ്രോജക്ടിനായി ഈ വർഷം 3.68 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ബഡ്ജറ്റിൽ 1 കോടി രൂപ മാത്രമേ വകയിരു ത്തിയിട്ടുള്ളൂ. അംഗൻവാടി കേന്ദ്രങ്ങളുടെ കെട്ടിട നിർമ്മാണത്തിനായി 500 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അംഗൻവാടി കേന്ദ്രങ്ങളെ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള റിസോഴ്സ് സെന്ററുകളായി വികസിപ്പിക്കുന്നതിന്റെ ഭാഗമായി 2009-10 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ ഒരു കോടി രൂപയിൽ 77,41,000 രൂപ മാത്രമേ പ്രസ്തുത പ്രവൃത്തിയ്ക്കായി ചെലവഴിക്കാൻ കഴിഞ്ഞുള്ളൂ.

<u>ശുപാർശ നമ്പർ 195</u>

<u>കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ</u>

എഴുപത് ശതമാനത്തോളം വികലാംഗർ ജോലി ചെയ്യുന്ന ഈ സ്ഥാപനത്തിന്റെ നടത്തിപ്പിനും ഭരണ നിർവ്വഹണ ചെലവുകൾക്കുമായി തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ സ്ഥാപനത്തിൽ ഭരണപരമായ ചെലവുകൾക്കായി 50 ലക്ഷം രൂപ പദ്ധതിയേതരയിനത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാരിന്റെ ഇപ്പോഴത്തെ സാമ്പത്തിക പരിമിതിമൂലം പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഭരണപരമായ ചെലവുകൾക്ക് തുക വകയിരുത്തുന്നതിന് നിർവ്വാഹ മില്ലെന്ന വിവരം അറിയിക്കുന്നു.

ശുപാർശ നമ്പർ 197

കേരള വനിതാ കമ്മീഷൻ

കേരള വനിതാ കമ്മീഷന് പദ്ധതിയേതര ഇനത്തിൽ 1,88,07,000 രൂപ ആവശ്യപ്പെ ട്ടുവെങ്കിലും ആകെ വകയിരുത്തിയിരിക്കുന്നത് 1,49,22,000 രൂപ മാത്രമാണ്. ശമ്പളം, മെഡിക്കൽ റീഇംബേഴ്സ്മെന്റ്, വൈദ്യുതി ചെലവ്, കെട്ടിട വാടക, വാഹനങ്ങളുടെ അറ്റകുറ്റപ്പണി, പി.ഒ.എൽ. എന്നീ ഇനങ്ങൾക്ക് വകയിരുത്തിയിരിക്കുന്ന തുക വളരെ കുറവായതിനാൽ കമ്മീഷൻ ആവശ്യപ്പെട്ട മുഴുവൻ തുകയും ഈ ഇനത്തിൽ വകയിരു ത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള വനിതാ കമ്മീഷന് മെഡിക്കൽ റീഇംബേഴ്സ്മെന്റ്, വൈദ്യുതി ചാർജ്ജ് എന്നിവയ്ക്കായി യഥാക്രമം 1,50,000 രൂപയും 75,000 രൂപയും അധിക ധനാനുമതിയി ലൂടെ അനുവദിച്ചിട്ടുണ്ട്. കമ്മീഷൻ അധിക തുക ആവശ്യപ്പെട്ടിരുന്ന ശീർഷകങ്ങളിൽ തുക അവശേഷിച്ചിരുന്നതിനാൽ അധിക തുക അനുവദിക്കാൻ നിർവ്വാഹമില്ലായിരുന്നു. 2235-02-103-90-45 പി.ഒ.എൽ. ഇനത്തിൽ 50,000 രൂപ റീ അപ്രോപ്രിയേഷൻ വഴി അനുവദിച്ചിട്ടുണ്ട്.

ശുപാർശ നമ്പർ 204

കേരള സംസ്ഥാന സാമൂഹ്യക്ഷേമബോർഡ്—അംശദാനം

കേരള സംസ്ഥാന സാമൂഹ്യക്ഷേമബോർഡിന്റെ ഭരണ ചെലവുകളുടെ 50% ഉം ചെയർപേഴ്സണ് നൽകേണ്ടതായ ഓണറേറിയത്തിൽ 100% സംസ്ഥാന സർക്കാർ സാമൂഹ്യക്ഷേമ ബോർഡിന് ലഭ്യമാക്കേണ്ടതാണ്. ഇപ്പോൾ വളരെ കുറഞ്ഞ തുകയാണ് ചെയർപേഴ്സണ് ഓണറേറിയം ഇനത്തിൽ സംസ്ഥാന സർക്കാർ അനുവദിച്ചി ട്ടുള്ളത്. ആയതിനാൽ ചെയർപേഴ്സണുള്ള ഓണറേറിയം കുറഞ്ഞത് പ്രതിമാസം 5,000 രൂപയാക്കി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള സംസ്ഥാന സാമൂഹ്യക്ഷേമബോർഡ് ചെയർപേഴ്സണുള്ള ഓണറേറിയം കുറഞ്ഞത് പ്രതിമാസം 5,000 രൂപയാക്കി വർദ്ധിപ്പിക്കണമെന്നത് സംബന്ധിച്ച തീരുമാനം സർക്കാർ പരിശോധിക്കുന്നതാണ്.

ശുപാർശ നമ്പർ 205

ബോർഡിന്റെ ഭരണ ചെലവുകൾക്കായി 38,28,669 രൂപയും ചെയർപേഴ്സന്റെ ഓണറേറിയം ഇനത്തിൽ 2,32,390 രൂപയും വകയിരുത്തേണ്ടതുണ്ട്. ആയതിനാൽ 40,61,059 രൂപ ഈയിനത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാമൂഹ്യക്ഷേമബോർഡ് ചെയർപേഴ്സണുള്ള ഹോണറേറിയം കുടിശ്ശികയിനത്തിൽ 2,32,390 രൂപ 24-2-2010-ലെ ജി.ഒ.(ആർറ്റി.) 106/10/സാക്ഷേവ ഉത്തരവ് പ്രകാരം ബോർഡിന് അനുവദിച്ച് നൽകിയിട്ടുണ്ട്. ബോർഡിന്റെ ഭരണ ചെലവുകൾക്കായി 38,28,669 രൂപ വകയിരുത്തുന്നത് സംബന്ധിച്ച വിശദമായ പ്രൊപ്പോസൽ ബോർഡിൽ നിന്നും ലഭ്യമാക്കി പരിശോധിക്കുന്നതാണ്.

## അഞ്ചാമത് റിപ്പോർട്ട് (2010-2011)

സബ്ജക്ട് കമ്മിറ്റി VI-ന്റെ 2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ പട്ടികജാതി പട്ടികവർഗ്ഗ വികസനം, സാമൂഹ്യക്ഷേമം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട 95, 96, 97, 98, 99, 100, 101, 102, 103, 104, 105, 106, 107, 109, 111, 112, 113, 114, 115, 116, 123, 124, 125, 128, 129, 130, 131, 132, 133 എന്നീ ഖണ്ഡികകളിലെ ശുപാർശകളിൻമേൽ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിച്ച നടപടി സ്റ്റേറ്റുമെന്റുകൾ ഉൾക്കൊളളിച്ചുകൊണ്ടുളള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2011 നവംബർ മൂന്നാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി.

ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിച്ചതിനുശേഷം ലഭ്യമായ 94, 101, 118, 119, 126, 127 എന്നീ ഖണ്ഡികകളിലെ ശുപാർശകളിൽ സാമൂഹ്യക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട 118, 119, 126, 127 എന്നീ ഖണ്ഡികകളിലെ ശുപാർശകളിൻമേൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം നേരിട്ടതിനുളള വിശദീകരണം ഉൾക്കൊളളുന്ന സ്റ്റേറ്റുമെന്റ് സമിതി ചെയർമാനും പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയുമായ ഡോ. എം. കെ. മുനീർ 20-3-2012-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി.

ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചതിനുശേഷം ലഭ്യമായ നടപടി സ്റ്റേറ്റുമെന്റുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

ശുപാർശ നമ്പർ 94

വയോജന വിദ്യാഭ്യാസം ഗ്രന്ഥശാലാ സംഘത്തിന് 1970-ൽ കൈമാറിയ ലൈബ്രറികളിലെ ലൈബ്രേറിയൻമാരുടെ ശമ്പളവും പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിലേക്ക് 14 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നപടി

2010-2011 സാമ്പത്തികവർഷം പ്രസ്തുത ശീർഷകത്തിൽ തുക പര്യാപ്തമായിരുന്നതിനാൽ അധിക തുക വകയിരുത്തേണ്ടതായി വന്നിട്ടില്ല. 2010-2011 സാമ്പത്തിക വർഷം 7.26 ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ 7.15 ലക്ഷം രൂപ ചെലവഴിക്കുകയും 0.11 ലക്ഷം രൂപ സറണ്ടർ ചെയ്യുകയും ചെയ്തു.

## ശുപാർശ നമ്പർ 101

## സാധുക്കളായ പട്ടികജാതിക്കാരുടെ വൈദ്യ ചികിത്സയ്ക്കും വിവാഹ ആവശ്യത്തിനും ധനസഹായം

ഗുരുതരമായി രോഗം പിടിപെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതിക്കാർക്ക് ഡോക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 25,000 രൂപ വരെ ധനസഹായം നൽകുക, സാധുക്കളായ പട്ടികജാതിക്കാരുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകുക എന്നിവയാണ് ഈ പദ്ധതിയിലൂടെ നടത്തിവരുന്നത്. വിവാഹ ധനസഹായം 10,000 രൂപയിൽ നിന്ന് 20,000 രൂപയായി വർദ്ധിപ്പിക്കുകയും ചികിത്സാ ധനസഹായം നൽകേണ്ടവരുടെ എണ്ണം വർദ്ധിപ്പിച്ചിരിക്കുന്നതിനാലും ഈ പദ്ധതിക്ക് ഈ സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

2010-11 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ 950 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഈ തുക അപര്യാപ്തമായതിനാൽ റീ-അപ്രോപ്രിയേഷൻ മുഖേന 5 കോടി രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി വകയിരുത്തുകയുണ്ടായി. അപ്രകാരം 2010-2011 സാമ്പത്തിക വർഷം 1450 ലക്ഷം രൂപ അനുവദിച്ചതിൽ ചികിത്സാ ധനസഹായത്തിനായി 535 ലക്ഷം രൂപയും വിവാഹ ധനസഹായത്തിനായി 915 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

## ശുപാർശ നമ്പർ 118

സമൂഹത്തിന്റെ സ്വാഭാവിക മാറ്റങ്ങൾക്കനുസൃതമായി സ്ത്രീകളുടേയും, കുട്ടികളുടേയും സമഗ്രവികസനം, വികസന പങ്കാളിയായി സ്ത്രീ അംഗീകരിക്കപ്പെടുക എന്നീ ലക്ഷ്യങ്ങളുള്ള ഈ പദ്ധതിയിൻകീഴിൽ അംഗൻവാടികളിൽ ലഭ്യമാക്കിയിട്ടുള്ള കമ്പ്യൂട്ടറുകളുടെ മെയിന്റനൻസ്, വിദ്യാഭ്യാസപരമായ സി.ഡി.കൾ ലഭ്യമാക്കുക, കൂടാതെ ശോച്യാവസ്ഥയിലുള്ള അംഗൻവാടി കെട്ടിടനിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന 100 ലക്ഷം രൂപ തികച്ചും അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ 35 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

നിയമസഭാ കമ്മിറ്റിയുടെ ശുപാർശ പ്രകാരം 2010-11 സാമ്പത്തിക വർഷം പ്രസ്തുത പ്രവൃത്തിക്കായി ഉപധനാഭ്യർത്ഥന പ്രകാരം അധിക തുക വകയിരുത്തുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും അധികമായി തുക ലഭ്യമാക്കുകയുണ്ടായില്ല. അംഗൻവാടി കെട്ടിട നിർമ്മാണം സംസ്ഥാന സർക്കാർ സഹായം, പഞ്ചായത്ത് സഹായം, വിവിധ ഏജൻസികൾ നൽകുന്ന സഹായം എന്നിവയിലൂടെയാണ് നിർവ്വഹിച്ചു വരുന്നത്. 2010-11 സാമ്പത്തിക വർഷം 2235-02-800-90 (പി) എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന തുക വിനിയോഗിച്ച് ഗിരിവർഗ്ഗ തീരദേശ പ്രദേശങ്ങളിലെ ഏതാനും ചില അംഗൻവാടികൾക്ക് കെട്ടിട നിർമ്മാണം നടത്തിയിട്ടുണ്ട്.

## ശുപാർശ നമ്പർ 119

അംഗൻവാടി വർക്കർമാർ, ഹെൽപ്പർമാർ എന്നിവർക്ക് നൽകിവരുന്ന ഓണറേറിയം വളരെ തുച്ഛമാണെന്നും ഇത് കാലാനുസൃതമായി വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണെന്നും സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ അംഗൻവാടി വർക്കർമാർ, ഹെൽപ്പർമാർ എന്നിവർക്ക് കുറഞ്ഞത് ദിവസം 125 രൂപ എന്ന കേന്ദ്ര തൊഴിലുറപ്പു പദ്ധതി പ്രകാരമുള്ള നിരക്കിലെങ്കിലും ഇത് വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

അംഗൻവാടി വർക്കർമാർ/ഹെൽപ്പർമാരുടെ ഓണറേറിയത്തിൽ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇവർക്ക് നിലവിൽ നൽകി വരുന്ന ഓണറേറിയം ചുവടെ ചേർക്കും പ്രകാരമാണ്.

| | | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | ആകെ |
|---|---|---|---|---|
| 1 | നോൺമെട്രിക്കുലേറ്റ് | 2938 | 1000 | 3938 |
| 2 | നോൺമെട്രിക്കുലേറ്റ് 5 വർഷത്തിനുമേൽ സർവ്വീസുള്ളവർ | 2969 | 1000 | 3969 |
| 3 | നോൺമെട്രിക്കുലേറ്റ് 10 വർഷത്തിനുമേൽ സർവ്വീസുള്ളവർ | 3000 | 1000 | 4000 |
| 4 | മെട്രിക്കുലേറ്റ് | 3000 | 1000 | 4000 |
| 5 | മെട്രിക്കുലേറ്റ് 5 വർഷത്തിനുമേൽ സർവ്വീസുള്ളവർ | 3031 | 1000 | 4031 |
| 6 | മെട്രിക്കുലേറ്റ് 10 വർഷത്തിനുമേൽ സർവ്വീസുള്ളവർ | 3063 | 1000 | 4063 |
| 7 | അംഗൻവാടി ഹെൽപ്പർ | 1500 | 1000 | 2500 |

## ശുപാർശ നമ്പർ 126

ഈ ശീർഷകത്തിൽ 2010-11 വർഷം വകയിരുത്തിയിരിക്കുന്ന 84 ലക്ഷം രൂപയിൽ നിന്നും സെമിനാർ/വർക്ക്ഷോപ്പുകൾ എന്നിവയ്ക്കുള്ള ചെലവുകൾ കൂടി വഹിക്കാവുന്ന തരത്തിൽ പ്ലാൻ റൈറ്റ് അപ്പിൽ ആവശ്യമായ കൂട്ടിച്ചേർക്കലുകൾ നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സെമിനാർ, വർക്ക്ഷോപ്പുകൾ എന്നിവയ്ക്കുള്ള ചെലവുകൾ കൂടി ഉൾപ്പെടുത്തി 2010-11 സാമ്പത്തിക വർഷത്തിൽ 2235-02-103-95 സ്റ്റാറ്റ്യൂട്ടറി വിമൻസ് കമ്മീഷൻ ശീർഷ കത്തിൽ നിന്നും 84 ലക്ഷം രൂപ അനുവദിച്ച് ഭരണാനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സമിതി ശുപാർശ ചെയ്ത പ്രകാരം അധിക തുക അനുവദിക്കു ന്നതിനായി പ്രൊപ്പോസൽ ധനകാര്യ വകുപ്പിൽ അയച്ചിരുന്നു.

<u>ശുപാർശ നമ്പർ 127</u>

മെഡിക്കൽ റീഇംബേഴ്സ്മെന്റ്, വാട്ടർ ചാർജ്ജ്, കറന്റ് ചാർജ്ജ് എന്നീ ഇനങ്ങൾക്കും മോട്ടോർ വാഹനങ്ങൾ വാങ്ങൽ എന്നിവ ഉൾപ്പെടെയുള്ള പദ്ധതിയിതര ചെലവുകൾക്കായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈയിനത്തിൽ അധികമായി 25,18,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

മെഡിക്കൽ റീഇംബേഴ്സ്മെന്റ്, വാട്ടർ ചാർജ്ജ്, കറന്റ് ചാർജ്ജ് എന്നീ ഇനങ്ങൾക്കും മോട്ടോർ വാഹനങ്ങൾ വാങ്ങൽ എന്നിവ ഉൾപ്പെടെയുള്ള പദ്ധതിയിതര ചെലവുകൾക്കുമായി 1-2-2011-ലെ സ.ഉ (സാധാ)നമ്പർ 795/11/ധന പ്രകാരം 6 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. [2235-02-103-95-06 (നോൺ പ്ലാൻ) ശീർഷകത്തിൽ 5 ലക്ഷം രൂപയും, 2235-02-103-95-45 (നോൺപ്ലാൻ) ശീർഷകത്തിൽ 1 ലക്ഷം രൂപയും]

**ഭാഗം 2**

<u>എസ്. ആർ. ഒ.യുടെ പരിഗണന:</u>

(1) 2010-ലെ സാമൂഹ്യക്ഷേമ സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങൾ എസ്. ആർ. ഒ. നമ്പർ 814/2010 പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

ഡോ. എം. കെ. മുനീർ,

തിരുവനന്തപുരം,
2012, ജൂലൈ ...........

*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി XIII.*

## അനുബന്ധം I

### 2011 ജൂലൈ 26-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIII, 2011 ജൂലൈ മാസം 26-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'IV-B' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയുമായ ഡോ. എം. കെ. മുനീറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ശ്രീ. എ. പി. അനിൽ കുമാറും പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി കുമാരി പി. കെ. ജയലക്ഷ്മിയും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു :

ഹാജരായ അംഗങ്ങൾ :

1. ശ്രീ. അൻവർ സാദത്ത് എം.എൽ.എ.
2. ശ്രീ. ചിറ്റയം ഗോപകുമാർ ,,
3. ശ്രീ. കെ. എൻ. എ. ഖാദർ ,,
4. ശ്രീ. റ്റി. യു. കുരുവിള ,,
5. ശ്രീ. പുരുഷൻ കടലുണ്ടി ,,
6. ശ്രീ. കെ. രാധാകൃഷ്ണൻ ,,
7. ശ്രീ. ആർ. രാജേഷ് ,,
8. ശ്രീമതി കെ. എസ്. സലീഖ ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ജെ. മേരി ഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എ. ഷൈല, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. എസ്. സുബ്ബയ്യ, പ്രിൻസിപ്പൽ സെക്രട്ടറി, എസ്.സി./എസ്.ടി. വകുപ്പ്
2. ശ്രീ. വി. കെ. പത്മനാഭൻ, സെക്രട്ടറി, എസ്.സി./എസ്.ടി. വകുപ്പ്
3. ശ്രീമതി ആനിയമ്മ ജോസഫ്, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീ. എം. എ. ഫ്രാൻസിസ്, അഡീഷണൽ സെക്രട്ടറി, പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പ്

5. ശ്രീ. പി. പി. ഗോപി, ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്

6. ശ്രീ. കെ. എം. മോഹനൻ, എം.ഡി., കെ.എസ്.ഡി.സി. ഫോർ എസ്.സി./എസ്.ടി. ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്, തൃശ്ശൂർ

7. ശ്രീ. എസ്. ബിമൽഘോഷ്, എം.ഡി., KSDC for CC's from SC and RC (Ltd.), Kottayam

8. ശ്രീ. ജി. ഋഷികേശൻ നായർ, ഡെപ്യൂട്ടി ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്

9. ശ്രീ. ജോസ്, ജോയിന്റ് ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്

10. ശ്രീമതി കെ. സുജാത, എം.ഡി. (ഇൻ-ചാർജ്ജ്), കേരള സ്റ്റേറ്റ് ബാക്ക്വേർഡ് ക്ലാസ്സസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

11. കുമാരി ലക്ഷ്മി പി. മേനോൻ, രജിസ്ട്രാർ, എസ്.സി./എസ്.ടി. കമ്മീഷൻ

12. ശ്രീ. എസ്. ഹരികൃഷ്ണൻ, സീനിയർ ഫിനാൻസ് ഓഫീസർ, പട്ടികജാതി വികസന വകുപ്പ്

13. ശ്രീ. വി. പി. കുട്ടിശങ്കരൻ, സീനിയർ ഫിനാൻസ് ഓഫീസർ.

2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയുടെ ഭാഗമായി പട്ടികജാതി പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം സംബന്ധിച്ച ധനാഭ്യർത്ഥന നമ്പർ XXV പരിഗണനയ്ക്കെടുത്തു. ഇതിലേക്കായി വകുപ്പിൽ നിന്നും ലഭ്യമായ കുറിപ്പുകൾ പരിശോധിക്കുകയും ആവശ്യമായ സന്ദർഭ ങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിവരങ്ങൾ ആരായുകയും അതിന്റെ വെളിച്ചത്തിൽ താഴെപ്പറയും പ്രകാരം ഗവൺമെന്റിലേക്ക് ശുപാർശകൾ നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു.

ധനാഭ്യർത്ഥനകളുടെ പരിശോധനാവേളയിൽ വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങൾ വിലയിരുത്തിയ സമിതി താഴെപ്പറയുന്ന വിഷയങ്ങൾ സംബന്ധിച്ച് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും രേഖപ്പെടുത്തുകയുണ്ടായി.

<u>പട്ടികവർഗ്ഗ കലാവ്യാപാരമേളകൾ</u>

സംസ്ഥാനത്തുടനീളം പട്ടികവർഗ്ഗ കലാവ്യാപാരമേളകൾ സംഘടിപ്പിക്കേണ്ടതാ ണെന്നും ഇതിനായി മേഖലാടിസ്ഥാനത്തിൽ കൂടുതൽ കേന്ദ്രങ്ങൾ കണ്ടെത്തേണ്ടതാ ണെന്നും സമിതി നിർദ്ദേശിച്ചു.

<u>പ്രാക്തന ഗോത്രവർഗ്ഗക്കാർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി</u>

ആകെയുള്ള 6500 പ്രാക്തന ഗോത്രകുടുംബങ്ങളിൽ 4500 കുടുംബങ്ങളെ അഞ്ച് വർഷക്കാലത്തേക്ക് ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷന്റെ 'ജനശ്രീ ബീമാ യോജന' പദ്ധതി മുഖേന ഇൻഷ്വർ ചെയ്തിട്ടുള്ളതായും ബാക്കിയുണ്ടായിരുന്ന കുടുംബങ്ങളെ കഴിഞ്ഞവർഷം ഇൻഷ്വർ ചെയ്തിട്ടുള്ളതായും ചോദ്യത്തിന് മറുപടിയായി വകുപ്പ് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

## ധാന്യബാങ്ക് പദ്ധതി

പ്രസ്തുത പദ്ധതി സംബന്ധിച്ച സമിതി അംഗങ്ങളുടെ സംശയങ്ങൾക്ക് പട്ടികവർഗ്ഗ മേഖലകളിൽ അനുഭവപ്പെടുന്ന ഗുരുതരമായ ഭക്ഷ്യക്ഷാമം പരിഹരിക്കുന്ന തിനായി ആരംഭിച്ച ധാന്യബാങ്ക് പദ്ധതി പട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേ ഷൻ മുഖേനയാണ് നടപ്പാക്കിയിരുന്നതെന്നും ധാന്യങ്ങൾ സംഭരിക്കുന്നതിനും സൂക്ഷിക്കു ന്നതിനും ഫെഡറേഷന്റെ കീഴിൽ ഗോഡൗണുകൾ ഇല്ലാത്തതിനാൽ പദ്ധതി നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യം സംജാതമാകുകയുണ്ടായതായും ഇപ്പോൾ പ്രസ്തുത പദ്ധതി സിവിൽ സപ്ലൈസ് വകുപ്പുവഴി നടപ്പിലാക്കിവരുന്നതായും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

## പട്ടികവർഗ്ഗ മ്യൂസിയങ്ങൾ

വിദേശിയരെ ആകർഷിക്കത്തക്കരീതിയിൽ ആദിവാസികളുടെ പരമ്പരാഗത ജീവിതശൈലി തനതായ രീതിയിൽ ആവിഷ്ക്കരിച്ചുകൊണ്ട് മ്യൂസിയങ്ങൾ നിർമ്മിക്കു കയും അവിടെ ആദിവാസികൾ പരമ്പരാഗതമായി ഉപയോഗിക്കുന്ന സാധനങ്ങളും അവരുണ്ടാക്കുന്ന ഉല്പന്നങ്ങളും പ്രദർശിപ്പിക്കേണ്ടതാണെന്നും ഈ വിഷയം സംബന്ധിച്ച് പഠനം നടത്തുന്ന വിദ്യാർത്ഥികൾക്കായി റിക്കാർഡുകളും പേപ്പറുകളും ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നത് വിദ്യാർത്ഥികൾക്ക് ഏറെ ഗുണകരമായിരിക്കു മെന്ന് സമിതി അഭിപ്രായപ്പെട്ടു.

## ദൃശ്യ-ശ്രാവ്യ സാമഗ്രികളും ഇലക്ട്രോണിക്സ് ഡേറ്റാ പ്രോസസ്സിംഗ് ഘടകം സ്ഥാപിക്കലും

പട്ടികജാതി വികസന ഡയറക്ടറേറ്റിലും ജില്ലാ ഓഫീസുകളിലും ഇ-ഗവേണൻസിന് ഊന്നൽ നൽകിക്കൊണ്ടുള്ള നവീകരണം ലക്ഷ്യമിടുന്നതായും, ഇതിൽ ഇ-ഹൗസിംഗ്, ഇ-ഗ്രാന്റ്സ് തുടങ്ങി നിരവധി കാര്യങ്ങൾ നടപ്പിലാക്കി കഴിഞ്ഞതായും സമിതിയിൽ വ്യക്തമാക്കപ്പെട്ടു. ആയത് സംബന്ധിച്ച വിശദവിവരങ്ങളും സംസ്ഥാനത്ത് നിലവിലുള്ള 22 പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദവിവരങ്ങളും എല്ലാ എം.എൽ.എ.മാർക്കും എത്തിച്ച് കൊടുക്കേണ്ടതാണെന്നും സമിതി ആവശ്യപ്പെട്ടു.

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ കീഴിൽ വനിതകൾക്കായുള്ള ഓട്ടോ വായ്പാ പദ്ധതിയിൽ ഡീസൽ ഓട്ടോ കൂടി ഉൾപ്പെടുത്തണ മെന്ന് സമിതി ആവശ്യപ്പെട്ടു.

സാധുക്കളായ പട്ടികജാതിക്കാരുടെ വൈദ്യചികിത്സയ്ക്കും വിവാഹാവശ്യത്തിനും ധനസഹായം സംബന്ധിച്ച 2009-2010 വർഷത്തിൽ ചെലവായതിനെക്കാൾ 200% ത്തിലധികം വർദ്ധനവ് 2010-2011 വർഷത്തിൽ ഉണ്ടായത് എങ്ങനെയാണെന്ന് സമിതി ആരാഞ്ഞു.

2009-10 വർഷത്തിൽ ഗവൺമെന്റ് ഡോക്ടറുടെ ശുപാർശ നിർബന്ധമായിരുന്നതി നാലും 2010-2011 വർഷമായപ്പോഴേക്കും ഏത് ഡോക്ടർ ശുപാർശ ചെയ്താലുംമതി എന്ന നിർദ്ദേശം ലഭിച്ച സാഹചര്യത്തിൽ അതനുസരിച്ച് അപേക്ഷകളുടെ എണ്ണത്തിൽ വളരെയധികം വർദ്ധനവുണ്ടായതായും വകുപ്പ് ഉദ്യോഗസ്ഥർ വ്യക്തമാക്കി.

ഇത്തരത്തിൽ അപേക്ഷകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായ സാഹചര്യം വ്യക്തമായി പരിശോധിച്ച് കുറച്ചുകൂടി നിയന്ത്രണം ഏർപ്പെടുത്തേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുകയും പ്രസ്തുത വിഷയം പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

തുടർന്ന് സമിതി പട്ടികജാതി പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം സംബന്ധിച്ച ധനാഭ്യർത്ഥന നമ്പർ XXV സൂക്ഷ്മ പരിശോധന നടത്തുകയും താഴെപ്പറയും പ്രകാരം ശുപാർശ ചെയ്യുകയും ചെയ്തു :

മെട്രിക്കുലേഷന് ശേഷമുള്ള പഠനങ്ങൾ (100% കേന്ദ്രാവിഷ്കൃത പദ്ധതി)

മെഡിക്കൽ, ആയുർവ്വേദം, ഹോമിയോപ്പതി, എഞ്ചിനീയറിംഗ്, ലാ, അഗ്രികൾച്ചർ, വെറ്ററിനറി, പോളിടെക്നിക്കുകൾ, ബിസിനസ്സ് മാനേജ്മെന്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉപയോഗിക്കുന്നതിനുവേണ്ട പുസ്തകങ്ങൾ, അലമാര എന്നിവ വാങ്ങുന്നതിനായി ഇത്തരം സ്ഥാപനങ്ങളിലെ ലൈബ്രറികൾക്ക് ധനസഹായം നൽകുന്നതിനുള്ള 'ബുക്ക് ബാങ്ക്' പദ്ധതിക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 55 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

നൈപുണ്യമുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം

4-ാം ക്ലാസ്സിലും 7-ാം ക്ലാസ്സിലും പഠിക്കുന്ന മിടുക്കരായ വിദ്യാർത്ഥികളെ മത്സര പരീക്ഷകളിലൂടെ കണ്ടെത്തി മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനാവശ്യമായ സ്കോളർഷിപ്പുകളും മറ്റ് പഠനസൗകര്യങ്ങളും നൽകുന്നതിനും എസ്.എസ്.എൽ.സി., ഹയർ സെക്കന്ററി, ബിരുദം, ബിരുദാനന്തരബിരുദം, പ്രൊഫഷണൽ കോഴ്സുകൾ എന്നീ പരീക്ഷകളിൽ വിജയിക്കുന്ന പ്രഗത്ഭരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്നതിനുമായുള്ള ഈ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 186 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

മുൻകാലങ്ങളിൽ വൃത്തിഹീനമായ തൊഴിലിൽ ഏർപ്പെട്ടിരുന്ന പട്ടികജാതിക്കാരുടെ ആശ്രിതരുടെ ഉന്നമനം (കേന്ദ്രാവിഷ്കൃതം—100% കേന്ദ്രസഹായം)

സാമൂഹ്യനീതിയും ശാക്തീകരണവും മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം ശുചിത്വഹീന തൊഴിലുകൾ, തുകൽ നിർമ്മാണം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ആശ്രിതരായ പാവപ്പെട്ട കുട്ടികൾക്ക് സ്റ്റൈപ്പന്റ്, ലംപ്സം ഗ്രാന്റ്, ഹോസ്റ്റലുകളിൽ താമസിക്കുന്ന കുട്ടികൾക്ക് പ്രതിമാസ അലവൻസ് എന്നിവ നൽകുന്നതിന് ലക്ഷ്യമിടുന്ന ഈ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 26 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

സാധുക്കളായ പട്ടികജാതിക്കാരുടെ വൈദ്യചികിത്സയ്ക്കും വിവാഹ ആവശ്യത്തിനും ധനസഹായം (ജില്ലാ പദ്ധതി)

ഗുരുതരമായ രോഗം പിടിപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതിക്കാർക്ക് ഡോക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 25,000 രൂപവരെ ധനസഹായം ഈ പദ്ധതി പ്രകാരം നൽകിവരുന്നു. കൂടാതെ ഈ പദ്ധതി പ്രകാരം സാധുക്കളായ പട്ടികജാതിക്കാരുടെ പെൺമക്കളുടെ വിവാഹസമയത്ത് ഉണ്ടാകുന്ന ചെലവുകളുടെ ഭാരം ലഘൂകരിക്കുന്നതിനുവേണ്ടി ധനസഹായം നൽകിവരുന്നു.

ചികിത്സാധനസഹായം നൽകേണ്ടവരുടെ എണ്ണം വർദ്ധിക്കുന്നതിനാലും സാധുക്കളായ പട്ടികജാതിക്കാരുടെ പെൺമക്കളുടെ വിവാഹധനസഹായം 10,000 രൂപയിൽനിന്നും 20,000 രൂപയായി വർദ്ധിപ്പിച്ചതിനാലും ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

ഭൂരഹിതർക്ക് ഭൂമി (എസ്.സി.പി.)

ഭവന നിർമ്മാണത്തിന് സ്വന്തമായി സ്ഥലമില്ലാത്ത എല്ലാ പട്ടികജാതിക്കാർക്കും ഭവന നിർമ്മാണത്തിന് സ്വന്തമായി സ്ഥലം വാങ്ങി നൽകുക എന്ന സർക്കാരിന്റെ നയം നടപ്പാക്കുന്നതിലേക്കായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

വയോജന വിദ്യാഭ്യാസം

പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്നതും, 1970-ൽ കേരള ഗ്രന്ഥശാലാ സംഘത്തിന് കൈമാറിയതുമായ ലൈബ്രറികളിലെ ലൈബ്രേറിയൻമാർക്ക് ശമ്പളവും പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 14 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

പ്രീ മെട്രിക് ഹോസ്റ്റലുകളിലെ ട്യൂട്ടോറിയിൽ സമ്പ്രദായം

പ്രീ മെട്രിക് ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന ഹൈസ്കൂളിലെയും അപ്പർ പ്രൈമറി സ്കൂളിലേയും വിദ്യാർത്ഥികൾക്ക് കണക്ക്, സയൻസ്, ഇംഗ്ലീഷ്, ഹിന്ദി എന്നീ വിഷയങ്ങളിൽ ട്യൂഷൻ നൽകുന്നതിനുള്ള പദ്ധതിയാണിത്. ട്യൂഷൻ അദ്ധ്യാപകരുടെ വേതനം വർദ്ധിപ്പിക്കുന്നതിന് ശുപാർശ ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

**പട്ടികവർഗ്ഗവികസനം**

ഗിരിവർഗ്ഗ ഹോസ്റ്റൽ

പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നേടുന്നതിനുള്ള അനുകൂലസാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിലേക്ക് പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ നവീകരിച്ച് മെച്ചപ്പെടുത്തുന്നതിനും സ്കൂളുകൾക്ക് സമീപത്ത് താമസവും ഭക്ഷണവും ലഭ്യമാക്കുക എന്നത് ലക്ഷ്യമിടുന്ന ഈ പദ്ധതിയുടെ നടത്തിപ്പിലേക്കായി

ഈ വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 295 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

മോഡൽ റസിഡൻഷ്യൽ സ്കൂൾ, സി.ബി.എസ്.ഇ. പാറ്റേൺ—ഞാറനീലി, നെടുമങ്ങാട്

ഡോക്ടർ അംബേദ്ക്കർ സ്മാരക സി.ബി.എസ്.ഇ. മോഡൽ റസിഡൻഷ്യൽ സ്കൂളിൽ 296 കുട്ടികളുടെ ദൈനംദിന ചെലവുകൾക്കായി 17,76,000 രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

അശ്രാമം സ്കൂൾ/മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നിവയുടെ നടത്തിപ്പ്

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 15 അശ്രാമം/മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലായി 4614 കുട്ടികൾ പഠിക്കുന്നുണ്ട്. ഈ സ്കൂളുകളിലെ കുട്ടികളുടെ ഭക്ഷണ ചെലവ് 1 മുതൽ 10 വരെ ക്ലാസ്സുകളിലേക്ക് 700 രൂപയിൽ നിന്നും 1,300 രൂപയായും, +1, +2 ക്ലാസ്സുകളിലേക്ക് 900 രൂപയിൽ നിന്നും 1,500 രൂപയായും വർദ്ധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 277 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂൾ

ഇടുക്കി, പൂക്കോട് (വയനാട്) എന്നിവിടങ്ങളിലുള്ള രണ്ട് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലായി 457 കുട്ടികൾ പഠിക്കുന്നതായും പ്രസ്തുത സ്കൂളുകളുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 27,42,000 രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

സാമൂഹ്യപ്രവർത്തകർ

വിദ്യാസമ്പന്നരായ പട്ടികവർഗ്ഗ യുവാക്കളെ പട്ടികവർഗ്ഗ പ്രദേശങ്ങളിൽ സാമൂഹ്യ പ്രേരക്മാരായി പ്രവർത്തിക്കുന്നതിനും, പട്ടികവർഗ്ഗ വികസന പദ്ധതികളുടെ ഗുണഫലങ്ങൾ പട്ടികവർഗ്ഗ ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനും പ്രേരക്മാരായി നിയമിച്ചിട്ടുണ്ട്. ഗുണഭോക്താക്കളേയും വികസന വകുപ്പുകളേയും പഞ്ചായത്തുകളേയും ബന്ധിപ്പിക്കുന്ന കണ്ണിയായി പ്രവർത്തിക്കുന്ന ഇത്തരം പ്രമോട്ടർമാർക്ക് നൽകിവരുന്ന ഓണറേറിയം 2,500 രൂപയിൽനിന്നും 4,000 രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്തു. ഈ ആവശ്യത്തിലേക്ക് 300 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

ക്ഷയം, കുഷ്ഠം, വിളർച്ച തുടങ്ങിയ അസുഖങ്ങൾ ബാധിച്ച പട്ടികവർഗ്ഗക്കാരുടെ ചികിത്സയും പുനരധിവാസവും

പട്ടികവർഗ്ഗ സങ്കേതങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക, ചികിത്സയ്ക്കായുള്ള ധനസഹായം നൽകുക, രോഗികളെ അടുത്തുള്ള ആശുപത്രിയിൽ എത്തിക്കുക, അവർക്ക് പോഷകാഹാരങ്ങളും ആവശ്യമായ മരുന്നും നൽകുക, രോഗം ഭേദപ്പെട്ടവരെ പുനരധിവസിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് ഈ പദ്ധതിയുടെ

ഘടകങ്ങൾ. വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ചികിത്സാധനസഹായം നൽകുന്നത് ഈ ശീർഷകത്തിൽ നിന്നും ആയതിനാലും അപേക്ഷകരുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിലും ഈ ഇനത്തിൽ 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

അതിക്രമം തടയുന്നതിനുവേണ്ടിയുള്ള സ്കീം നടപ്പാക്കൽ (50% കേന്ദ്ര സഹായം)

പട്ടികവർഗ്ഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുക, അതിക്രമങ്ങൾക്ക് ഇരയാകുന്നവരെ പുനരധിവസിപ്പിക്കുക, സൗജന്യ നിയമസഹായം നൽകുക തുടങ്ങിയ വിവിധ പരിപാടികൾ നടപ്പിലാക്കുന്ന ഈ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

ഗിരിവർഗ്ഗ ഉപപദ്ധതിക്കുവേണ്ടിയുള്ള പൂൾഡ് ഫണ്ട്

പ്രോജക്ടധിഷ്ഠിത സമീപനം ഉൾക്കൊണ്ട് പരിപാടികൾക്ക് അംഗീകാരം നൽകി നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ ജില്ലകളിൽ നിന്നും ഡയറക്ടറേറ്റിൽ നിന്നും സ്വയം തൊഴിൽ, ശുദ്ധജലവിതരണവും ശുചിത്വവും, സാങ്കേതികവിദ്യാകൈമാറ്റം, ആരോഗ്യ വിദ്യാഭ്യാസ അഭിവൃദ്ധി, വൈദ്യുതീകരണം, എത്തിപ്പെടാൻ പ്രയാസമേറിയ സ്ഥലങ്ങളിലേക്ക് വഴികളും നടപ്പാലങ്ങളും നിർമ്മിച്ച് വിനിമയസൗകര്യം മെച്ചപ്പെടുത്തുക തുടങ്ങിയ വിഷയങ്ങൾ അധികരിച്ച് ലഭിക്കുന്ന പ്രോജക്ടുകൾക്ക് ധനസഹായം നൽകുന്നതിന് ലക്ഷ്യമിടുന്നു. ഈ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

**പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ**

പ്രീ മെട്രിക് ഹോസ്റ്റലുകളുടെയും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെയും സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നവീകരിക്കുന്നതിനും (ഒറ്റത്തവണ കേന്ദ്രസഹായം)

വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 110 പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

ഭൂരഹിത ഗിരിവർഗ്ഗക്കാരുടെ പുനരധിവാസം

ഓരോ ഭൂരഹിത ഭവനരഹിത പട്ടികവർഗ്ഗ കുടുംബത്തിനും ഒരേക്കർവീതം ഭൂമിയും വീടും മറ്റ് പശ്ചാത്തലസൗകര്യങ്ങളും നൽകുന്നതിനും, വനാവകാശ നിയമ പ്രകാരം ഭൂമി ലഭിച്ച ആദിവാസി കുടുംബങ്ങൾക്ക് വീടും മറ്റ് തൊഴിൽ സൗകര്യങ്ങളും ലഭ്യമാക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5000 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

## പൊതുശുപാർശ

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ കുട്ടികൾക്ക് ഉച്ചഭക്ഷണത്തിനുപുറമേ പ്രഭാതഭക്ഷണം കൂടി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഇതൊരു പൈലറ്റ് പ്രോജക്ടായി നടപ്പിലാക്കണമെന്നും സമിതി ശുപാർശ ചെയ്തു.

പിന്നോക്ക വിഭാഗക്കാർക്കുള്ള കേരള സംസ്ഥാന കമ്മീഷൻ (സഹായധനം)

1993-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ ആക്ട് (1993-ലെ ആക്ട് 11) പ്രകാരം രൂപീകരിക്കപ്പെട്ട സ്റ്റാറ്റ്യൂട്ടറി കമ്മീഷനായ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷനിൽ നിലവിലുണ്ടായിരുന്ന 1 മെമ്പറുടെ സ്ഥാനത്ത് ഇപ്പോൾ 2 മെമ്പർമാർ ഉള്ളതിനാലും ശമ്പള പരിഷ്ക്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ ശമ്പളത്തിലുണ്ടായ വർദ്ധനവും കമ്മീഷൻ സിറ്റിംഗുകൾക്ക് അധികതുക ആവശ്യമായി വരുന്ന സാഹചര്യവും കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

ഹരിജനങ്ങളിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ചവർക്കായുള്ള സംസ്ഥാന വികസന കോർപ്പറേഷൻ

ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതിക്കാരുടെയും മറ്റു ശുപാർശിത വിഭാഗക്കാരുടെയും സാമ്പത്തിക പുരോഗതിക്കുതകുന്ന വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള കോർപ്പറേഷന്റെ പ്രവർത്ത നങ്ങളിൽ കൃഷിഭൂമി വാങ്ങി നൽകൽ, സ്വയംതൊഴിൽ പരിപാടികൾ, വിദേശ തൊഴിൽ നേടുന്നതിന് ധനസഹായം, ഭവനനിർമ്മാണം, വിദ്യാർത്ഥികൾക്ക് ധനസഹായം, വിദേശഭാഷാ പഠനം, പാരാമെഡിക്കൽ വിഭ്യാഭ്യാസം, വിവാഹാവശ്യങ്ങൾ എന്നിവ യ്ക്കുള്ള ലോണുകൾ നൽകുക തുടങ്ങിയവ ഉൾപ്പെടുന്നു. കോർപ്പറേഷന്റെ നിലവിലുള്ള പ്രവർത്തനങ്ങൾ തുടരുന്നതിനും സർക്കാർ അനുമതിക്ക് വിധേയമായി പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 358 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ സ്ഥാപനങ്ങളുടെ സംസ്ഥാന ഫെഡറേഷൻ (100% കേന്ദ്രാവിഷ്കൃതം)

22-7-1981-ൽ രജിസ്റ്റർ ചെയ്ത് 5-10-1981-ൽ പ്രവർത്തനം ആരംഭിച്ച കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനിൽ 98 പട്ടികവർഗ്ഗ സഹകരണ സംഘങ്ങളും 538 പട്ടികജാതി സഹകരണ സംഘങ്ങളും സംസ്ഥാന സർക്കാരും ഉൾപ്പെടെ 637 അംഗങ്ങളാണുള്ളത്. വർക്കിംഗ് ക്യാപ്പിറ്റലിന്റെ അഭാവംമൂലം ഫെഡറേഷന്റെ ആയുർവ്വേദ മുരുന്ന് നിർമ്മാണ യൂണിറ്റായ ആയുർധാര ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന് സമിതി മനസ്സിലാക്കുന്നു. കൂടാതെ ഫെഡറേഷന്റെ ഡീലർഷിപ്പ് അടിസ്ഥാനത്തിൽ നടത്തുന്ന ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ പെട്രോൾ പമ്പ് ഫണ്ടിന്റെ അഭാവംമൂലം ഇന്ധനം ഇറക്കാൻ

കഴിയാത്തതിനാൽ പല ദിവസങ്ങളിലും അടച്ചിടേണ്ടിവരുന്നതായും സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. ആയതിനാൽ പെട്രോൾ പമ്പിന്റെ സുഗമമായ നടത്തിപ്പിനായി 25 ലക്ഷം രൂപ പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ടിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ലാഭേച്ഛ കൂടാതെ പ്രവർത്തിക്കുന്ന ഫെഡറേഷന് 2003 മുതൽ റിട്ടയർ ചെയ്ത ജീവനക്കാരുടെ പെൻഷൻ തുക ഇതേവരെ കൊടുക്കാൻ കഴിയാത്തതിനാൽ റിട്ടയർ ചെയ്ത ജീവനക്കാർ ആഫീസിൽ ചെന്ന് ആത്മഹത്യാ ഭീഷണി മുഴക്കുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ആയതിനാൽ ഫെഡറേഷന്റെ നിലവിലുള്ള സാമ്പത്തികബാദ്ധ്യത പരിഹരിക്കുന്നതിനായി നോൺ പ്ലാൻ ഇനത്തിൽ 1 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

ഫെഡറേഷന്റെ തിരുവനന്തപുരം, കോതമംഗലം, തൃശ്ശൂർ, കൽപ്പറ്റ എന്നിവിടങ്ങളിലെ ഓഫീസുകളുടെ ആധുനികവൽക്കരണത്തിനായി നോൺ പ്ലാൻ ഇനത്തിൽ 90 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

ഫെഡറേഷന്റെ പ്രവർത്തനങ്ങൾ തുടർന്നും മുന്നോട്ട് കൊണ്ടുപോകുന്നതിനായി പട്ടികവർഗ്ഗ വികസനം, പട്ടികജാതി വികസനം, സഹകരണം എന്നീ വകുപ്പുകളുടെ ബഡ്ജറ്റിലെ നോൺപ്ലാൻ ശീർഷകത്തിൽ ഫെഡറേഷന്റെ തനതു ചെലവുകൾക്കായി 20 ലക്ഷം രൂപാവീതം പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ടിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

ഉച്ചയ്ക്കുശേഷം 12.30-ന് സമിതി യോഗം പിരിഞ്ഞു.

## അനുബന്ധം II

## 2011 ആഗസ്റ്റ് 1-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIII, 2011 ആഗസ്റ്റ് മാസം 1-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ കോംപ്ലക്സിലെ IV B കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയുമായ ഡോ. എം. കെ. മുനീറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. താഴെപ്പറയുന്ന അംഗങ്ങളും യോഗത്തിൽ സന്നിഹിതരായിരുന്നു :

1. ശ്രീ. അൻവർ സാദത്ത് എം. എൽ. എ.
2. ശ്രീ. കെ. എൻ. എ. ഖാദർ ,,
3. ശ്രീ. റ്റി. യു. കുരുവിള ,,
4. ശ്രീ. പുരുഷൻ കടലുണ്ടി ,,
5. ശ്രീ. കെ. രാധാകൃഷ്ണൻ ,,
6. ശ്രീ. ആർ. രാജേഷ് ,,
7. ശ്രീമതി കെ. എസ്. സലീഖ ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ജെ. മേരി ഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എ. ഷൈല, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീമതി ശാരദാ മുരളീധരൻ, സെക്രട്ടറി, സാമൂഹ്യക്ഷേമ വകുപ്പ്
2. ഡോ. ആർ. അശോക്, എക്സിക്യൂട്ടിവ് ഡയറക്ടർ, കേരളാ സോഷ്യൽ സെക്യൂരിറ്റി മിഷൻ
3. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, പൊതുഭരണ വകുപ്പ്.
4. ശ്രീ. ജി. വിജയരാഘവൻ, ഡയറക്ടർ, നിഷ്
5. ശ്രീമതി എലിസബത്ത് കോശി, അഡീഷണൽ സെക്രട്ടറി, സാമൂഹ്യക്ഷേമ വകുപ്പ്
6. ശ്രീ. പി. എസ്. ജയന്തൻ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
7. ശ്രീ. സുഭാഷ് ജോൺ മാത്യു, ജോയിന്റ് സെക്രട്ടറി, പൊതുഭരണ വകുപ്പ്
8. ശ്രീമതി ഉഷാ ഹെലൻ വാസ്, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

9. ശ്രീമതി ജെ. ബെൻസി, ഡെപ്യൂട്ടി സെക്രട്ടറി, പൊതുഭരണ വകുപ്പ്.

10. ശ്രീ. ടി. കെ. മനോജ് കുമാർ, കമ്മീഷണർ ഓഫ് ലാന്റ് റവന്യൂ.

11. ശ്രീ. ടി. ഹരിലാൽ, എം. ഡി. (ഇൻ-ചാർജ്ജ്), കെ. എസ്. പി. എച്ച് ഡബ്ല്യു. സി.

12. ശ്രീ. പി. ടി. മുഹമ്മദ് സനീഷ്, എം. ഡി., കെ. എസ്. ഡബ്ല്യു. ഡി. സി.

13. ശ്രീ. സാമുവൽ, എൻ. മാത്യു, എക്സിക്യൂട്ടീവ് ഡയറക്ടർ, നിഷ്.

14. ശ്രീമതി ഇ. അംബിക അമ്മ, മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന വനിതാ കമ്മീഷൻ.

15. ശ്രീ. പി. ചന്ദ്രശേഖരൻ നായർ, സീനിയർ ഫിനാൻസ് ഓഫീസർ, ഓഫീസ് ഓഫ് ദി കമ്മീഷണറേറ്റ് ഓഫ് ലാന്റ് റവന്യൂ.

16. ശ്രീമതി എസ്. വി. കല, ഫിനാൻസ് ഓഫീസർ, സാമൂഹ്യക്ഷേമ വകുപ്പ്.

17. ശ്രീ. സി. എം. ഹരിദാസ്, ഫിനാൻസ് ഓഫീസർ, നിഷ്.

18. ശ്രീ. ജി. കൃഷ്ണകുമാർ, എ. ഒ, കമ്മീഷണറേറ്റ് ഓഫ് എസ്. പി. ഡബ്ല്യു. ഡി.

19. ശ്രീ. എസ്. വിജയകുമാർ, ഫിനാൻസ് ഓഫീസർ, കെ. ഡബ്ല്യു. സി.

2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും സംബന്ധിച്ച ധനാഭ്യർത്ഥന നമ്പർ XLVI പരിഗണനയ്ക്കെടുത്തു. ഇതിലേക്കായി വകുപ്പിൽ നിന്നും ലഭ്യമാക്കിയ കുറിപ്പുകൾ പരിശോധിക്കുകയും ആവശ്യമായ സന്ദർഭങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ആരായുകയും അതിന്റെ വെളിച്ചത്തിൽ താഴെപ്പറയും പ്രകാരം ഗവൺമെന്റിലേക്ക് ശുപാർശകൾ നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു.

ധനാഭ്യർത്ഥനകളുടെ പരിശോധനാവേളയിൽ വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങൾ വിലയിരുത്തിയ സമിതി താഴെപ്പറയുന്ന വിഷയങ്ങൾ സംബന്ധിച്ച് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും രേഖപ്പെടുത്തുകയുണ്ടായി.

<u>വികലാംഗ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള തിരിച്ചറിയൽ കാർഡ് നൽകുന്ന പദ്ധതി</u>

സംസ്ഥാനത്തൊട്ടാകെ 860794 വികലാംഗരാണുള്ളത്. ഇതിൽ 1.5 ലക്ഷം പേർക്ക് മാത്രമാണ് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുള്ളതെന്നും ബാക്കിയുള്ള മുഴുവൻ വികലാംഗർക്കും ഒരു വർഷത്തിനകം തിരിച്ചറിയൽ കാർഡ് നൽകുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി 3200 ക്യാമ്പുകൾ നടത്തുന്നതാണെന്നും ഇതിനായി യോഗം വിളിച്ചു കൂട്ടുന്നതിനായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും എത്രയും വേഗത്തിൽ ഇത് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും സമിതി ചെയർമാൻ അറിയിച്ചു.

<u>കുട്ടികൾക്ക് വേണ്ടിയുള്ള പോഷകാഹാര പദ്ധതി</u>

ഈ പദ്ധതി പ്രകാരം കുട്ടികൾക്കായി വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കൾ പോഷകമൂല്യമുള്ളതും സമീകൃതവും ആയിരിക്കണമെന്നും ഭക്ഷ്യവസ്തുക്കൾ വാങ്ങുമ്പോൾ ഗുണമേന്മ ഉറപ്പു വരുത്തേണ്ടതാണെന്നും സമിതി നിർദ്ദേശിച്ചു.

എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസം

എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസം സംബന്ധിച്ച് സ്കൂൾ കുട്ടികൾക്കുള്ള ധനസഹായം, ഏഴാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് 1,000 രൂപയായും ഹൈസ്കൂൾ കുട്ടികൾക്ക് 2,000 രൂപയായും പ്ലസ് വൺ, പ്ലസ് ടു ക്ലാസ്സുകളിലെ കുട്ടികൾക്ക് 2,500 രൂപയായും വർദ്ധിപ്പിച്ചിട്ടുള്ളതായും പെൻഷൻ ആനുകൂല്യം, ശയ്യാവലംബരായിട്ടുള്ളവർക്ക് 2,000 രൂപയും ഏതെങ്കിലും പെൻഷൻ ലഭിക്കുന്നവർക്ക് 1,500 രൂപയും സാധാരണ രോഗികൾക്ക് 1,000 രൂപയും പ്രതിമാസം ധനസഹായം നൽകുന്നതായി വകുപ്പധികൃതർ സമിതിയെ അറിയിച്ചു.

കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് വേണ്ടിയുള്ള സൈക്കോ സോഷ്യൽ സർവ്വീസസ് (സബല)

സബല പദ്ധതി വഴി സ്കൂളുകളിൽ കുട്ടികൾക്ക് കൗൺസിലിംഗ് ഏർപ്പെടുത്തേണ്ടതാണെന്നും സൈക്കോസോഷ്യൽ കൗൺസിലിംഗിനായി കൗൺസിലറെത്തന്നെ അധികാരപ്പെടുത്തേണ്ടതാണെന്നും എല്ലാ സ്കൂളുകളിലും ഈ സ്കീം നടപ്പിലാക്കേണ്ടതാണെന്നും സമിതി നിർദ്ദേശിച്ചു.

ഗാർഹിക/ലൈംഗിക പീഡനങ്ങൾക്ക് ഇരയാകുന്ന കുട്ടികളുണ്ടോ എന്ന് അന്വേഷിക്കുന്നതിനായുള്ള Child Welfare Committee-കളുടെ പ്രവർത്തനം വ്യാപകമാക്കേണ്ടതും എല്ലാ സ്കൂളുകളിലും ഇത്തരത്തിലുള്ള കമ്മിറ്റികൾ രൂപീകരിക്കേണ്ടതും ഇതിനായി സ്കൂൾ അധികാരികളേയും അദ്ധ്യാപകരേയും ബോധവൽക്കരിക്കേണ്ടതുമാണെന്ന് സമിതി നിർദ്ദേശിച്ചു.

സർക്കാരിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായി കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി Child Rights Commissions രൂപീകരിക്കാൻ ഉദ്ദേശിക്കുന്നതായും തുടക്കത്തിൽ തന്നെ ഇത്തരം കാര്യങ്ങൾ അതീവ ഗൗരവമായി കമ്മീഷന്റെ മുമ്പിൽ കൊണ്ടുവരേണ്ടതാണെന്നും സമിതി ചെയർമാൻ അറിയിച്ചു.

വയോമിത്രം പദ്ധതി

ഇന്ത്യയിൽ ഏറ്റവും കൂടുതൽ വയോജനങ്ങളുള്ള കേരളത്തിൽ അവർക്കായുള്ള പരിപാടികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതിയാണ് വയോമിത്രം പദ്ധതി. സംസ്ഥാനത്ത് പതിനാല് ജില്ലകളിലും ജില്ലാ ഹെഡ്ക്വാർട്ടേഴ്സ് ആസ്ഥാനമാക്കി വയോമിത്രം പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുള്ളതായും പദ്ധതികൊണ്ട് വയോജനങ്ങൾക്കായുള്ള ഹെൽപ്പ് ഡെസ്ക്ക് ആണ് ഉദ്ദേശിക്കുന്നതെന്നും ഇതിനായി ഒരു ആംബുലൻസും രണ്ട് മൊബൈൽ ക്ലിനിക്കുകളും എൻ.ആർ.എച്ച്.എം.-ൽ നിന്നുള്ള ഒരു ഡോക്ടറും ഉൾപ്പെടുന്നു എന്നും പ്രസ്തുത സേവനം തികച്ചും സൗജന്യമായിരിക്കുമെന്നും സമിതിയിൽ വ്യക്തമാക്കപ്പെട്ടു.

തുടർന്ന് സമിതി സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും സംബന്ധിച്ച ധനാഭ്യർത്ഥന നമ്പർ XLVI സൂക്ഷ്മ പരിശോധന നടത്തുകയും വകുപ്പിന് ആവശ്യമായ അധിക വിഹിതം സംബന്ധിച്ച് താഴെപ്പറയും പ്രകാരം ശുപാർശ ചെയ്യുകയും ചെയ്തു.

ഭരണസംവിധാനം ശക്തിപ്പെടുത്തൽ

സാമൂഹ്യക്ഷേമ ഡയറക്ടറേറ്റും അനക്സും രണ്ട് സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി പൂജപ്പുര അനക്സിലെ രണ്ടാം നില ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങൾക്കായി സൗകര്യപ്രദമായ രീതിയിൽ ക്രമീകരിക്കുന്നതിനും ഭരണ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഡയറക്ടറേറ്റിലും സബ് ഓഫീസുകളിലും കമ്പ്യൂട്ടറൈസേഷൻ പൂർണ്ണമായും നടപ്പാക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

വികലാംഗ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള തിരിച്ചറിയൽ കാർഡ് നൽകുന്ന പദ്ധതി

'പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട്' പ്രകാരം എല്ലാ വികലാംഗർക്കും തിരിച്ചറിയൽ കാർഡ് നൽകേണ്ടത് നിയമപരമായ ബാദ്ധ്യതയാണ്. സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, അങ്കണവാടി, ഐ.സി.ഡി.എസ്. എന്നിവയുടെ സഹകരണത്തോടെ ക്യാമ്പുകൾ നടത്തി അംഗവൈകല്യ സർട്ടിഫിക്കറ്റ് നൽകാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിക്കായി 132 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

ശിശുക്കളുടെ അഭിവൃദ്ധിക്കുവേണ്ടിയുള്ള ഏകീകൃത സേവനം (90%കേന്ദ്രസഹായം)

ആറ് വയസ്സിന് താഴെയുള്ള കുട്ടികളുടെ ആവശ്യങ്ങൾ നടത്തികൊടുക്കുന്നതിനായി ദേശീയ തലത്തിൽ നടപ്പാക്കുന്ന ഒരു ഫ്ളാഗ്ഷിപ്പ് പരിപാടിയാണ് സംയോജിത ശിശുവികസന സേവനങ്ങൾ. ഈ പദ്ധതിയിൽ താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു.

1. പൂരക പോഷകാഹാരം
2. പ്രതിരോധ കുത്തിവയ്പ്പ്
3. ആരോഗ്യ പരിശോധന
4. റഫറൽ സർവ്വീസുകൾ
5. ആരോഗ്യ-പോഷകാഹാര വിദ്യാഭ്യാസം
6. പ്രീ-സ്കൂൾ വിദ്യാഭ്യാസം.

പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഭരണപരമായ ചെലവുകൾ, ഔഷധ കിറ്റിന്റെ ചെലവ്, അംഗൻവാടി, വർക്കർ/ഹെൽപ്പർ എന്നിവരുടെ ഹോണറേറിയത്തിൽ കേന്ദ്ര സർക്കാർ വർദ്ധനവ് വരുത്തിയ സാഹചര്യത്തിലും ഐ.സി.ഡി.എസ്സുകളുടെ എണ്ണം 163-ൽ നിന്നും 258 ആയി വർദ്ധിപ്പിച്ചതുമൂലമുണ്ടായ അധിക ബാധ്യത പരിഹരിക്കുന്നതിലേക്കുമായി 200 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

അംഗൻവാടി കേന്ദ്രങ്ങളെ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള സാമൂഹ്യവിഭവ കേന്ദ്രങ്ങളായി വികസിപ്പിക്കൽ—ഒരു ജീവിതചക്ര സമീപനം

സമൂഹത്തിന്റെ സ്വഭാവ മാറ്റങ്ങൾക്കനുസൃതമായി സ്ത്രീകളുടേയും കുട്ടികളുടേയും സമഗ്ര വികസനം, വികസന പങ്കാളിയായി സ്ത്രീ അംഗീകരിക്കപ്പെടുക തുടങ്ങിയവ യാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. ബന്ധപ്പെട്ട വകുപ്പുകളുടെ സേവനം, വിഭവങ്ങൾ, പശ്ചാത്തല സൗകര്യം, മനുഷ്യ വിഭവശേഷി എന്നിവയെ സമന്വയിപ്പിച്ച് അംഗനവാടി കേന്ദ്രങ്ങളെ സാമൂഹിക വിഭവ കേന്ദ്രങ്ങളായി വികസിപ്പിക്കേണ്ടതിന് ഗിരിവർഗ്ഗ-തീരദേശ മേഖലകൾക്ക് മുൻഗണന നൽകികൊണ്ട് അംഗനവാടി കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിനായി 500 ലക്ഷം രൂപ അധിക മായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

വനിതാ വികസന പദ്ധതി

സ്ത്രീധന നിരോധന നിയമം, ഗാർഹിക പീഢന നിരോധന നിയമം നടപ്പാക്കുന്നതിനും, നിലവിലുള്ള ഷോർട്ട് സ്റ്റേ ഹോമുകളിൽ തൊഴിലധിഷ്ഠിത പരിശീ ലനം, വൺഡേ ഹോമുകളെ ശക്തിപ്പെടുത്തൽ, വനിത ഗൃഹനാഥയായിട്ടുള്ള എല്ലാ കുടുംബങ്ങൾക്കും ധനസഹായം നൽകുന്നതിനും വിധവാ വിവാഹം (മംഗല്യ പദ്ധതി) തുടങ്ങിയവ നടപ്പാക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാ പ്തമായതിനാൽ ഈ ശീർഷകത്തിൽ 200 ലക്ഷം രൂപ അധികമായി വകയിരുത്തണ മെന്ന് സമിതി ശുപാർശ ചെയ്തു.

തദ്ദേശ സ്ഥാപനങ്ങൾക്കും സർക്കാരേതര സംഘടനകൾക്കും വൃദ്ധസദനങ്ങളും ഡേകെയർ സെന്ററുകളും ആരംഭിക്കുന്നതിനുള്ള ധനസഹായം

കേരള സംസ്ഥാനത്തിന്റെ വയോജന നയം അനുസരിച്ച് വൃദ്ധസദനങ്ങളും/ ഡേകെയർ സെന്ററുകളും ആരംഭിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സഹായം നൽകാനുദ്ദേശിക്കുന്നതിനാൽ ഈ പദ്ധതിക്കായി 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

ആഫ്റ്റർ കെയർ പ്രോഗ്രാമിനുള്ള സഹായം

ജയിൽ വിമുക്തരായ കുറ്റവാളികളേയും (പ്രത്യേകിച്ച് സ്ത്രീകൾ) പീഡിതരെയും പുനരധിവസിപ്പിക്കുന്നതിനും ദരിദ്രരായ കുറ്റവാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനും, ഗാർഹികവും അല്ലാതെയുമുള്ള പീഡനം അനുഭവിച്ച് പ്രൊട്ടക്ഷൻ ഓഫീസർമാരെയും മറ്റ് സംഘടനകളേയും സമീപിക്കുന്നവർക്ക് അടിയന്തിര സാമ്പത്തിക സഹായവും വൈദ്യസഹായവും നൽകുന്നതിലേക്ക് ധനസഹായം നൽകാൻ ലക്ഷ്യ മിടുന്ന ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

## അസംഘടിത വിഭാഗത്തിനുവേണ്ടി പുതിയ സാമൂഹ്യ സുരക്ഷിതത്വ സംരംഭങ്ങൾ

പേഴ്സൺസ് വിത്ത് ഡിസ്എബിലിറ്റീസ് ആക്ട് 1995 (തുല്യ അവസരങ്ങൾ, അവകാശങ്ങളുടെ സംരക്ഷണം, പൂർണ്ണ പങ്കാളിത്തം), മെയിന്റനൻസ് ആന്റ് വെൽഫെയർ ഓഫ് പേരന്റ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ട്, 2007 എന്നിവ നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസി സാമൂഹ്യക്ഷേമ വകുപ്പാണ്. അഗതികളേയും ഉപേക്ഷിക്കപ്പെട്ട വരേയും പ്രത്യേകിച്ച് സ്ത്രീകളേയും കുട്ടികളേയും പരിചരിക്കുന്നതിനും സംരക്ഷിക്കുന്നതിനും പ്രതിജ്ഞാബദ്ധമായ വകുപ്പിന്റെ ഏറ്റവും പുതിയ പദ്ധതിയായ വയോമിത്രം പരിപാടി 14 ജില്ലകളിലും നടപ്പിലാക്കുന്നതിലേക്കായി 300 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

## ക്യാൻസർ ബാധിതരായ കുട്ടികൾക്ക് വേണ്ടിയുള്ള സുരക്ഷാ പദ്ധതി

ക്യാൻസർ രോഗം ബാധിച്ച കുട്ടികൾക്ക് നൽകുന്നതിനായി ക്യാൻസർ സുരക്ഷാ ഫണ്ട് ശക്തിപ്പെടുത്തുവാൻ വകുപ്പ് ലക്ഷ്യമിടുന്നു. ബി.പി.എൽ. കുടുംബങ്ങൾക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആർ. സി.സി./ സർക്കാർ മെഡിക്കൽ കോളേജുകൾ എന്നിവ മുഖേന ചികിത്സ നടത്തുവാൻ 50,000 രൂപ വരെ സാമ്പത്തിക സഹായം നൽകിവരുന്നു. ഓരോ വർഷവും ഈ പദ്ധതിയിലേക്ക് രജിസ്റ്റർ ചെയ്യുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി 118 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

## എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസം

കാസർഗോഡ് ജില്ലയിലെ 11 പഞ്ചായത്തുകളിൽ എൻഡോസൾഫാൻമൂലം ദുരിതമനുഭവിക്കുന്ന ശയ്യാവലംബരായ വളരെയധികം പേരുണ്ട്. ഇവരുടെ മുഴുവൻ ചികിത്സാചെലവും സർക്കാരാണ് വഹിക്കുന്നത്. ഇതിനു പുറമേ എൻഡോസൾഫാൻ ദുരിതബാധിതർക്കായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഒരു സംയോജിത പാക്കേജിനായി 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

## സാധുഭവനങ്ങൾ, യാചകകേന്ദ്രങ്ങൾ, അബലാമന്ദിരം മുതലായവ

അഗതികളോ കുടുംബജീവിതം ശിഥിലമായിട്ടുള്ളവരോ അവിവാഹിതരായ അമ്മമാരോ ആയ സ്ത്രീകളെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള മഹിളാ മന്ദിരങ്ങൾ, മാതാപിതാക്കളുടെ സംരക്ഷണം ലഭിക്കാത്ത നിരാശ്രയരായ 4 മുതൽ 16 വയസ്സുവരെ പ്രായമുള്ള കുട്ടികളെ താമസിപ്പിക്കുന്ന ബാലഭവനുകൾ, മാനസികരോഗ വിമുക്തി നേടിയവരും ബന്ധുക്കളാരും സംരക്ഷിക്കാനില്ലാത്തവർക്കായി പ്രവർത്തിച്ചുവരുന്ന ആശാഭവനുകൾ എന്നിവയുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

പ്രൊബേഷൻ സർവ്വീസ്

കുറ്റകൃത്യം ചെയ്ത ആളുകളെ ശിക്ഷിക്കുന്നതിനുപകരം ഒരു നിശ്ചിത കാലം ചില വ്യവസ്ഥകൾക്ക് വിധേയമായി പ്രൊബേഷൻ ഓഫീസർമാരുടെ മേൽനോട്ടത്തിൽ മാനസിക പരിശീലനം നടത്തുന്നതിന് ആവശ്യമായ സേവനങ്ങൾ പ്രൊബേഷൻ ഓഫീസുകൾ മുഖേന നൽകിവരുന്നു. സംസ്ഥാനത്ത് ഈ ആവശ്യത്തിന് നിയോഗിച്ചിട്ടുള്ള 32 ഓഫീസർമാരുടെയും ജില്ലാ പ്രൊബേഷൻ ഓഫീസർമാരുടെയും ഓഫീസിലെ മറ്റ് ജീവനക്കാരുടെയും ശമ്പളം, അലവൻസുകൾ, യാത്രാബത്ത, ഓഫീസ് ചെലവുകൾ കെട്ടിടവാടക എന്നീ ഇനങ്ങളിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

സാങ്കേത ഭവനങ്ങളും പരിരക്ഷാലയങ്ങളും

തവനൂരിൽ പ്രവർത്തിക്കുന്ന റസ്ക്യൂ ഹോമിലേയും എറണാകുളത്തെ ആശാഭവൻ (മെൻ), കൊല്ലം, കോഴിക്കോട്, തലശ്ശേരി എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന മൂന്ന് ആഫ്റ്റർ കെയർ ഹോമുകളിലെയും, തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന കെയർ ഹോമിലേയും വൃദ്ധകൾക്കുള്ള പകൽ പരിപാലന കേന്ദ്രത്തിലേയും ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ, യാത്രാബത്ത, ഓഫീസ് ചെലവുകൾ, കെട്ടിടങ്ങളുടെ വാടക, കരം, നികുതി എന്നീ ആവശ്യങ്ങൾക്കും റെസ്ക്യൂ ഹോമിലേയും ആഫ്റ്റർ കെയർ ഹോമിലേയും അന്തേവാസികളുടെ സംരക്ഷണ ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

പഞ്ചായത്ത് രാജ്/നഗരപാലിക സ്ഥാപനങ്ങളിലേക്ക് മാറ്റപ്പെട്ട വിഷയങ്ങൾ വികലാംഗരായ കുട്ടികൾക്കുള്ള ക്ഷേമ കേന്ദ്രം

പഞ്ചായത്ത് രാജ്/ നഗരപാലിക നിയമപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ മാറ്റപ്പെട്ട 7 വിവിധ വികലാംഗക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളുടെ സംരക്ഷണ ചെലവിനും ഓഫീസ് ചെലവിനും കെട്ടിടവാടകയ്ക്കുമായാണ് ഈ ശീർഷകത്തിൽ തുക വകയിരുത്തിയിരിക്കുന്നത്. അന്തേവാസികളുടെ മെയിന്റനസ് തുക 750 രൂപയിൽ നിന്നും 1,500 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

വികലാംഗർക്കുള്ള സ്ക്കോളർഷിപ്പുകൾ

ഒന്നാം സ്റ്റാൻഡേർഡ് മുതൽ പഠിക്കുന്ന വികലാംഗരായ പാവപ്പെട്ട കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനുവേണ്ടിയുള്ള പദ്ധതിയാണിത്. വികലാംഗ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പ് തുക കാലോചിതമായി പരിഷ്ക്കരിക്കേണ്ടതിനാലും സാമൂഹ്യക്ഷേമ വകുപ്പ് തടവുകാരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി ഹൈസ്കൂൾ തലം വരെയുള്ളവർക്ക് 500 രൂപയും കോളേജ് തലം വരെയുള്ളവർക്ക് 1000 രൂപയും നൽകിവരുന്നതിനാലും ബി.പി.എൽ. വിഭാഗത്തിൽ വരുന്ന വനിതാ

ഗൃഹനാഥകളുടെ മക്കൾക്ക് സ്കൂൾ തലത്തിൽ 250 രൂപയും അതിനുമുകളിൽ 500 രൂപയും സ്കോളർഷിപ്പ് നൽകുന്നതിനാലും ഈ ഇനത്തിൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

അനാഥശാലകൾ—സഹായധനം

സർക്കാർ അംഗീകരിച്ചിട്ടുള്ള സന്നദ്ധ സംഘടനകൾ നടത്തുന്ന അനാഥശാലകളിലേയും ഫൗണ്ട്ലിംഗ് ഹോമുകളിലേയും അന്തേവാസികൾക്ക് മെയിന്റനൻസ് ഗ്രാന്റ് നൽകുന്നതിലേക്കായി 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

യാചകകേന്ദ്രങ്ങൾ

സന്നദ്ധ സംഘടനകൾ നടത്തുന്ന യാചക സംരക്ഷണ ഭവനങ്ങൾക്ക് ഗ്രാന്റ് നൽകുന്ന ഈ പദ്ധതിപ്രകാരം പ്രതിമാസം 150 രൂപ നിരക്കിൽ 365 അന്തേവാസികൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിനായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

സാധുഭവനങ്ങൾ, യാചകകേന്ദ്രങ്ങൾ, അബലാമന്ദിരം മുതലായവ

പഞ്ചായത്ത് രാജ്/നഗരപാലിക നിയമ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ മാറ്റപ്പെട്ട 12 മഹിളാമന്ദിരങ്ങളുടെ ആഫീസ് സംബന്ധമായ ചെലവുകൾ, കെട്ടിട വാടക, അന്തേവാസികളുടെ സംരക്ഷണ ചെലവ് എന്നിവ ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത്. അന്തേവാസികളുടെ മെയിന്റനൻസ് ചാർജ്ജ് 750 രൂപയിൽ നിന്നും 1500 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

വൃദ്ധസദനങ്ങൾ

പഞ്ചായത്ത് രാജ്/നഗരപാലിക നിയമ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ മാറ്റപ്പെട്ട 9 വൃദ്ധസദനങ്ങളിലെ അന്തേവാസികളുടെ സംരക്ഷണ ചെലവ്, ആഫീസ് ചെലവ്, കെട്ടിട വാടക എന്നിവയ്ക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

മിശ്രവിവാഹങ്ങൾ

പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെടാത്ത മിശ്ര വിവാഹിതരായ ദമ്പതികൾക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്. 9-9-2010 മുതൽ മിശ്രവിവാഹ ധനസഹായം 5,000 രൂപയിൽ നിന്നും 30,000 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

## 1995-ലെ അവശ വിഭാഗ ആക്റ്റിൽ (തുല്യ അവസരാവകാശ സംരക്ഷണവും പൂർണ്ണപങ്കാളിത്തവും) കീഴിലുള്ള അവശവ്യക്തികളുടെ സംസ്ഥാനതല കമ്മീഷൻ

### സംരക്ഷണവും അറ്റകുറ്റപ്പണികളും

വികലാംഗർക്കുള്ള സംസ്ഥാന കമ്മീഷണറേറ്റിന് 1999 മോഡൽ അംബാസിഡർ കാറാണുള്ളത്. പ്രസ്തുത കാറിന്റെ അറ്റകുറ്റപ്പണികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

വികലാംഗർക്കുള്ള സംസ്ഥാന കമ്മീഷണറുടേയും ആഫീസിന്റെയും ഉപയോഗത്തിനായി നിലവിൽ 1999 മോഡൽ അംബാസിഡർ കാറാണുള്ളത്. വികലാംഗ സംരക്ഷണ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുക, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അദാലത്തുകൾ സംഘടിപ്പിക്കുക, എന്നീ പ്രവർത്തനങ്ങൾക്കായി മെഡിക്കൽ ടീം, ഉപകരണങ്ങൾ, സെമിനാറിന് വിതരണം ചെയ്യുന്നതിനുള്ള പഠനോപകരണങ്ങൾ എന്നിവ കൊണ്ടുപോകുന്നതിനായി കമ്മീഷണറേറ്റിന് ഒരു പുതിയ വാഹനം വാങ്ങുന്നതിനായി 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

### കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ

വികലാംഗരുടെ ക്ഷേമത്തിനുവേണ്ടി രൂപീകൃതമായതും പൂർണ്ണമായും സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതുമായ ഒരു പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ ഈ സാമ്പത്തിക വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 15 പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

### സ്ത്രീ ശാക്തീകരണത്തിനുള്ള സുപ്രധാന പരിപാടി-കേരള വനിതാ വികസന കോർപ്പറേഷൻ

വനിതകൾക്ക് വിവിധ തരത്തിലുള്ള ജെൻഡർ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുന്നതിനുദ്ദേശിച്ചുകൊണ്ടുള്ള ജെൻഡർ അവെയർനസ് പരിപാടിയിൽ സ്കൂൾ/ കോളേജ് തലങ്ങൾ മുതൽ വിദ്യാർത്ഥിനികൾക്കായി ഈ വിഷയത്തെക്കുറിച്ചുള്ള വീഡിയോ പ്രോഗ്രാമുകൾ, ഡോക്യുമെന്ററികൾ തുടങ്ങിയവ ചിത്രീകരിച്ച് കേരളത്തിലെ എല്ലാ വനിതാ കോളേജുകളിലും 28 റൂറൽ സ്കൂളുകളിലും പ്രദർശിപ്പിക്കുന്നതിനും, കേരളത്തിലെ സ്കൂൾ വിദ്യാർത്ഥിനികൾക്ക് ഹ്രസ്വകാല ആയോധന പരിശീലനം, വിമെൻ ഇൻഫർമേഷൻ സെന്റർ, ജെൻഡർ അവയർനെസ് സെമിനാർ, പെൺകുട്ടികൾക്ക് ജോലി ലഭിക്കുന്നതിനുള്ള ഓൺലൈൻ ജോബ് പോർട്ടൽ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക തീർത്തും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

ലാന്റ് റവന്യൂ കമ്മീഷണറേറ്റ് അംഗവൈകല്യമുള്ളവർക്കും മന്ദബുദ്ധികളായവർക്കുമുള്ള പ്രത്യേക പെൻഷൻ പദ്ധതി

അംഗവൈകല്യമുള്ളവർക്കും മന്ദബുദ്ധികളായവർക്കുമുള്ള പ്രത്യേക പെൻഷൻ പദ്ധതിയിൻ കീഴിൽ നിലവിലുള്ള ഗുണഭോക്താക്കളുടെ 10% വർദ്ധനവ് ഈ വർഷം പ്രതീക്ഷിക്കുന്നതിനാൽ പെൻഷൻ നൽകുന്നതിലേക്കായി ഈ വർഷം ഈ ഇനത്തിൽ 8,67,26,880 രൂപ കൂടി അധികമായി ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ അത്രയും തുക ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

വിധവകളുടെ പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായം

പാവപ്പെട്ട വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം നൽകുന്നതിന് നടപ്പ് സാമ്പത്തിക വർഷം ഏകദേശം 6944 അപേക്ഷകൾ പ്രതീക്ഷിക്കുന്നു. ഈ ആവശ്യത്തിലേക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30,18,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

അഗതികൾക്കുള്ള പെൻഷൻ

ഈ പെൻഷൻ പദ്ധതിയിൻ കീഴിൽ നിലവിൽ 512672 ഗുണഭോക്താക്കളുണ്ട്. ഈ വർഷം 10% വർദ്ധനവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. കുടിശ്ശിക കൂടാതെ പെൻഷൻ വിതരണം നടത്തുന്നതിന് 29,90,33,388 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി

ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതിയിൽ നിലവിൽ 191946 ഗുണഭോക്താക്കളാണുള്ളത്. 10% വർദ്ധനവ് പ്രതീക്ഷിക്കുന്നതിനാൽ 211140 ഗുണഭോക്താക്കൾക്ക് ഒരു വർഷം നൽകേണ്ട പെൻഷൻ ഇനത്തിൽ 9,77,15,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

സാമൂഹ്യ സുരക്ഷിതത്വ പദ്ധതിയനുസരിച്ച് 50 വയസ്സിനുമുകളിൽ പ്രായമുള്ളവർക്കുള്ള പെൻഷൻ പദ്ധതി

ഈ പെൻഷൻ പദ്ധതിയിൻ നിലവിൽ 45284 ഗുണഭോക്താക്കളുണ്ട്. 10% വർദ്ധനവ് പ്രതീക്ഷിക്കുന്നതിനാൽ 49812 ഗുണഭോക്താക്കൾക്ക് കുടിശ്ശിക കൂടാതെ പെൻഷൻ വിതരണം ചെയ്യുന്നതിനായി 15,20,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

സ്വാതന്ത്ര്യ സമര സേനാനികളുടെ മരണാനന്തര ചടങ്ങുകൾക്കായുള്ള സാമ്പത്തിക സഹായ പദ്ധതി

ഈ പദ്ധതിക്കായി 1 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

## സ്ത്രീ ശാക്തീകരണത്തിനുള്ള സുപ്രധാന പരിപാടി–കേരള വനിതാ കമ്മീഷൻ

'സ്ത്രീധന വിമുക്ത കേരളം-ആർഭാടരഹിത വിവാഹം' എന്ന സന്ദേശം പ്രചരിപ്പിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവാഹ ധൂർത്തിനെതിരെ സംസ്ഥാന വ്യാപകമായി പ്രചരണ പരിപാടികൾ തുടർന്ന് നടത്തുന്നതിനുവേണ്ടി ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

## സ്റ്റാറ്റ്യൂട്ടറി വിമൻസ് കമ്മീഷൻ

നോൺ പ്ലാൻ ഇനത്തിൽ വിവിധ ആവശ്യങ്ങൾക്കായി വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമാണ്. മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം 60,000 രൂപ അഡീഷണൽ ആതറൈസേഷൻ വഴി വാങ്ങേണ്ടി വന്നിട്ടുണ്ട്. കമ്മീഷൻ പ്രവർത്തിക്കുന്ന പുതിയ വാടക കെട്ടിടത്തിന് പ്രതിമാസം 1 ലക്ഷം രൂപയാണ് സർക്കാർ വാടക നിശ്ചയിച്ചിരിക്കുന്നത്. ഡെപ്യൂട്ടി സ്പീക്കറുടെ പദവിയിലുള്ള കമ്മീഷൻ മെമ്പർമാർക്കായി വാഹനം വാങ്ങുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും ഇതിലേക്കായി തുക വകയിരുത്തിയിട്ടില്ല. വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, പി. ഒ. എൽ., മറ്റിനങ്ങൾ എന്നീ ശീർഷകങ്ങളിൽ വകയിരുത്തി യിരിക്കുന്ന തുക അപര്യാപ്തമായതിനാൽ വിവിധ ശീർഷകങ്ങളിൽ താഴെപ്പറയുന്ന തുകകൾ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

| | | |
|---|---|---|
| മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് | : | 1,50,000 രൂപ |
| വെള്ളക്കരം | : | 10,000 രൂപ |
| മറ്റിനങ്ങൾ | : | 1,50,000 രൂപ |
| വാടക, കരം, നികുതി | : | 2,00,000 രൂപ |
| വാഹനം വാങ്ങൽ | : | 20,00,000 രൂപ |
| സംരക്ഷണവും അറ്റകുറ്റപ്പണികളും | : | 2,00,000 രൂപ |
| പി. ഒ. എൽ. | : | 1,50,000 രൂപ |

## തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നതിനാൽ വീട്ടിനുള്ളിൽ തന്നെ കഴിയേണ്ടി വരുന്നവർക്കുള്ള ധനസഹായം

ശയ്യാവലംബരായുള്ള നിത്യരോഗികളെ പരിചരിക്കുന്ന ആൾ/കുടുംബാംഗത്തിന് നല്കുന്ന പ്രതിമാസ പെൻഷൻ 300 രൂപയിൽ നിന്നും 500 രൂപയായി ഉയർത്താൻ സമിതി ശുപാർശ ചെയ്തു.

## ബധിരർക്കും മൂകർക്കും വേണ്ടിയുള്ള ഇൻസ്റ്റിറ്റ്യൂട്ട് (നിഷ്)

ബധിരരും മൂകരുമായവർക്ക് പുനരധിവാസം നൽകുക എന്ന ലക്ഷ്യത്തോടെ 1997-ൽ ആരംഭിച്ച നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (നിഷ്) പോയ വർഷങ്ങളിലെ പ്രവർത്തനം കൊണ്ട് ദേശീയ തലത്തിൽ അറിയപ്പെടുന്ന ഒരു സ്ഥാപനമായി വളർന്നു കഴിഞ്ഞു. കേൾവി ശക്തി വിലയിരുത്തൽ, സംസാരശേഷി

പുനഃസ്ഥാപിക്കുക, പ്രീസ്കൂൾ കുട്ടികൾക്കും രക്ഷകർത്താക്കൾക്കും ഗൈഡൻസ് പരിപാടി, ഇ. എൻ. റ്റി. സേവനങ്ങൾ, സ്പീച്ച് തെറാപ്പി, തൊഴിലധിഷ്ഠിത പരിശീലനം തുടങ്ങി വിവിധ പരിപാടികൾ നടത്തിവരുന്ന നിഷിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കായി 115 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

**ട്രഷറി വകുപ്പ്**

സ്വാതന്ത്ര്യസമര യോദ്ധാക്കൾക്കുള്ള പെൻഷൻ ചെലവുകൾ

ട്രഷറി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഈ ശീർഷകത്തിൽ നിന്നും സ്വാതന്ത്ര്യസമര യോദ്ധാക്കൾക്കുള്ള പെൻഷൻ നൽകിവരുന്നു. സംസ്ഥാന സർക്കാർ നൽകിവരുന്ന സ്വാതന്ത്ര്യസമര യോദ്ധാക്കൾക്കുള്ള പെൻഷൻ പദ്ധതിയിൻകീഴിൽ നിലവിൽ 7340 ഗുണഭോക്താക്കളാണുള്ളത്. ഈ സാമ്പത്തികവർഷം പെൻഷൻ വിതരണത്തിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 110.76 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

വൈകുന്നേരം 3.35-ന് സമിതി യോഗം പിരിഞ്ഞു.

## അനുബന്ധം III

## 2011 ആഗസ്റ്റ് 19-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIII, 2011 ആഗസ്റ്റ് മാസം 19-ാം തീയതി വെള്ളിയാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ III B കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയുമായ ഡോ. എം. കെ. മുനീറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ശ്രീ. എ. പി. അനിൽ കുമാർ, പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി കുമാരി പി. കെ. ജയലക്ഷ്മിയും താഴെ പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു :

1. ശ്രീ. അൻവർ സാദത്ത് എം. എൽ. എ.
2. ശ്രീ. റ്റി. യു. കുരുവിള ,,
3. ശ്രീ. പുരുഷൻ കടലുണ്ടി ,,
4. ശ്രീ. കെ. രാധാകൃഷ്ണൻ ,,
5. ശ്രീമതി കെ. എസ്. സലീഖ ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ജെ. മേരി ഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എ. ഷൈല, അണ്ടർ സെക്രട്ടറി.

സമിതി 2011-12 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു :

### പട്ടികവർഗ്ഗവികസനം

പട്ടികവർഗ്ഗക്കാരെ ബാധിക്കുന്ന എല്ലാ കാര്യങ്ങളും വ്യക്തമായി പരാമർശിക്കണം എന്ന ബഹുമാനപ്പെട്ട പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രിയുടെ നിർദ്ദേശത്തെ തുടർന്ന് കരട് റിപ്പോർട്ടിലെ 9 മുതൽ 15 വരെയുള്ള ഖണ്ഡികകൾക്ക് പകരമായി താഴെപ്പറയുന്ന ഖണ്ഡികകൾ ചേർക്കുകയുണ്ടായി:

2225-02-277-94—ഗിരിവർഗ്ഗ ഹോസ്റ്റൽ

ബഡ്ജറ്റ് വിഹിതം : 110 ലക്ഷം രൂപ

9. പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നേടുന്നതിനുള്ള അനുകൂല സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിലേക്ക് പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ നവീകരിച്ച് മെച്ചപ്പെടുത്തുന്നതിനും സ്കൂളുകളുടെ സമീപത്ത് താമസവും

ഭക്ഷണവും ലഭ്യമാക്കുക എന്നത് ലക്ഷ്യമിടുന്ന ഈ പദ്ധതിയുടെ നടത്തിപ്പിലേക്കായി 91 കുക്കുമാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളതിനാലും ഭക്ഷണചെലവ് വർദ്ധിപ്പിച്ചിട്ടുള്ളതിനാലും ജീവനക്കാരുടെ ശമ്പളം ഇനത്തിൽ 45 ലക്ഷം രൂപയും കുട്ടികളുടെ ഭക്ഷണചെലവ് ഇനത്തിൽ 250 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 295 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-02-277-55—മോഡൽ റസിഡൻഷ്യൽ സ്കൂൾ, സി. ബി. എസ്. ഇ. പാറ്റേൺ-ഞാറനീലി, നെടുമങ്ങാട്

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ

10. ഡോക്ടർ അംബേദ്ക്കർ സ്മാരക സി. ബി. എസ്. ഇ. മോഡൽ റസിഡൻഷ്യൽ സ്കൂളിൽ 296 കുട്ടികൾ പഠിക്കുന്നു. ഈ സ്കൂളിലെ കുട്ടികളുടെ ഭക്ഷണചെലവ് 1 മുതൽ 10 വരെ ക്ലാസ്സുകളിലേക്ക് 1,300 രൂപയിൽ നിന്നും 1,800 രൂപയായും +1, +2 ക്ലാസ്സുകളിലേക്ക് 1,500 രൂപയിൽ നിന്നും 2,000 രൂപയായും വർദ്ധിപ്പിക്കുമ്പോൾ ഓരോ കുട്ടിക്കും പ്രതിമാസം 500 രൂപയുടെ അധികചെലവ് ഉണ്ടാകുന്നു. ആയതിനാൽ 296 കുട്ടികൾക്ക് ഭക്ഷണത്തിനായി വേണ്ടിവരുന്ന അധികചെലവ് വഹിക്കുന്നതിലേക്ക് 17,76,000 രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-02-277-49—അശ്രാമം സ്കൂൾ/മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നിവയുടെ നടത്തിപ്പ്

ബഡ്ജറ്റ് വിഹിതം : 1500 ലക്ഷം രൂപ

11. പട്ടികവർഗ്ഗവികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 15 അശ്രാമം/ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലായി 4614 കുട്ടികൾ പഠിക്കുന്നുണ്ട്. ഈ സ്കൂളുകളിലെ കുട്ടികളുടെ ഭക്ഷണചെലവ് 1 മുതൽ 10 വരെ ക്ലാസ്സുകളിലേക്ക് 1,300 രൂപയിൽ നിന്നും 1,800 രൂപയായും, +1, +2 ക്ലാസ്സുകളിലേക്ക് 1,500 രൂപയിൽ നിന്നും 2,000 രൂപയായും വർദ്ധിപ്പിക്കുമ്പോൾ ഓരോ കുട്ടിക്കും പ്രതിമാസം 500 രൂപയുടെ അധിക ചെലവ് കണക്കാക്കുന്നു. ഇത്തരത്തിൽ 4614 കുട്ടികൾക്ക് ഒരു വർഷത്തേക്ക് 2,76,84,000 രൂപ അധികമായി വേണ്ടിവരുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 277 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-02-277-48—ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂൾ

ബഡ്ജറ്റ് വിഹിതം : 200 ലക്ഷം രൂപ

12. ഇടുക്കി, പൂക്കോട് (വയനാട്) എന്നിവിടങ്ങളിലുള്ള രണ്ട് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലായി 457 കുട്ടികൾ പഠിക്കുന്നു. ഈ സ്കൂളുകളിലെ കുട്ടികളുടെ ഭക്ഷണചെലവ് 1 മുതൽ 10 വരെ ക്ലാസ്സുകളിലേക്ക് 1,300 രൂപയിൽ നിന്നും 1,800 രൂപയായും, +1, +2 ക്ലാസ്സുകളിലേക്ക് 1,500 രൂപയിൽ നിന്നും 2,000 രൂപയായും വർദ്ധിപ്പിപ്പിക്കുമ്പോൾ ഓരോ കുട്ടിക്കും പ്രതിമാസം 500 രൂപയുടെ അധികചെലവ് കണക്കാക്കുന്നു. ഇത്തരത്തിൽ 457 കുട്ടികൾക്ക് ഒരു വർഷത്തേക്ക് അധികമായി വേണ്ടിവരുന്ന 27,42,000 രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-02-800-51—പട്ടികവർഗ്ഗ പ്രമോട്ടർമാർ

ബഡ്ജറ്റ് വിഹിതം : 350 ലക്ഷം രൂപ

13. വിദ്യാസമ്പന്നരായ പട്ടികവർഗ്ഗ യുവാക്കളെ പട്ടികവർഗ്ഗ പ്രദേശങ്ങളിൽ സാമൂഹ്യ പ്രേരക്മാരായി പ്രവർത്തിക്കുന്നതിനും, പട്ടികവർഗ്ഗവികസന പദ്ധതികളുടെ ഗുണഫലങ്ങൾ പട്ടികവർഗ്ഗ ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനും പ്രേരക്മാരായി നിയമിച്ചിട്ടുണ്ട്. ഗുണഭോക്താക്കളേയും വികസന വകുപ്പുകളേയും പഞ്ചായത്തുകളേയും ബന്ധിപ്പിക്കുന്ന കണ്ണിയായി പ്രവർത്തിക്കുന്ന ഇത്തരം പ്രമോട്ടർമാരുടെ എണ്ണം 1000-ൽ നിന്നും 1250 ആയി വർദ്ധിപ്പിക്കേണ്ടതിനാലും പ്രമോട്ടർമാർക്ക് നൽകിവരുന്ന ഓണറേറിയം 2500 രൂപയിൽ നിന്നും 4000 രൂപയായി വർദ്ധിപ്പിക്കേണ്ടതിനാലും അധിക തുക ആവശ്യമാണ്. നിലവിലുള്ള 1000 പേർക്ക് 1500 രൂപ നിരക്കിൽ വർദ്ധനവ് നൽകുന്നതിനും പുതുതായി നിയമിക്കപ്പെടുന്ന 250 പേർക്ക് 4000 രൂപ നിരക്കിൽ ഓണറേറിയം നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 300 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-02-282-94—ക്ഷയം, കുഷ്ഠം, വിളർച്ച തുടങ്ങിയ അസുഖങ്ങൾ ബാധിച്ച പട്ടികവർഗ്ഗക്കാരുടെ ചികിത്സയും പുനരധിവാസവും

ബഡ്ജറ്റ് വിഹിതം : 120 ലക്ഷം രൂപ

14. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക, ചികിത്സയ്ക്കുള്ള ധനസഹായം നൽകുക, രോഗികളെ അടുത്തുള്ള ആശുപത്രിയിൽ എത്തിക്കുക, അവർക്ക് പോഷകാഹാരങ്ങളും ആവശ്യമായ മരുന്നും നൽകുക, രോഗം ഭേദപ്പെട്ടവരെ പുനരധിവസിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് ഈ പദ്ധതിയുടെ ഘടകങ്ങൾ. വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ചികിത്സാധനസഹായം നൽകുന്നത് ഈ ശീർഷകത്തിൽ നിന്നും ആയതിനാലും അപേക്ഷകരുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിലും ഈ ഇനത്തിൽ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-02-800-68—അതിക്രമം തടയുന്നതിനുവേണ്ടിയുള്ള സ്കീം നടപ്പാക്കൽ (50% കേന്ദ്ര സഹായം)

ബഡ്ജറ്റ് വിഹിതം : 30 ലക്ഷം രൂപ

15. പട്ടികവർഗ്ഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുക, അതിക്രമങ്ങൾക്ക് ഇരയാകുന്നവരെ പുനരധിവസിപ്പിക്കുക, സൗജന്യ നിയമസഹായം നൽകുക തുടങ്ങി വിവിധ പരിപാടികൾ ഈ പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്നു. അതിക്രമങ്ങൾ സംബന്ധിച്ച കേസ്സുകൾ കൂടുതലായി രജിസ്റ്റർ ചെയ്യപ്പെടുന്ന സാഹചര്യത്തിലും കഴിഞ്ഞ സാമ്പത്തികവർഷം അനുവദിച്ച 30 ലക്ഷം രൂപയിൽ 29.78 ലക്ഷം രൂപയും ചെലവായ സാഹചര്യത്തിലും ഈ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

കരട് റിപ്പോർട്ടിലെ 16-ാം ഖണ്ഡികയുടെ ശീർഷകം 'ഗിരിവർഗ്ഗ ഉപപദ്ധതി'ക്കുവേണ്ടിയുള്ള പൂൾഡ് ഫണ്ട് എന്നത്

''ഗിരിവർഗ്ഗ ഉപപദ്ധതിക്കുവേണ്ടിയുള്ള കോർപ്പസ് ഫണ്ട്'' എന്ന് മാറ്റം വരുത്തുന്നതിന് സമിതി തീരുമാനിച്ചു.

കരട് റിപ്പോർട്ടിലെ മറ്റ് ഖണ്ഡികകൾ ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു.

രാവിലെ 11.45-ന് സമിതി യോഗം പിരിഞ്ഞു.

<u>അനുബന്ധം IV</u>

## 2011 ഒക്ടോബർ 17-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIII, 2011 ഒക്ടോബർ 17-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം 4.30 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V-A കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയുമായ ഡോ. എം. കെ. മുനീറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ശ്രീ. എ. പി. അനിൽ കുമാറും പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി കുമാരി പി. കെ. ജയലക്ഷ്മിയും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു :

1. ശ്രീ. അൻവർ സാദത്ത് എം. എൽ. എ.
2. ശ്രീ. റ്റി. യു. കുരുവിള ,,

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ജെ. മേരി ഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>:

1. ശ്രീ. എസ്. സുബ്ബയ്യ, പ്രിൻസിപ്പൽ സെക്രട്ടറി എസ്.സി./എസ്.ടി. ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്
2. ശ്രീ. വി. ആർ. ജോഷി, ഡയറക്ടർ-ഇൻ-ചാർജ്, എസ്.സി. ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്
3. ശ്രീ. സി. കെ. പത്മാകരൻ, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്
4. ശ്രീമതി എസ്. കുമാരി സുധ, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്

സമിതി താഴെപ്പറയുന്ന എസ്. ആർ. ഒ., ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിലെ ശുപാർശകളിൽ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിഗണിക്കുകയും മാറ്റങ്ങളൊന്നും കൂടാതെ അംഗീകരിക്കുകയും ചെയ്തു :

I. <u>സാധൂകരണത്തിനായി ലഭിച്ച എസ്.ആർ.ഒ.</u>

(1) <u>2010-ലെ സാമൂഹ്യക്ഷേമ സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങൾ</u>

(എസ്.ആർ.ഒ. നമ്പർ 814/2010)

ഫയൽ നമ്പർ 11212/സബ്.സി.ജി2/11/ലെജി.

II. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ്

(എ) **പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്**

(1) 2002-03-ലെ രണ്ടാമത് റിപ്പോർട്ട്

ഫയൽ നമ്പർ 596/സബ്.സി.ജി. 2/11/ലെജി.

ഖണ്ഡിക നമ്പർ-39, 45

(2) 2005-06-ലെ അഞ്ചാമത് റിപ്പോർട്ട്

ഫയൽ നമ്പർ 598/സബ്.സി.ജി. 2/11/ലെജി.

ഖണ്ഡിക നമ്പർ-107, 108, 109, 110, 111, 112, 113, 118, 119, 120

(3) 2007-08-ലെ രണ്ടാമത് റിപ്പോർട്ട്

ഫയൽ നമ്പർ 600/സബ്.സി.ജി. 2/11/ലെജി.

ഖണ്ഡിക നമ്പർ-91, 100, 103, 105, 116

(4) 2008-09-ലെ മൂന്നാമത് റിപ്പോർട്ട്

ഫയൽ നമ്പർ 11210/സബ്.സി.ജി. 2/11/ലെജി.

ഖണ്ഡിക നമ്പർ-119

(5) 2009-10-ലെ നാലാമത് റിപ്പോർട്ട്

ഫയൽ നമ്പർ 11115/സബ്.സി.ജി. 2/11/ലെജി.

ഖണ്ഡിക നമ്പർ-146, 148, 155, 160

(6) 2010-11-ലെ അഞ്ചാമത് റിപ്പോർട്ട്

ഫയൽ നമ്പർ 11119/സബ്.സി.ജി. 2/11/ലെജി.

ഖണ്ഡിക നമ്പർ-95, 96, 97, 98, 99, 100, 101, 102, 103, 104, 105, 106, 107, 109, 111, 112, 113, 114, 115, 116

**(ബി) സാമൂഹ്യക്ഷേമ വകുപ്പ്**

(1) 2009-10-ലെ നാലാമത് റിപ്പോർട്ട്

ഫയൽ നമ്പർ 11115/സബ്.സി.ജി. 2/11/ലെജി.

ഖണ്ഡിക നമ്പർ-176, 177, 178, 185, 195, 197, 204, 205

(2) 2010-11-ലെ അഞ്ചാമത് റിപ്പോർട്ട്

ഫയൽ നമ്പർ 11119/സബ്.സി.ജി. 2/11/ലെജി.

ഖണ്ഡിക നമ്പർ-123, 124, 125, 128, 129, 130, 131, 132, 133

വിവിധ വകുപ്പുകൾ നിയോജകമണ്ഡലങ്ങളിൽ നടത്തുന്ന പരിപാടികൾ സ്ഥലം എം. എൽ. എ.യെ കൂടി അറിയിക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിച്ചു.

സമിതിയുടെ അടുത്തയോഗം 2011 ഒക്ടോബർ മാസം 27-ാം തീയതി നടത്തുന്നതിന് സമിതി തീരുമാനിച്ചു.

വൈകുന്നേരം 5 മണിക്ക് സമിതി യോഗം പിരിഞ്ഞു.

<u>അനുബന്ധം V</u>

## 2011 ഒക്ടോബർ 27-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIII, 2011 ഒക്ടോബർ മാസം 27-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 3.30-ന് നിയമസഭാ കോംപ്ലക്സിലെ V-A കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയുമായ ഡോ. എം. കെ. മുനീറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പുമന്ത്രിയുമായ കുമാരി പി. കെ. ജയലക്ഷ്മിയും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു :

1. ശ്രീ. അൻവർ സാദത്ത് എം. എൽ. എ.
2. ശ്രീ. പുരുഷൻ കടലുണ്ടി ,,
3. ശ്രീ. ആർ. രാജേഷ് ,,

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ജെ. മേരി ഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എ. ഷൈല, അണ്ടർ സെക്രട്ടറി.

സബ്ജക്റ്റ് കമ്മിറ്റി VI-ന്റെ 2010-11 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ പട്ടികജാതി പട്ടികവർഗ്ഗ വികസനം, സാമൂഹ്യക്ഷേമം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ഖണ്ഡികകളിലെ ശുപാർശകളിന്മേൽ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദവിവരം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഉച്ചയ്ക്കുശേഷം 3.45 മണിക്ക് സമിതി യോഗം പിരിഞ്ഞു.

## അനുബന്ധം VI

## 2011 ഡിസംബർ 14-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIII, 2011 ഡിസംബർ മാസം 14-ാം തീയതി ബുധനാഴ്ച രാവിലെ 11.30 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 610-ാം നമ്പർ കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയുമായ ഡോ. എം. കെ. മുനീറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രിയുമായ കുമാരി പി. കെ. ജയലക്ഷ്മിയും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു :

1. ശ്രീ. അൻവർ സാദത്ത് എം. എൽ. എ.
2. ശ്രീ. കെ. എൻ. എ. ഖാദർ ,,
3. ശ്രീ. റ്റി. യു. കുരുവിള ,,
4. ശ്രീ. പുരുഷൻ കടലുണ്ടി ,,

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എ. ഷൈല, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീമതി ശാരദാ മുരളീധരൻ, സെക്രട്ടറി, സാമൂഹ്യക്ഷേമ വകുപ്പ്
2. ശ്രീ. വി. എൻ. ജിതേന്ദ്രൻ, ഡയറക്ടർ, സാമൂഹ്യക്ഷേമ വകുപ്പ്
3. ശ്രീമതി സി. അംബികാമ്മ, മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ
4. ശ്രീ. എച്ച്. ഷറഫുദീൻ, അഡീഷണൽ സെക്രട്ടറി, സാമൂഹ്യക്ഷേമ വകുപ്പ്
5. ശ്രീ. സാമുവൽ മാത്യു, എക്സിക്യൂട്ടീവ് ഡയറക്ടർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (നിഷ്).

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(iii) പ്രകാരം സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIII നടത്താനുദ്ദേശിക്കുന്ന പഠനത്തിന്റെ ഭാഗമായി 'നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (നിഷ്)' കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ശാക്തീകരണം ലക്ഷ്യമിടുന്ന 'രാജീവ് ഗാന്ധി സ്കീം ഫോർ എംപവർമെന്റ് ഓഫ് അഡോളസന്റ് ഗേൾസ് (RGSEAG) സബലപദ്ധതി' എന്നിവ സംബന്ധിച്ച് പ്രാഥമിക ചർച്ച നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു.

സബ്ജക്റ്റ് കമ്മിറ്റികളുടെ പ്രവർത്തനങ്ങളിൽ വന്നിട്ടുള്ള മാറ്റങ്ങൾക്ക് അനുസൃതമായി കമ്മിറ്റിയുടെ പരിധിയിൽവരുന്ന വിഷയങ്ങൾ സംബന്ധിച്ച് വിശദമായി ചർച്ച ചെയ്യാവുന്നതും സാമൂഹ്യക്ഷേമ വകുപ്പിന്റെ പ്രവർത്തനശൈലിയിൽ മാറ്റം വരുത്തുന്നത് ആവശ്യമെങ്കിൽ അതിനായി നിർദ്ദേശങ്ങളും ശുപാർശകളും നൽകാവുന്നതുമാണെന്ന് യോഗം ആരംഭിച്ചുകൊണ്ട് സമിതി ചെയർമാൻ അറിയിച്ചു. ഇതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ വിളിച്ചുവരുത്തി തെളിവെടുപ്പ് നടത്താവുന്നതും ആവശ്യമെങ്കിൽ അത്തരം സ്ഥാപനങ്ങൾ സമിതിക്ക് സന്ദർശിക്കാവുന്നതുമാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

തിരുവനന്തപുരം ആക്കുളത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (നിഷ്)-ന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി ചർച്ച നടത്തി. നിഷിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് താഴെപ്പറയുന്ന കാര്യങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ ധരിപ്പിച്ചു:

ബധിരരായ കുട്ടികളെ കണ്ടെത്തി അവർക്ക് സ്പീച്ച് അന്റ് ലാംഗ്വേജ് ട്രെയിനിംഗ് നൽകുന്നതിനും അവരെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനുമായി 1997-ൽ സ്ഥാപിതമായതും വിജയകരമായി പ്രവർത്തിക്കുന്നതുമായ ഒരു സ്ഥാപനമാണ് തിരുവനന്തപുരത്ത് ആക്കുളത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (നിഷ്). നിഷിൽ പ്രവർത്തിക്കുന്ന പ്രീ സ്കൂൾ സെക്ഷൻ, പ്രീ സ്ക്കൂൾ ഏജിലുള്ള ബധിരരായ കുട്ടികളെ കണ്ടെത്തി അവർക്ക് സ്പീച്ച് അന്റ് ലാംഗ്വേജ് ട്രെയിനിംഗ് നൽകി മുഖ്യധാരാ സ്കൂളുകളിലേക്ക് അയയ്ക്കുകയാണ് ചെയ്യുന്നത്.

ബധിരരായവരും സംസാരശേഷി കുറഞ്ഞവരുമായ കുട്ടികൾക്കും മുതിർന്നവർക്കും റെഗുലർ ക്ലിനിക്കുകൾ നടത്തിവരുന്നു. കൂടാതെ പന്ത്രണ്ടാം ക്ലാസ്സ് പാസ്സായ കുട്ടികൾക്കായി കമ്പ്യൂട്ടർ സയൻസ്, ഫൈൻ ആർട്സ് വിഷയങ്ങളിൽ ഡിഗ്രി കോഴ്സുകളും കേരളാ യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തുകൊണ്ട് ഓഡിയോളജി സ്പീച്ച് തെറാപ്പി എന്നീ വിഷയങ്ങളിൽ പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. ഈ പരിശീലനങ്ങൾക്ക് എല്ലാം തന്നെ ബി.പി.എൽ. വിഭാഗക്കാർക്ക് സൗജന്യമായും മറ്റ് കുട്ടികളിൽ നിന്നും കുറഞ്ഞ നിരക്കിലുമാണ് ഫീസ് ഈടാക്കുന്നത്.

ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ സ്ക്കീമനുസരിച്ച് എല്ലാ ജില്ലകളിലും ക്യാമ്പുകൾ നടത്തി ബധിരരായവരെ കണ്ടെത്തി അവർക്ക് ശ്രവണസഹായികൾ വിതരണം ചെയ്യുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

തെക്കൻ കേരളത്തിൽ സ്ഥിതിചെയ്യുന്ന നിഷിന്റെ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ഉടനീളം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കൊച്ചിയിലും കോഴിക്കോട്ടും രണ്ട് റീജിയണൽ സെന്ററുകളും എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും Early Learning Centre, Detection Centre എന്നിവ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞതായും മാസ്റ്റർ ഓഫ് ഫൈൻ ആർട്സ്, മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ സയൻസ് എന്നീ കോഴ്സുകൾ കൂടി ആരംഭിക്കുന്നതിന് ലക്ഷ്യമിടുന്നതായും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളുമായി നിഷിന് ഔദ്യോഗികമായി ബന്ധമൊന്നുമില്ലായെന്നും എന്നാൽ അവർ ആവശ്യപ്പെടുന്നപക്ഷം

പ്രോഗ്രാമുകൾ നടത്തുന്നതിന് നിഷ് സഹായിക്കുന്നതാണെന്നും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഇത്തരം സെന്ററുകൾ നടത്തുന്നതിനായി റിസോഴ്സ് പേഴ്സണെ നൽകുന്നതിനും സെമിനാറുകൾ, ശില്പശാലകൾ എന്നിവ സംഘടിപ്പിക്കുന്നതിനും നിഷിന് സാധിക്കുമെന്നും സമിതിയുടെ ചോദ്യത്തിന് മറുപടിയായി ഉദ്യോഗസ്ഥർ അറിയിച്ചു.

സംസ്ഥാനത്ത് ഒട്ടാകെയുള്ള ബധിരരായ കുട്ടികളെ കണ്ടെത്തി അവർക്ക് ആവശ്യമായ പരിചരണവും പരിശീലനവും നൽകുന്നതിനായി എല്ലാ ജില്ലകളിലും ഡിസ്എബിലിറ്റി സെന്ററുകൾ സ്ഥാപിച്ച് നവജാത ശിശുക്കൾക്ക് സെറ്റ് ഓഫ് ടെസ്റ്റ് നടത്തി കേഴ്‌വിക്കുറവ് കണ്ടെത്തേണ്ടതാണെന്ന് സമിതി നിർദ്ദേശിച്ചു.

'കോക്ലിയർ ഇംപ്ലാന്റേഷൻ പ്ലാൻ' നിലവിൽ വന്നതോടുകൂടി നിഷിന്റെ പ്രാധാന്യം വർദ്ധിച്ചിരിക്കുകയാണെന്ന് അഭിപ്രായപ്പെട്ട സമിതി നിഷിന്റെ രണ്ട് റീജിയണൽ സെന്ററുകൾ കൊച്ചിയിലും കോഴിക്കോട്ടും സ്ഥാപിക്കുകയും, എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും റിസോഴ്സ് സെന്ററുകളും എല്ലാ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും സെന്ററുകൾ സ്ഥാപിക്കുന്നതോടുകൂടി ജനന-മരണ സർട്ടിഫിക്കറ്റ് നൽകുന്നതുപോലെ Early detection-നും നിർബന്ധമാക്കുകവഴി ജനനസമയത്തുതന്നെ കുട്ടി ബധിരരാണോ അല്ലയോ എന്ന് കണ്ടുപിടിക്കുന്നതിനും ബധിരരാണെങ്കിൽ വളരെ നേരത്തേതന്നെ ഫലപ്രദമായ രീതിയിൽ ചികിത്സിക്കുന്നതിന് സാധിക്കുന്നതുമാണെന്ന് വിലയിരുത്തുകയുണ്ടായി.

കേഴ്‌വി തകരാറ് പരിഹരിക്കുന്നതിൽ നിഷ് ഒരു പ്രധാന പങ്ക് വഹിക്കുന്നുണ്ടെന്നും കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ഉയർന്നുവന്നിട്ടുള്ള ഒരു നിർദ്ദേശം അംഗൻവാടികളിൽ അമ്മമാർക്കും കുഞ്ഞുങ്ങൾക്കും ഗ്രോത്ത് മോണിറ്ററിംഗിനുവേണ്ടിയുള്ള പരിശീലനം നൽകുന്നതിനൊപ്പം കേഴ്‌വിക്കുറവുള്ള കുട്ടികളെ കണ്ടെത്തുന്നതിനുവേണ്ടിയുള്ള പരിശീലനം കൂടി നൽകേണ്ടതും ഇത്തരത്തിൽ കേഴ്‌വിക്കുറവുള്ള കുട്ടികളെ കണ്ടെത്തുമ്പോൾ തന്നെ ഗവ. ആശുപത്രികളിലേക്ക് റഫർ ചെയ്യുന്നതാണെന്നും അതിനായി ഗവ. ആശുപത്രികളിൽ കേഴ്‌വിശക്തി കണക്കാക്കുന്നതിനുള്ള സംവിധാനവും ഡോക്ടർമാരും ഉണ്ടാകണമെന്നും ഇതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ആരോഗ്യവകുപ്പ് സമ്മതിച്ചിട്ടുണ്ടെന്നും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

മൂന്ന് വയസ്സിനുമുൻപ് കുട്ടികളിലെ കേൾവി തകരാറ് കണ്ടെത്തുകയാണെങ്കിൽ വളരെ ഫലപ്രദമായി ചികിൽസിച്ച് ഭേദമാക്കാമെന്നിരിക്കെ early detection അത്രകണ്ട് പ്രാധാന്യമർഹിക്കുന്നുവെന്നും ഇത് സംബന്ധിച്ച് പഞ്ചായത്തുവഴി ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിച്ചു.

കേഴ്‌വി തകരാറുണ്ടാകുന്നത് പല പല കാരണങ്ങൾകൊണ്ടാണെന്നും പ്രായം വർദ്ധിക്കുന്തോറും കേഴ്‌വിക്കുറവുണ്ടാകാറുണ്ടെന്നും പലതരത്തിലുള്ള ഇൻഫെക്ഷനുകൾ ഉണ്ടാകുകവഴി ഞരമ്പുകൾക്ക് തകരാറ് സംഭവിക്കുകയും ഇതുമൂലം കേഴ്‌വിക്കുറവ് ഉണ്ടാകാറുണ്ടെന്നും ഇത് പരിഹരിക്കുന്നതിനായി പെൺകുട്ടികൾക്ക് റൂബല്ല വാക്സിൻ കൊടുക്കുന്നത് അത്യാവശ്യമാണെന്നും ആരോഗ്യവകുപ്പിന്റെ ഇടപെടലോടുകൂടി അംഗൻവാടികൾവഴി കൃത്യസമയത്ത് വാക്സിൻ നൽകുന്നതിന് സാധിക്കുമെന്നും

ഇതിനായി അംഗൻവാടികളെ ആരോഗ്യവകുപ്പുമായി ബന്ധിപ്പിക്കേണ്ടത് ആവശ്യമാണെന്നും സമിതി അഭിപ്രായപ്പെട്ടു.

സംസ്ഥാനത്ത് സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളുടെ കണക്ക് എടുക്കേണ്ടതാണെന്നും പഞ്ചായത്തിന്റെ അറിവോടെ നടത്തുന്ന ഇത്തരം സ്ഥാപനങ്ങളുടെ വിവരം ഡി. ഡി. പി. സി.വഴി ശേഖരിക്കേണ്ടതാണെന്നും സമിതി നിർദ്ദേശിച്ചു.

കേന്ദ്രഗവൺമെന്റ് കേഴ്‌വി തകരാറുള്ളവർക്കായി നിരവധി ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്നും നിഷ് ഇക്കാര്യം വളരെ നല്ല രീതിയിൽ കൈകാര്യം ചെയ്യുന്നുണ്ടെന്നും കേന്ദ്രഗവൺമെന്റിന്റെ ടോൾഫ്രീ ഡിസ്എബിലിറ്റി ഹെൽപ്പ്ലൈൻ ആരംഭിച്ചിട്ടുള്ള നിഷിന്റെ പ്രവർത്തനങ്ങൾ നേരിട്ട് പഠിക്കുന്നതിന് സമിതിക്ക് താൽപ്പര്യമുണ്ടെന്നും ഇതിനായി തിരുവനന്തപുരം ആക്കുളത്തുള്ള ക്യാമ്പസ് സമിതി സന്ദർശിക്കുന്നതാണെന്നും സമിതി അറിയിച്ചു.

**RGSEAG-രാജീവ്ഗാന്ധി സ്കീം ഫോർ എംപവർമെന്റ് ഓഫ് അഡോളസന്റ് ഗേൾസ് (സബല പദ്ധതി)**

തുടർന്ന് സമിതി കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ശാക്തീകരണത്തിനുള്ള 'സബല' പദ്ധതിയെക്കുറിച്ച് വിശദമായി ചർച്ച ചെയ്തു.

കേന്ദ്രഗവൺമെന്റ് 2010-ൽ ആരംഭിച്ച കേന്ദ്രസഹായ പദ്ധതിയാണ് 'സബല' എന്നും രാജ്യത്തെ തെരഞ്ഞെടുത്ത 200 ജില്ലകളിൽ പൈലറ്റ് പ്രേജക്ട് ആയി നടപ്പാക്കുന്ന ഈ പദ്ധതിയിൽ കേരളത്തിൽ നിന്നും കൊല്ലം, ഇടുക്കി, പാലക്കാട് എന്നീ ജില്ലകളാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും 34 ഐ. സി. ഡി. എസ്. പ്രോജക്ടുകളിലെ 10924 അംഗൻവാടി സെന്ററുകളിൽക്കൂടിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നതെന്നും വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ ധരിപ്പിച്ചു.

സബല പദ്ധതിയിൽ പോഷകം, പോഷകേതരം എന്നീ രണ്ട് ഘടകങ്ങളാണുള്ളതെന്നും കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് പോഷകാഹാരങ്ങൾ നൽകി അവരുടെ ആരോഗ്യവും പ്രതിരോധശേഷിയും സംരക്ഷിച്ചുകൊണ്ട് മാത്രമേ അടുത്ത തലമുറയുടെ ബുദ്ധിയും ആരോഗ്യവും നിലനിർത്താൻ സാധിക്കുകയുള്ളു എന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ കേന്ദ്രഗവൺമെന്റ് ആവിഷ്ക്കരിച്ച പദ്ധതിയാണിതെന്നും 11 മുതൽ 18 വരെ പ്രായമുള്ള പെൺകുട്ടികളെ 11-14, 15-18 എന്നിങ്ങനെ രണ്ട് ഗ്രൂപ്പുകളായി തരംതിരിച്ച്, ഓരോ അംഗൻവാടികളുടെകീഴിലും 15 മുതൽ 25 വരെ പെൺകുട്ടികളെ സംഘടിപ്പിച്ചുകൊണ്ട് 'കിഷോരീ സമൂഹങ്ങൾ' രൂപീകരിക്കുകയാണ് ലക്ഷ്യമിടുന്നതെന്നും ഉദ്യോഗസ്ഥർ അറിയിച്ചു. ഈ കിഷോരീസമൂഹങ്ങൾക്ക് ഒരു ലീഡറും രണ്ട് ഡെപ്യൂട്ടി ലീഡർമാരും ഉണ്ടാകും.

കേന്ദ്രഗവൺമെന്റ് ആവിഷ്ക്കരിച്ച പരിശീലന പരിപാടിയനുസരിച്ച് ഇവർക്കായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും training kit നൽകുകയും ചെയ്യുന്നു. ഓരോ കിറ്റിലും മൂന്ന് പുസ്തകങ്ങൾ വീതമാണുള്ളത്. ലൈഫ്സ്കിൽ, വൊക്കേഷണൽ സ്കിൽ തുടങ്ങിയവ വർദ്ധിപ്പിക്കുന്നതിനുള്ള രണ്ട് പുസ്തകങ്ങളും മൂന്നാമതായി

ആരോഗ്യകാര്യങ്ങളിലുള്ള ഇടപെടലാണുള്ളത്. ആരോഗ്യ, തദ്ദേശസ്വയംഭരണ, സാമൂഹ്യക്ഷേമ വകുപ്പുകൾ ഏകോപിച്ച് നടത്തേണ്ട പ്രവർത്തനങ്ങളാണ് ആരോഗ്യ കാര്യങ്ങളിലുള്ള ഇടപെടലിലുള്ളത്. ഇതിൻപ്രകാരം ആഴ്ചയിൽ ഒരിക്കൽ ആരോഗ്യ പരിശോധന നടത്തേണ്ടതാണ്. ഈ പരിശോധനവഴി കുട്ടികളുടെ ബോഡിമാസ് ഇൻഡക്സ് (ബി. എം. ഐ.) കണ്ടുപിടിക്കുന്നതിനും രേഖപ്പെടുത്തുന്നതിനുമായുള്ള കിഷോരി കാർഡ് ഉണ്ട്. ഈ കാർഡിൽ കുട്ടികളുടെ പൊക്കം, തൂക്കം, ബി.എം.ഐ. എന്നിവ രേഖപ്പെടുത്തി അവയുടെ പ്രോഗ്രസ് നിരീക്ഷിക്കുന്നു. മറ്റൊരു ഘടകം കുട്ടികളുടെ ലൈംഗിക-പ്രത്യുല്പാദനപരമായ ആരോഗ്യം ആണ്. പ്രായപൂർത്തി, വിവാഹ പ്രായം, ഗർഭധാരണം തുടങ്ങിയവയെക്കുറിച്ച് കുട്ടികൾക്ക് ബോധവൽക്കരണം നടത്തുന്നതിന് ലക്ഷ്യമിടുന്നു.

പദ്ധതിയിലെ മറ്റൊരു പ്രധാന ഘടകം പോഷണമാണ്. ഒരു കുട്ടിക്ക് ദിവസം 5 രൂപയുടെ പോഷകാഹാരം നൽകുന്നതാണ്. ഇവർക്കായി അയൺ, ഫോളിക് ആസിഡ് (IFA) ഗുളികകൾ നൽകുന്നു. കുട്ടികളുടെ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനുള്ള സ്കിൽ അപ്ഗ്രഡേഷൻ പ്രോഗ്രാമുകളും നടത്തുന്നതാണ്.

ഈ പദ്ധതിപ്രകാരം കേരളത്തിലെ ഏകദേശം രണ്ട് ലക്ഷത്തിൽപ്പരം കൗമാര പ്രായക്കാരെ ഉൾപ്പെടുത്തേണ്ടതുണ്ട്. എന്നാൽ പഞ്ചായത്തുകൾ ശരിയായ പ്രോജക്ടുകൾ സമർപ്പിക്കാത്തതുകാരണം കേരളത്തിന് ലഭിക്കേണ്ടുന്ന കേന്ദ്രസഹായത്തിൽ ഗണ്യമായ കുറവ് വരുന്നതായി സമിതിയിൽ വ്യക്തമാക്കപ്പെട്ടു.

തദ്ദേശസ്വയംഭരണ, ആരോഗ്യ, സാമൂഹ്യക്ഷേമ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനങ്ങളിൽക്കൂടി മാത്രമേ 'സബല' പദ്ധതിയുടെ ലക്ഷ്യം കൈവരിക്കാൻ സാധിക്കുകയുള്ളു എന്ന് അഭിപ്രായപ്പെട്ട സമിതി പദ്ധതിയുടെ ശരിയായ നടത്തിപ്പിനായി ഈ മൂന്ന് വകുപ്പുകളിലേയും ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് സ്റ്റാൻഡിംഗ് കമ്മിറ്റികൾ രൂപീകരിക്കേണ്ടതും ഇവർക്ക് സംയുക്തമായി പദ്ധതി സംബന്ധിച്ച് പരിശീലനം നൽകേണ്ടതും ഗ്രാമപഞ്ചായത്തിലെ ഈ പ്രായപരിധിയിൽ വരുന്ന കുട്ടികളെ ഐ. സി. ഡി. എസ്സും, അംഗൻവാടി ഹെൽപ്പറും വർക്കറും പഞ്ചായത്തംഗവും ചേർന്ന് കണ്ടെത്തുകയും അവരെ അംഗൻവാടിയിൽ എത്തിക്കുകയും വേണമെന്നും പുതിയ അംഗൻവാടി സിസ്റ്റത്തിൽ കുട്ടികൾക്ക് പുറമേ കൗമാരപ്രായക്കാരായ പെൺകുട്ടികളെ കൂടി ഉൾപ്പെടുത്തേണ്ടതാണെന്നും സംസ്ഥാനത്തെ 33000 അംഗൻവാടികളിൽക്കൂടി ഈ പദ്ധതി വളരെ വിജയകരമായി നടപ്പാക്കാൻ സാധിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു.

സംസ്ഥാനത്തെ സ്കൂളിൽ പോകാത്ത കൗമാരപ്രായക്കാരായ ഒരു ലക്ഷത്തിൽപ്പരം കുട്ടികളുണ്ടെന്നും ഇവർക്കായി അംഗനവാടികൾവഴി വൊക്കേഷണൽ ട്രെയിനിംഗ് നൽകുന്നുണ്ടെന്നും സ്കൂളിൽപ്പോകുന്ന കുട്ടികൾക്കായി അനുബന്ധപോഷണം മാത്രമാണ് നൽകുന്നതെന്നും ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ നോംസ് അനുസരിച്ച് 600 കലോറി എനർജിയും പ്രോട്ടീനും അടങ്ങിയ ഭക്ഷണമാണ് പോഷകാഹാരമായി നൽകേണ്ടതെന്നും സമിതിയുടെ ചോദ്യത്തിന് മറുപടിയായി ഉദ്യോഗസ്ഥർ അറിയിച്ചു.

സംസ്ഥാനത്ത് 'കേരള സംസ്ഥാന പോഷകാഹാര പദ്ധതി' നിലവിൽവരാൻ പോകുകയാണെന്നും ഇതിന്റെ ഭാഗമായി പോഷണ വിദ്യാഭ്യാസത്തിന് മാത്രമായി ഒരു

ഗ്രാമസഭ വിളിച്ച് ചേർക്കാൻ കേന്ദ്രഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും പോഷകാഹാര വിദഗ്ധരെ വിളിച്ച് ആരോഗ്യകരമായ ഭക്ഷണ ശീലത്തെക്കുറിച്ച് ക്ലാസ് കൊടുക്കുന്നതിന് നിർദ്ദേശം നൽകേണ്ടതാണെന്നും സമിതി ആവശ്യപ്പെട്ടു.

2012 ജനുവരി 3-ാം തീയതി തിരുവനന്തപുരം ആക്കുളത്തുള്ള 'നിഷ്' സന്ദർശിക്കുന്നതിനും, സബല പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനായി തദ്ദേശസ്വയംഭരണ ആരോഗ്യ വകുപ്പുകളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് അടുത്ത യോഗം വിളിച്ച് ചേർക്കുന്നതിന് സമിതി തീരുമാനിച്ചു.

ഉച്ചയ്ക്കുശേഷം 12.45-ന് സമിതി യോഗം പിരിഞ്ഞു.

## അനുബന്ധം VII

## 2012 ജനുവരി മൂന്നാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII, 2012 ജനുവരി 3-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30 മണിക്ക് തിരുവനന്തപുരം ആക്കുളത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (നിഷ്)-ന്റെ കോൺഫറൻസ് ഹാളിൽ സമിതി ചെയർമാന്റെ അഭാവത്തിൽ സമിതിയുടെ എക്സ് ഒഫീഷ്യോ അംഗവും പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രിയുമായ കുമാരി പി. കെ. ജയലക്ഷ്മിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. അൻവർ സാദത്ത് എം.എൽ.എ.
2. ശ്രീ. ചിറ്റയം ഗോപകുമാർ ,,
3. ശ്രീ. കെ. എൻ. എ. ഖാദർ ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി ജെ. മേരി ഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി.
2. ശ്രീമതി എ. ഷൈല, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ഡോ. ബി. പ്രതാപൻ, ജോയിന്റ് ഡയറക്ടർ, സാമൂഹ്യക്ഷേമ വകുപ്പ്
2. ശ്രീമതി ഫിലോമിന, കെ. ജെ., ജോയിന്റ് ഡയറക്ടർ, സാമൂഹ്യക്ഷേമ വകുപ്പ്
3. ശ്രീ. സാമുവൽ എം. മാത്യു, എക്സിക്യൂട്ടീവ് ഡയറക്ടർ, നിഷ്
4. ശ്രീ. എം. ഹരിദാസ്, ഫിനാൻസ് ഓഫീസർ, നിഷ്.

ബധിരരുടെ പുനരധിവാസത്തിനായി സ്ഥാപിക്കപ്പെട്ട നിഷ്, പോയവർഷങ്ങളിലെ പ്രവർത്തനംകൊണ്ട് ദേശീയതലത്തിൽ അറിയപ്പെടുന്ന ഒരു സ്ഥാപനമായി മാറിയിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനായിട്ടാണ് സമിതി നിഷ് സന്ദർശനം നടത്തിയത്. നിഷിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ സമിതി മുൻപാകെ താഴെപ്പറയുംപ്രകാരം വിശദീകരിച്ചു.

1997-ൽ മൂന്നു കുട്ടികളുമായി പൂജപ്പുരയിൽ പ്രവർത്തനം ആരംഭിച്ച നിഷ്, ആക്കുളം കായലിനോട് ചേർന്നുള്ള ഇപ്പോഴത്തെ ക്യാമ്പസിലേക്ക് മാറ്റിയിട്ട് 4 വർഷം ആയിട്ടുണ്ടെന്നും ബധിരരായ കുട്ടികൾക്ക് പരിശീലനം നൽകി അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനായി സ്ഥാപിക്കപ്പെട്ട ഈ ഇൻസ്റ്റിറ്റ്യൂട്ടിൽ 2002 മുതൽ കേരള യൂണിവേഴ്സിറ്റിയുടെ ഡിഗ്രി കോഴ്സായ ബി.എ.എസ്.എൽ.പി. (Bachelor in Audiology and Speech Language Pathology) കോഴ്സും 2006 മുതൽ മാസ്റ്റർ ഡിഗ്രിയായ എം.എ.എസ്.എൽ.പി. കോഴ്സും നടത്തിവരുന്നു. 2008 മുതൽ ഇന്ത്യയിൽ ആദ്യമായി 12-ാം ക്ലാസ്സ് പാസ്സായ ബധിരരായ കുട്ടികൾക്കായി

ബി.എസ്.സി. കമ്പ്യൂട്ടർ സയൻസും ബാച്ചിലർ ഓഫ് ഫൈൻ ആർട്ട്സ് കോഴ്സുകളും നടത്തിവരുന്നു.

30 സീറ്റുകൾ വീതമുള്ള ഡിഗ്രി ക്ലാസ്സുകളിലേക്കുള്ള അഡ്മിഷൻ, 12-ാം ക്ലാസ്സിൽ കുട്ടികൾക്ക് ലഭിക്കുന്ന മാർക്കിന് പുറമെ നിഷ് തന്നെ നടത്തുന്ന അഡ്മിഷൻ ടെസ്റ്റ് പാസ്സാകുന്നവർക്ക് മാത്രമേ നൽകുകയുള്ളൂവെന്നും അഡ്മിഷൻ സംബന്ധിച്ച് പത്രപ്പരസ്യം നൽകാറുണ്ടെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

പ്രീ സ്കൂൾ സെക്ഷനിൽ 80 കുട്ടികൾ പഠിക്കുന്നുണ്ടെന്നും ഇവർക്ക് പ്രധാന മായും സ്പീച്ച് തെറാപ്പിയാണ് നൽകുന്നതെന്നും ബി.എസ്.സി കമ്പ്യൂട്ടർ സയൻസിലും ബാച്ചിലർ ഓഫ് ഫൈൻ ആർട്ട്സിലുംകൂടി 200-ൽ അധികം കുട്ടികൾ പഠിക്കുന്നുണ്ട്. നിഷിലെ എല്ലാ ഡിപ്പാർട്ട്മെന്റിലുംകൂടി ബധിരരായ 9 പേർ ജോലി ചെയ്യുന്നു.

ആഡിയോളജി ആന്റ് സ്പീച്ച്, പ്രീ സ്കൂൾ പ്രോഗ്രാം, മെഡിക്കൽ ആന്റ് സൈക്കോളജി, ഇൻഫർമേഷൻ ടെക്നോളജി, അക്കാഡമിക് പ്രോഗ്രാംസ്, ക്യാമ്പസ് എന്നിവയ്ക്കായാണ് ഫണ്ട് ഉപയോഗിക്കുന്നത്. സ്ഥാപനത്തിന് പുറത്തും നിഷിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചിട്ടുണ്ടെന്നും എല്ലാ ജില്ലകളിലും ക്യാമ്പുകളും രക്ഷിതാക്കൾക്കായി കറസ്പോണ്ടൻസ് കോഴ്സുകളും സ്കൂളുകളിൽ ബോധവൽക്കരണ സെമിനാറുകളും നടത്തുന്നുണ്ടെന്നും ഉദ്യോഗസ്ഥർ അറിയിച്ചു.

'നിഷി'ൽ പഠിക്കുന്ന കുട്ടികളുടെ താമസസൗകര്യത്തേയും യാത്രാസൗകര്യത്തേയും കുറിച്ചുള്ള സമിതിയുടെ ചോദ്യങ്ങൾക്ക് ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി ഹോസ്റ്റൽ സൗകര്യം ഇല്ലാ എന്നും കുട്ടികൾ പ്രൈവറ്റ് ഹോസ്റ്റലുകളിലും വാടക വീടുകളിലുമാണ് താമസി ക്കുന്നതെന്നും യാത്രയ്ക്കായി നിഷ്-ന് സ്വന്തമായി ബസ്സുണ്ടെന്നും കൂടാതെ കെ.എസ്.ആർ.ടി.സി. രാവിലെ 8.20 മുതൽ വൈകുന്നേരം 4.30 വരെ സർവ്വീസ് നടത്തുന്നുണ്ടെന്നും ഉദ്യോഗസ്ഥർ മറുപടി നൽകി.

സമിതിയുടെ സന്ദർശന വേളയിൽ നിഷിലെ വിദ്യാർത്ഥികൾക്കായി ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാ എന്നതും സ്ഥാപനത്തിൽ എത്തിച്ചേരുന്നതിനുള്ള റോഡിന്റെ ശോച്യാവസ്ഥയും സമിതി പ്രത്യേകം പരാമർശിക്കുകയുണ്ടായി.

കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ രണ്ട് റീജിയണൽ സെന്ററുകളും എല്ലാ ജില്ലകളിലും ജില്ലാതല സെന്ററുകളും ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഇതുവഴി നിഷിന്റെ പ്രവർത്തനങ്ങൾ സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുന്നതിന് സാധിക്കുമെന്നും ഉദ്യോഗസ്ഥർ അറിയിച്ചു.

തുടർന്ന് സമിതി കമ്പ്യൂട്ടർ സയൻസ് ബിരുദ ക്ലാസ്, ഡിപ്പാർട്ട്മെന്റ് ഓഫ് ആഡി യോളജി, ആഡിയോമെട്രി റൂം ഹിയറിംഗ് ടെസ്റ്റ് റൂം, അഡ്വാൻസ്ഡ് ഹിയറിംഗ് ടെസ്റ്റി നുള്ള ടു വേ റൂം, ഇലക്ട്രോ ഫിസിയോളജി ലാബ്, പ്രീ സ്കൂൾ സെക്ഷൻ, സ്പീച്ച് തെറാപ്പി സെക്ഷൻ, വോയ്സ് ലാബ്, സ്പീച്ച് സയൻസ് റിസർച്ച് ലബോറട്ടറി, പ്രീ-സ്കൂൾ ട്രെയിനിംഗ് റൂം എന്നിവ സന്ദർശിക്കുകയും ഫൈൻ ആർട്ട്സ് വിഭാഗത്തിന്റെ സ്കൾപ്ച്ചർ സ്റ്റുഡിയോയിൽ കുട്ടികൾ നിർമ്മിച്ച കളിമൺ പ്രതിമകളും പെയിന്റിംഗ് സെക്ഷനിൽ കുട്ടികൾ വരച്ച ചിത്രങ്ങളും കാണുകയും ചെയ്തു.

തുടർന്ന് സമിതി നിയമസഭാ കോംപ്ലക്സിലെത്തി VC കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയുമായ ഡോ. എം. കെ. മുനീറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. അൻവർ സാദത്ത് എം.എൽ.എ.
2. ശ്രീ. ചിറ്റയം ഗോപകുമാർ ,,
3. ശ്രീ. കെ. എൻ. എ. ഖാദർ ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി ജെ. മേരി ഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി എ. ഷൈല, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. രാജീവ് സദാനന്ദൻ, പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്.
2. ശ്രീമതി ശാരദാമുരളീധരൻ, സെക്രട്ടറി, സാമൂഹ്യക്ഷേമ വകുപ്പ്.
3. ശ്രീ. എം. ഉണ്ണികൃഷ്ണൻ, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
4. ഡോ. അമർ ഫെറ്റിൽ, സ്റ്റേറ്റ് നോഡൽ ഓഫീസർ, അഡോളസന്റ് റീ പ്രൊഡക്ടീവ് ആന്റ് സെക്ഷ്വൽ ഹെൽത്ത് (ARSH).
5. ഡോ. റാണി. കെ. ആർ., സ്റ്റേറ്റ് നോഡൽ ഓഫീസർ, സ്കൂൾ ഹെൽത്ത് പ്രോഗ്രാം.
6. ഡോ. ബി. പ്രതാപൻ, ജോയിന്റ് ഡയറക്ടർ, സാമൂഹ്യക്ഷേമ വകുപ്പ്.
7. ശ്രീമതി ഫിലോമിന, കെ. ജെ., ജോയിന്റ് ഡയറക്ടർ, സാമൂഹ്യക്ഷേമ വകുപ്പ്
8. ശ്രീമതി സി. അംബിക അമ്മ, മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ.

സമിതി 'രാജീവ്ഗാന്ധി സ്കീം ഫോർ എംപവർമെന്റ് ഓഫ് അഡോളസന്റ് ഗേൾസ്' സബല പദ്ധതിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമായി ചർച്ച ചെയ്യുകയും താഴെപ്പറയുന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും രേഖപ്പെടുത്തുകയുമുണ്ടായി.

2010-11 വർഷത്തിൽ ആരംഭിച്ച ഈ കേന്ദ്ര പദ്ധതിയിൽ കേരളത്തിൽ നിന്നും കൊല്ലം, ഇടുക്കി, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. 11 മുതൽ 18 വയസ്സുവരെ പ്രായമുള്ള പെൺകുട്ടികൾക്ക് പോഷക, പോഷകേതര കാര്യങ്ങളിൽ അവബോധം സൃഷ്ടിച്ചുകൊണ്ട് കുട്ടികളുടെ ആരോഗ്യ-പോഷണ നിലവാരം ഉയർത്തിക്കൊണ്ടുവരിക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കുട്ടികളെ ആരോഗ്യം, ശുചിത്വം, പോഷണം, പ്രത്യുല്പാദന-ലൈംഗിക ആരോഗ്യം എന്നീ മേഖലകളിൽ ബോധവൽക്കരണം നൽകുന്നു.

11 മുതൽ 18 വരെ പ്രായമുള്ള പെൺകുട്ടികൾക്ക് ഐ.എഫ്.എ. (അയൺ ഫോളിക് ആസിഡ്) ഗുളികകൾ നൽകുന്നു. അവർക്ക് ആരോഗ്യ പരിശോധന നടത്തി ഹെൽത്ത് കാർഡും റഫറൽ സർവ്വീസും ലഭ്യമാക്കുന്നു. സാമൂഹ്യക്ഷേമ-ആരോഗ്യ-വിദ്യാഭ്യാസ-തൊഴിൽ വകുപ്പുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഏകോപിപ്പിച്ച് നടത്തേണ്ടുന്ന ഈ പദ്ധതിയിൽ കുട്ടികൾക്ക് സ്വയംതൊഴിലിന് സഹായകമായിട്ടുള്ള വൊക്കേഷണൽ ട്രെയിനിംഗ് നൽകുന്നതിനും ലക്ഷ്യമിടുന്നു.

പെൺകുട്ടികൾക്കായി രൂപീകരിച്ചിട്ടുള്ള അഡോളസന്റ് ക്ലബ്ബുകളുമായി ബന്ധപ്പെടുത്തിയാണ് സബലയുടെ പ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. സംസ്ഥാനത്തെ പതിനൊന്നായിരം അംഗൻവാടികൾവഴി പെൺകുട്ടികളെ സംഘടിപ്പിച്ച് 'കിശോരി സമൂഹ്' എന്ന പേരിൽ ഗ്രൂപ്പുകൾ ഉണ്ടാക്കുകയും അവരിൽ നിന്നും സഖി, സഹേലി എന്നിവരെ തെരഞ്ഞെടുത്ത് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയുമാണ് ചെയ്യുന്നത്.

സബല പദ്ധതി ഏകോപിപ്പിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണും ജില്ലാ പ്രോഗ്രാം ഓഫീസർ മെമ്പർ സെക്രട്ടറിയും ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, മെഡിക്കൽ ഓഫീസർ, ലേബർ ഓഫീസർ, ഗവൺമെന്റ് നിർദ്ദേശിക്കുന്ന വിദഗ്ധർ, വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ, അഞ്ച് സി.ഡി.പി.ഒ.മാർ എന്നിവർ അംഗങ്ങളായി മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റിന്റെ മേൽനോട്ടത്തിൽ ഗ്രാമപഞ്ചായത്ത് തലത്തിലുള്ള കമ്മിറ്റിയാണ് പഞ്ചായത്ത് ലെവൽ മോണിറ്ററിംഗ് ആന്റ് സൂപ്പർവൈസിംഗ് കമ്മിറ്റി. അത് കൂടാതെ പഞ്ചായത്ത്-ജില്ലാ-ബ്ലോക്കുതല കമ്മിറ്റികളും സംസ്ഥാന കമ്മിറ്റിയുമുണ്ടെന്ന് സമിതിയുടെ ചോദ്യത്തിന് മറുപടിയായി ഉദ്യോഗസ്ഥർ അറിയിച്ചു.

സബല പദ്ധതി നടപ്പിലാക്കിവരുന്ന നാല് ജില്ലകളും സന്ദർശിച്ച് ബന്ധപ്പെട്ടവരുടെ മീറ്റിംഗ് വിളിച്ചുകൂട്ടി പദ്ധതി വേഗത്തിലും ശരിയായ രീതിയിലും നടത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ഓരോ ഗ്രാമപഞ്ചായത്തിലെയും ബ്ലോക്ക് പഞ്ചായത്തിലെയും പദ്ധതി നടത്തിപ്പിലെ പുരോഗതി സംബന്ധിച്ച പ്രാഥമിക റിപ്പോർട്ട് വാങ്ങുകയും ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചു.

സബല പദ്ധതിയിൽ ആരോഗ്യ വകുപ്പിന്റെ ഇടപെടൽ സംബന്ധിച്ച സമിതിയുടെ ചോദ്യങ്ങൾക്ക് 10 മുതൽ 18 വയസ്സുവരെയുള്ള കുട്ടികളിൽ നല്ലൊരു ശതമാനം കുട്ടികളും സ്കൂളുകളിൽ തന്നെയുണ്ടാകും എന്നുള്ളതുകൊണ്ട് സ്കൂളുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതിനാണ് ആരോഗ്യവകുപ്പ് ലക്ഷ്യമിടുന്നതെന്നും ഇതിനായി ആരോഗ്യ വിദ്യാഭ്യാസ വകുപ്പുകൾ ഏകോപിച്ച് 'സ്ക്കൂൾ ഹെൽത്ത് പ്രോഗ്രാമിന്റെ' നടത്തിപ്പിനായി ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരെ നിയമിച്ച് 'സ്ക്കൂൾ ഹെൽത്ത് പ്രോഗ്രാം' പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും, സ്കൂളിൽ പോകാത്ത കുട്ടികളുടെ കാര്യത്തിൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ നിർദ്ദേശം അനുസരിച്ച് പ്രവർത്തിക്കുന്നതാണെന്നും ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

സ്കൂളിൽ പോകാത്ത കൗമാരപ്രായക്കാരായ കുട്ടികൾക്ക് വേണ്ടിയുള്ള റിസോഴ്സ് സെന്ററായി അംഗൻവാടികളെ മാറ്റേണ്ടതും മോഡലായി 140 നിയോജകമണ്ഡലങ്ങളിലും ഓരോ റിസോഴ്സ് സെന്റർ എന്ന രീതിയിൽ നടപ്പാക്കേണ്ടതും ജില്ലാതലത്തിൽ

ആഴ്ചയിൽ ഒരു ദിവസം നിശ്ചയിച്ച് ഹെൽത്ത് ചെക്കപ്പ് നടത്തേണ്ടതും കുട്ടികൾക്ക് പോഷകാഹാരം വിതരണം ചെയ്യേണ്ടതുമാണെന്ന് സമിതി നിർദ്ദേശിച്ചു.

സബല പദ്ധതിവഴി കണക്കെടുത്തിട്ടുള്ള 172000 കുട്ടികളിൽ 55676 കുട്ടികൾ പോഷകാഹാരക്കുറവുള്ള കുട്ടികളാണെന്നും ഇത് സൂചിപ്പിക്കുന്നത് ആകെ കുട്ടികളിൽ $^1/_3$ കുട്ടികൾ പോഷകാഹാരക്കുറവുള്ള കുട്ടികളാണ് എന്ന് കണ്ടെത്തിയിട്ടുള്ളതായി വിലയിരുത്തിയ സമിതി ന്യൂട്രീഷൻ പ്രോഗ്രാമിന്റെ മോണിറ്ററിംഗിൽ ആരോഗ്യ വകുപ്പിന്റെ സഹകരണം ഉണ്ടാകണമെന്ന് ആവശ്യപ്പെട്ടു.

കൗമാരപ്രായക്കാരായ കുട്ടികൾക്ക് അവശ്യം നൽകിയിരിക്കേണ്ട ഒരു വാക്സിനാണ് 'റൂബല്ല' വാക്സിൻ എന്നും കേരളത്തിന്റെ ഇമ്മ്യൂണൈസേഷൻ ഇൻഡക്സ് 79% ആണെന്നും ശിശുമരണ നിരക്ക് 12-ൽനിന്നും 14 ആയി ഉയർന്നിട്ടുണ്ടെന്നും ഇത് കാണിക്കുന്നത് കേരളത്തിന്റെ ഹെൽത്ത് ഇൻഡക്സ് താഴേയ്ക്ക് പോകുന്നതായാണെന്നും അത് ആരോഗ്യ വകുപ്പിനെ സംബന്ധിച്ചത്തോളം വളരെയധികം പ്രാധാന്യമർഹിക്കുന്ന ഒന്നാണെന്നും ആരോഗ്യ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. അംഗൻവാടികൾ വഴി പ്രതിരോധ കുത്തിവയ്പ്പുകൾ നൽകുന്ന രീതിയിൽ മാറ്റം വരുത്തുകയും പ്രതിരോധ കുത്തിവയ്പുകൾക്കായി ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ നേതൃത്വത്തിൽ വിവിധ സ്ഥലങ്ങളിൽ വച്ച് ക്ലിനിക്കുകൾ നടത്തുന്ന രീതി രോഗ പ്രതിരോധ പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുള്ളതായി അദ്ദേഹം കൂട്ടിച്ചേർത്തു.

കുട്ടികൾക്ക് രോഗപ്രതിരോധ മരുന്നുകൾ നൽകുന്നതിൽ മാതാപിതാക്കൾ കാര്യമായി ശ്രദ്ധിക്കുന്നില്ല എന്ന് അഭിപ്രായപ്പെട്ട സമിതി വീടുകൾ കയറിയിറങ്ങി പ്രതിരോധ കുത്തിവയ്പുകൾ എടുത്തിട്ടില്ലാത്ത കുട്ടികളെ കണ്ടെത്തി മാതാപിതാക്കൾക്ക് വേണ്ടുന്ന മാർഗ്ഗനിർദ്ദേശം നൽകുകയും ഈ വർഷംതന്നെ അവർക്ക് നൽകേണ്ടതായ പ്രതിരോധ കുത്തിവയ്പുകൾ പൂർത്തിയാക്കേണ്ടതാണെന്നും നിർദ്ദേശിച്ചു.

സ്കൂളുകളിൽ കുട്ടികൾക്ക് പ്രീ പ്യൂബർട്ടി കൗൺസിലിംഗ് പുനരാരംഭിക്കേണ്ടതും സ്കൂളുകളെയും അംഗൻവാടികളേയും കേന്ദ്രീകരിച്ച് കൗൺസിലിംഗ് നൽകുന്നതിനായി ഡോക്ടർമാരുടെ സേവനം ലഭ്യമാക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിച്ചു

യൂണിവേഴ്സിറ്റികളിൽ ലൈഫ് സ്കിൽ എഡ്യൂക്കേഷനുവേണ്ടി പ്രത്യേകം സ്റ്റാഫ് ഉണ്ടെന്നും അവരെവച്ച് സ്കുളുകളിലും അംഗൻവാടികളിലും ക്ലാസ്സ് എടുക്കാവുന്നതാണെന്ന് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

കൗമാരപ്രായക്കാരായ കുട്ടികൾക്ക് ക്ലാസ്സ് എടുക്കുന്നത് അംഗൻവാടികളിൽവച്ചാണെന്നും സ്കൂളിൽ പോകുന്നവരും അല്ലാത്തവരുമായ കുട്ടികളെ അംഗൻവാടികളിൽ വിളിച്ചുവരുത്തി ക്ലാസ്സ് നൽകുകയാണെന്നും ഇവിടെ മേൽനോട്ടത്തിനായി ഒരു സുപ്പീരിയർ ഓഫീസർ ഉണ്ടാകുമെന്നും ഇടയ്ക്ക് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്മാരുമുണ്ടാകുമെന്നും സാമൂഹ്യക്ഷേമ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

സബല പദ്ധതി മോണിറ്റർ ചെയ്യുന്നതിനായി നിയോഗിച്ചിട്ടുള്ള സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർക്ക് പരിശീലനം നൽകേണ്ടതും അവരെ കൃത്യമായി ജില്ലകൾ സന്ദർശിച്ച് പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിന് നിർദ്ദേശം നൽകേണ്ടതുമാണെന്ന് സമിതി നിർദ്ദേശിച്ചു.

മലപ്പുറം ജില്ലയിൽ ജനസംഖ്യയ്ക്ക് ആനുപാതികമായി ആശുപത്രികളോ ഡോക്ടർമാരോ അംഗൻവാടികളോ ഇല്ല എന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ജില്ല യിൽ സബല പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ ഡോക്ടർമാരേയും ജെ.പി.എച്ച്.എൻ.-മാരേയും നിയമിക്കേണ്ടതും പദ്ധതി സംബന്ധിച്ച് ജനങ്ങളിൽ ബോധവൽക്കരണം നടത്തേണ്ടതുമാണെന്ന് നിർദ്ദേശിച്ചു.

മലപ്പുറം ജില്ലയിൽ 12000 ആളുകളെ കൈകാര്യം ചെയ്യുന്നത് ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സാണെന്നും ഇത് പരിതാപകരമായ അവസ്ഥയാണെന്നും ഏറ്റവും കൂടുതൽ കുട്ടികൾക്ക് അനീമിയ ബാധിച്ചിട്ടുളളത് മലപ്പുറം ജില്ലയിലാണെന്നും ഉദ്യോഗസ്ഥർ അറിയിച്ചു.

മലപ്പുറം ജില്ലയിൽ സബല പദ്ധതി വിജയകരമായി നടപ്പിലാക്കണമെങ്കിൽ അവിടത്തെ ജനങ്ങളെ വിശ്വാസത്തിൽ എടുക്കണമെന്നും ജനപ്രതിനിധികളേയും ഇതുമായി ബന്ധപ്പെട്ട എല്ലാവരെയും പദ്ധതിയുമായി ബന്ധപ്പെടുത്തിയാൽ ധനസഹായം നൽകുന്നതിനും പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ജനങ്ങൾ നേരിട്ട് നടത്തിത്തരുന്നതാണെന്ന് സമിതി അറിയിച്ചു.

ആരോഗ്യ വകുപ്പിന്റെകീഴിൽ റേഡിയോ സ്റ്റുഡിയോ പ്രവർത്തിക്കുന്നുവെന്നും ആഴ്ചയിൽ നാലുദിവസം അരമണിക്കൂർ വീതം പ്രോഗ്രാം ചെയ്യുന്നുണ്ടെന്നും അതിൽ 15 മിനിറ്റ് പ്രോഗ്രാം സംസ്ഥാന വ്യാപകമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാ ണെന്നും ഇതുവഴി ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് സാധിക്കുമെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

സർക്കാർ പ്രവർത്തനങ്ങൾ കാര്യക്ഷമമാകാത്ത സ്ഥലങ്ങളിൽ പദ്ധതി നടത്തിപ്പി നായി സ്വകാര്യ ഡോക്ടർമാരുടെ സേവനം തേടാവുന്നതാണെന്നും കമ്മ്യൂണിറ്റി മെഡിസിൻ സിസ്റ്റം കാര്യക്ഷമമാക്കേണ്ടതാണെന്നും സമിതി ആവശ്യപ്പെട്ടു.

സമിതിയുടെ നിഷ് സന്ദർശനവുമായി ബന്ധപ്പെട്ട് നിഷ് സന്ദർശനത്തിൽ നിന്നും മനസ്സിലാക്കുന്ന ഒരു വസ്തുത 280-ൽപ്പരം ബധിരരും മൂകരുമായ കുട്ടികൾ പഠിക്കുന്ന സ്ഥാപനത്തിൽ ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാ എന്നതും നിഷിലേക്കുള്ള റോഡിന്റെ ശോച്യാവസ്ഥയും വലിയൊരു പോരായ്മയായി സമിതി വിലയിരുത്തുകയുണ്ടായി. ബധിരരായ കുട്ടികൾ പുറത്ത് പേയിംഗ് ഗസ്റ്റായും വാടക വീടുകളിലും താമസിക്കുന്നത് സുരക്ഷിതമല്ലെന്ന് അഭിപ്രായപ്പെട്ട സമിതി അടുത്ത ബഡ്ജറ്റിൽ ഹോസ്റ്റൽ നിർമ്മിക്കുന്നതിന് തുക വകയിരുത്തുന്നതിനായി പ്രൊപ്പോസൽ സമർപ്പിക്കാൻ വകുപ്പിനോടാവശ്യപ്പെട്ടു.

ഉച്ചയ്ക്കുശേഷം ഒരുമണിക്ക് സമിതി യോഗം പിരിഞ്ഞു.

## അനുബന്ധം VIII

## 2012 മാർച്ച് 19-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII 2012 മാർച്ച് 19-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V D കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയുമായ ഡോ. എം. കെ. മുനീറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ് ഒഫീഷ്യോ അംഗവും പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയുമായ ശ്രീ. എ. പി. അനിൽ കുമാറും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു.

1. ശ്രീ. അൻവർ സാദത്ത് എം.എൽ.എ.
2. ശ്രീ. കെ. എൻ. എ. ഖാദർ ,,
3. ശ്രീ. റ്റി. യു. കുരുവിള ,,
4. ശ്രീ. പുരുഷൻ കടലുണ്ടി. ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി എൽ. യമുനകുമാരി, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി എ. ഷൈല, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. എസ്. സുബ്ബയ്യ, പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്.
2. ശ്രീ. കെ. എം. എബ്രഹാം, പ്രിൻസിപ്പൽ സെക്രട്ടറി, സാമൂഹ്യക്ഷേമ വകുപ്പ്.
3. ശ്രീ. സി. കെ. പത്മാകരൻ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.
4. ശ്രീ. എം. എ. ഫ്രാൻസിസ്, അഡീഷണൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്.
5. ശ്രീമതി സി. രമണി, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്.
6. ശ്രീ. വി. എസ്. ഗോവിന്ദൻ നമ്പൂതിരി, അഡീഷണൽ സെക്രട്ടറി, സാമൂഹ്യക്ഷേമ വകുപ്പ്.
7. ശ്രീ. കെ. മധുസൂദനൻ, ജോയിന്റ് സെക്രട്ടറി നിയമവകുപ്പ്.
8. ഡോ. പി. പ്രതാപൻ, അഡീഷണൽ ഡയറക്ടർ ഒഫ് സോഷ്യൽ വെൽഫെയർ (ഇൻ-ചാർജ്)

9. ശ്രീമതി ഫിലോമിന, കെ. ജെ., ജോയിന്റ് ഡയറക്ടർ ഓഫ് സോഷ്യൽ വെൽഫെയർ.

10. ശ്രീമതി ഇ. അംബിക അമ്മ, മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ.

കരട് ചട്ടം, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ റിപ്പോർട്ടുകളിലെ സമിതിയുടെ ശുപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ എന്നിവ സമിതി താഴെപ്പറയുംപ്രകാരം പരിഗണനയ്ക്കെടുത്തു.

I. <u>കരട് ചട്ടം</u> :

"പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ-സ്പെഷ്യൽ റൂൾസ്" കരട് ചട്ടം.

പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ കമ്പനിയായതിനാൽ ആർട്ടിക്കിൾസ് ഓഫ് അസ്സോസിയേഷൻ അനുസരിച്ച് അവരുണ്ടാക്കുന്ന ചട്ടം ഗവൺമെന്റ് അംഗീകരിച്ചാൽ മതിയാകുമെന്നും സബ്ജക്ട് കമ്മിറ്റി പരിഗണിക്കേണ്ട ആവശ്യമില്ലാ എന്നും നിയമവകുപ്പ് അറിയിച്ചു.

8-9-2010-ലെ പ്ലാനിംഗ് ആന്റ് എക്കണോമിക്സ് അഫയേഴ്സ് ഡിപ്പാർട്ട്മെന്റ് പുറപ്പെടുവിച്ച സർക്കുലറിൽ 'The Administrative Department then sent the draft special rules to the Concerned Subject Committee Kerala Legislature for consideration' എന്ന പ്ലാനിംഗ് കമ്മീഷന്റെ നിർദ്ദേശത്തിന്റെ വെളിച്ചത്തിലാണ് ചട്ടം സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളതെന്ന് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

കമ്പനികളുടെ റൂളുകൾ സബ്ജക്ട് കമ്മിറ്റി പരിശോധിക്കുകയോ നിയമവകുപ്പ് വെറ്റ് ചെയ്യുകയോ ചെയ്യേണ്ട ആവശ്യമില്ലാ എന്നും ഇതു സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനമെടുത്ത് നടപ്പാക്കുകയാണ് ചെയ്യേണ്ടതെന്നും സ്റ്റാറ്റ്യൂട്ടിന്റെകീഴിൽ വരുന്ന കരട് ചട്ടം മാത്രമേ നിയമവകുപ്പും ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയും പരിശോധിക്കേണ്ടതുള്ളൂവെന്നുമുള്ള നിയമവകുപ്പിന്റെ നിർദ്ദേശത്തെത്തുടർന്ന് പ്രസ്തുത കരട് ചട്ടം ഗവൺമെന്റ് തലത്തിൽ പരിശോധിക്കുന്നതിനും ചട്ടം പുറപ്പെടുവിക്കുന്നതിനുമായി വകുപ്പിലേക്ക് തിരിച്ചയയ്ക്കുന്നതിനും സമിതി തീരുമാനിച്ചു.

II. <u>ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി സമിതി അംഗീകരിച്ചു.</u>

1. 2007-2008-ലെ രണ്ടാമത് റിപ്പോർട്ട്,
   ശുപാർശ നമ്പർ 90, 92.

2. 2009-2010-ലെ നാലാമത് റിപ്പോർട്ട്,
   ശുപാർശ നമ്പർ 146, 147, 161, 162.

3. 2010-2011-ലെ അഞ്ചാമത് റിപ്പോർട്ട്,
   ശുപാർശ നമ്പർ 94, 101, 118, 119, 126, 127.

സമിതി സ്റ്റാറ്റ്യൂട്ടറി വിമൻസ് കമ്മീഷന്റെ (കേരള സംസ്ഥാന വനിതാ കമ്മീഷൻ) പ്രവർത്തനങ്ങളെക്കുറിച്ച് താഴെപ്പറയുംപ്രകാരം ചർച്ച നടത്തി.

സംസ്ഥാനത്തെ നാലാമത്തെ വനിതാ കമ്മീഷനാണ് ജസ്റ്റിസ് ശ്രീദേവിയുടെ അദ്ധ്യക്ഷതയിൽ നിലവിലുണ്ടായിരുന്നതെന്നും ഇതിൽ ശ്രീമതിമാർ നൂർബീന, പി. കെ. സൈനബ, ദേവി, രുക്മിണി തുടങ്ങി അഞ്ചുപേർ അംഗങ്ങളും ഗവൺമെന്റിൽ നിന്നുള്ള അഡീഷണൽ സെക്രട്ടറി കമ്മീഷന്റെ മെമ്പർ സെക്രട്ടറിയുമാണ്.

നാഷണൽ വിമെൻസ് കമ്മീഷൻ ആക്ട് പ്രകാരമാണ് സംസ്ഥാന വിമൻസ് കമ്മീഷന്റെയും പ്രവർത്തനങ്ങൾ നടക്കുന്നതെന്നും ഇന്ത്യയിലെ എല്ലാ വനിതാ കമ്മീഷനുകളും ഒരേ രീതിയിലാണ് സ്ഥാപിതമായിട്ടുള്ളതെന്നും മെമ്പർ സെക്രട്ടറി സമിതിയെ അറിയിച്ചു.

കേരളത്തിലെ സ്ത്രീകൾക്കെതിരെ ഉണ്ടാകുന്ന നീതിരഹിതവും വിവേചനപരവുമായ നടപടികളിൽ ഗവൺമെന്റിന്റെ ഇടപെടൽ അപര്യാപ്തമാണെന്ന് തോന്നുന്ന സാഹചര്യങ്ങളിൽ അത്തരം കാര്യങ്ങളിൽ ഇടപെടുകയും അത് സംബന്ധിച്ച് അന്വേഷണം നടത്തുകയും ഗവൺമെന്റിന് ആവശ്യമായ നിർദ്ദേശം നൽകുകയോ അല്ലെങ്കിൽ പൊതുവായ നിർദ്ദേശങ്ങൾ നൽകുന്നതിനോവേണ്ടി രൂപീകൃതമായിട്ടുള്ള ഒരു ഭരണഘടനാ സ്ഥാപനമാണ് കേരള വനിതാ കമ്മീഷൻ.

വനിതാ കമ്മീഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകവഴി ഇന്ന് കാണുന്ന സ്ത്രീവിരുദ്ധമായ നിരവധി പ്രശ്നങ്ങൾക്ക് പരിഹാരമാകുന്നതാണെന്ന് അഭിപ്രായപ്പെട്ട സമിതി ജാഗ്രതാ സമിതിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ താഴെത്തട്ടിലുള്ള സ്ത്രീകൾക്കിടയിൽ ഇന്ന് നിലനിൽക്കുന്ന അരക്ഷിതാവസ്ഥയ്ക്ക് പരിഹാരമാകുമെന്നതിനാൽ വനിതാ കമ്മീഷൻ അതിന്റെ അധികാരം ഉപയോഗിച്ച് ഇത്തരം സമിതികൾ പുനരുജ്ജീവിപ്പിക്കേണ്ടതും അവയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കേണ്ടതുമാണെന്ന് നിർദ്ദേശിച്ചു.

കോടതി നിർദ്ദേശപ്രകാരം കമ്മീഷൻ നടത്തുന്ന DNA Test-കളിൽ റിസൾട്ട് കോടതിക്ക് കൈമാറിക്കഴിഞ്ഞാൽ കമ്മീഷൻ ആ വിഷയത്തിൽ ശ്രദ്ധിക്കുന്നില്ലാ എന്ന് വിലയിരുത്തിയ സമിതി ഇപ്പോൾ നിലനിൽക്കുന്ന രീതിയിൽ മാറ്റം വരേണ്ടതാണെന്നും പ്രസ്തുത റിസൾട്ടിന്മേൽ കോടതി കൽപ്പിക്കുന്ന തീർപ്പുകൾ കമ്മീഷൻ നിരീക്ഷിക്കേണ്ടതും കമ്മീഷൻ നൽകിയ റിസൾട്ട് അനുസരിച്ചുള്ള തീർപ്പാണോ കോടതിയിൽ നിന്നും വരുന്നതെന്ന് ഉറപ്പാക്കേണ്ടതുമാണെന്ന് സമിതി ആവശ്യപ്പെട്ടു.

വനിതാ കമ്മീഷന്റെ പ്രവർത്തനം അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾക്ക് അനുസരിച്ചല്ല നടക്കുന്നതെന്ന് അഭിപ്രായപ്പെട്ട സമിതി കമ്മീഷന്റെ പ്രവർത്തനങ്ങൾ പലപ്പോഴും സ്ത്രീവിരുദ്ധമായി മാറുന്നതായി വിലയിരുത്തി.

മനുഷ്യാവകാശ ധ്വംസനം നടക്കുന്ന മിക്കവാറും കേസുകളിൽ മനുഷ്യാവകാശ കമ്മീഷൻ നേരിട്ട് ഇടപെടുന്ന അവസ്ഥ നിലനിൽക്കുന്നതായും എന്നാൽ സ്ത്രീപീഡനങ്ങളും മറ്റും നിരന്തരം റിപ്പോർട്ട് ചെയ്യപ്പെടുന്ന സംസ്ഥാനത്ത് വനിതാ കമ്മീഷൻ നേരിട്ട് യാതൊരു ഇടപെടലും നടത്തുന്നില്ലെന്ന് സമിതി നിരീക്ഷിച്ചു.

പീഡനത്തിനിരയായ പെൺകുട്ടികളെ താമസിപ്പിച്ചിരിക്കുന്ന ഗേൾസ് ഹോമുകളിലെ സുരക്ഷിതത്വമില്ലായ്മ സമിതി ചർച്ച ചെയ്യുകയും ഏത് നിമിഷവും ആക്രമിക്കപ്പെടാൻ ഇടയുള്ള ഇത്തരക്കാരെ പാർപ്പിക്കുന്ന ഗേൾസ് ഹോമുകളിലെ സുരക്ഷിതത്വം കമ്മീഷൻ ഉറപ്പാക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിച്ചു.

സ്ത്രീ സംരക്ഷണത്തിനായി രൂപീകൃതമായ വനിതാ കമ്മീഷന്റെ പ്രവർത്തന മേഖലകളായ—

- അദാലത്തുകൾ സംഘടിപ്പിക്കുക.
- വിവിധ വിഷയങ്ങളിൽ സെമിനാറുകൾ നടത്തുക.
- കലാലയജ്യോതി പദ്ധതി നടപ്പിലാക്കുക.
- സ്ത്രീകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് ഗവേഷണ പഠനങ്ങൾ നടത്തുക.
- സൗജന്യ നിയമസഹായം നൽകുക.
- ഷോർട്ട് സ്റ്റേഹോമുകൾ
- അടിയന്തര സഹായ പദ്ധതി
- ജാഗ്രതാസമിതികളുടെ ശാക്തീകരണം
- മീഡിയാ മോണിറ്ററിംഗ് സെൽ
- പ്രസിദ്ധീകരണങ്ങൾ, ലൈബ്രറി പരസ്യങ്ങൾ
- പ്രവാസി സെൽ

- പത്രങ്ങളിൽക്കൂടിയുള്ള ബോധവൽക്കരണം, തുടങ്ങി കമ്മീഷന്റെ പരിധിയിൽ വരുന്ന സമസ്ത മേഖലകളിലേയും പ്രവർത്തനങ്ങൾ പിന്നോക്കം പോയിട്ടുള്ള സാഹചര്യത്തിൽ പുതുതായി രൂപീകരിക്കുന്ന കമ്മീഷനെ അതിന്റെ തുടക്കത്തിൽത്തന്നെ സമിതി മുമ്പാകെ വിളിച്ചുവരുത്തി കമ്മീഷന്റെ പ്രവർത്തനങ്ങളിൽ സർക്കാരിനുള്ള പ്രതീക്ഷകളും കമ്മീഷന്റെ ഉത്തരവാദിത്തങ്ങളും അവരെ ബോദ്ധ്യപ്പെടുത്തേണ്ടതും അഞ്ചോ ആറോ മേഖലകളിൽ പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ച് അതിന്റെ റിസൾട്ട് മോണിട്ടർ ചെയ്ത് ഗവൺമെന്റിനെ അറിയിക്കേണ്ടതും തുടർന്ന് കമ്മീഷനെ അതിന്റെ യഥാർത്ഥ അർത്ഥത്തിലും സ്ത്രീകൾക്ക് അത്താണിയാകുന്ന രീതിയിലും പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നതിന് നിർദ്ദേശം നൽകേണ്ടതുമാണെന്ന് സമിതി തീരുമാനിച്ചു.

ഉച്ചയ്ക്കുശേഷം 3.15-ന് സമിതി യോഗം പിരിഞ്ഞു.

---